# മാനന്തവാടി രൂപത

Vol. 15 / Issue 10
October 2024

"For their sake I consecrate myself , that they also may be consecrated in truth" (John 17:19)



# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

**"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)**


**Printed, Published and Edited by
Fr. Thankachan alias Joseph Paruvummel, Published from Bishop's House
Manathavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady
Printed at St. Joseph's Offset Press, Mananthavady 670645**

**വാല്യം 15 ഒക്ടോബർ 2024 ലക്കം 10**

| ഒറ്റപ്രതി 10 രൂപ | വാർഷിക വരിസംഖ്യ 120 രൂപ |
|---|---|

# ഉള്ളടക്കം


പരിശുദ്ധപിതാവിന്റെ സന്ദേശം .................... 5
രൂപതാ കച്ചേരി വാർത്തകൾ.................... 14
വൈദിക സമിതിയോഗം റിപ്പോർട്ട് .................... 17
മതബോധനരംഗം.................... 19
ചെറുപുഷ്പ മിഷൻലീഗ്.................... 23
തിരുബാലസഖ്യം .................... 31
Department of Youth Ministry.................... 32
കെ.സി.വൈ.എം.................... 37
കെ.സി.ബി.സി. മദ്യവിരുദ്ധ സമിതി.................... 45
കുടുംബപ്രേഷിതത്വം.................... 47
സീയോൻ വാർത്തകൾ .................... 58
സാമൂഹ്യ സേവനരംഗം (WSSS).................... 59
ജീവസ് & കെ.എൽ.എം .................... 65
നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി.................... 68
കത്തോലിക്കാ കോൺഗ്രസ്സ് .................... 73
ബയോവിൻ അഗ്രോ റിസർച്ച്.................... 81
റേഡിയോ മാറ്റൊലി .................... 84
Mary Matha Arts & Science College.................... 87
കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി .................... 89
ഫെഡാർ ഫൗണ്ടേഷൻ.................... 96
ബിഷപ്സ് പ്രോഗ്രാം.................... 97

No. 4045/K-5/KCBC/OL/DS

## പരിശുദ്ധ പിതാവ് ഫ്രാൻസീസ് പാപ്പാ
## 2024-ലെ ലോകപ്രേഷിതദിനത്തിൽ നൽകുന്ന സന്ദേശം
## (ഒക്ടോബർ 20, 2024)

''പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ''
(മത്താ. 22:9 കാണുക)

പ്രിയ സഹോദരീ സഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22:1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു. ''അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹ വിരുന്നിനു ക്ഷണിക്കുവിൻ'' (വാ.9) ഉപമയുടെയും യേശുവിന്റെ തന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും, അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, ''കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതദൗത്യം'' എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമ ദൗത്യത്തിനു പുനഃരൂന്നൽ കൊടുക്കാനാണ് ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

**1. ''പോയി ക്ഷണിക്കുവിൻ'': കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.**

രാജാവ് തന്റെ സേവകരോട് കൽപ്പിച്ച രണ്ടു വാക്കുകൾ പ്രേഷിത ദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: ''പുറത്തേക്കു പോകുക,'' ''ക്ഷണിക്കുക'' എന്നീ രണ്ട് ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയയ്ക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (വാ. 3-4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീപുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടുന്നുമായി സംസർഗ്ഗത്തിൽ ആയിരിക്കുന്നതിനുവേണ്ടിയാണ്. അത് അക്ഷീണമായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങിപുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശവാഹകനുമായ യേശുക്രിസ്തു ഇസ്രായേൽ ജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടുന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപോലും അന്വേഷിച്ചു കണ്ടെത്താൻ (യോഹ.10:16 കാണുക). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, ''പോകുവിൻ''; അങ്ങനെ അവിടുന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തത പുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തികൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർത്തിച്ചാവർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും; പ്രതിസന്ധികളുടെയും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാതെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കു പോയി സദ്‌വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, 'നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യപ്പെടുത്തുവിൻ' (മത്താ 10:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പ്പിച്ച ജനതകളോടുള്ള (Ad Gentes) പ്രേഷിത ദൗത്യത്തോടുള്ള പ്രതിജ്ഞാബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർപ്പണം. ഭൂമിയുടെ

അതിർത്തികൾവരെ സുവിശേഷവൽക്കരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിത ദൈവവിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർത്ഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യം നൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിതദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ ''നാൽകവലകളി''ലേക്ക് കടന്നുചെല്ലാനാവും. ''സഭയിൽ ഇന്നു നടക്കുന്ന യാഥാർഥ്യം യേശു ഉള്ളിൽനിന്ന് നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു 'തടവറ സൃഷ്ടിക്കുന്ന' സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം 'നമ്മുടേതാക്കി മാത്രം' സൂക്ഷിക്കുന്നു. യഥാർത്ഥത്തിൽ അവിടുന്ന് ഒരു ദൗത്യവുമായാണ് വന്നത്; ''നാമെല്ലാവരും പ്രേഷിതസത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു'' (അല്മായർക്കും കുടുംബങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളനത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം, ഫെബ്രുവരി 18, 2023). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടും വിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങി പുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് ''പോകാൻ'' മാത്രമായിരുന്നില്ല; മറിച്ച്, ''ക്ഷണിക്കാനും'' ആയിരുന്നു. ''വിവാഹവിരുന്നിനു വരുക'' (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പ്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരു വശം കാണാനാകും. അതായത്, നമുക്ക് സങ്കൽപ്പിക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം വലിയ ആദരവോടും ദയയോടുംകൂടിയും. അതേ രീതിയിൽ തന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യംപേറുന്നവർ തങ്ങൾ പ്രഘോഷിക്കുന്ന ആളിന്റെ

''ശൈലി'' നിശ്ചയമായും അനുകരിക്കേണ്ടതാണ്. ''മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തുവിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം'' (സുവിശേഷത്തിന്റെ സന്തോഷം, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ. 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റ പ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പം കൊണ്ടും അനുകമ്പകൊണ്ടും ആർദ്രത കൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലനമായി മാറും.

**2. ''വിവാഹാഘോഷത്തിലേക്ക്'': ക്രിസ്തുവിന്റെയും സഭയുടെയും ഭൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.**

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ. 10:10 കാണുക); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയ വീഞ്ഞിന്റെയും മേശ ഒരുക്കുകയും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ.25:68 കാണുക).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, ''സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു'' (മർക്കോ.1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിതപരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: ''ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും... ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ്

പ്രേഷിതവൃത്തിയുടെ കാലം സ്ഥിതി ചെയ്യുന്നത്. അതിനാൽ, ''ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടണം'' (മർക്കോ 10:10 കാണുക) (പ്രേഷിത പ്രവർത്തനം (Ad Gentes), 9).

ആദിമ ക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, ''കർത്താവ് അടുത്തെത്തിയിരിക്കുന്നു'' എന്ന് അറിയുന്നവരുടെ സന്തോഷത്തോടുകൂടി സുവിശേഷവൽകരണ പ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർത്ഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ ''വിരുന്നുകൾ'' വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താവിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണ ദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യ വിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതുപോലെ: ''ഓരോ ദിവ്യ പൂജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യവിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 25:6-8 കാണുക) അന്ത്യദിനത്തിലെ

അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയനിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്'' (സ്നേഹത്തിന്റെ കൂദാശ [Sacramentum Caritatis], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപ്പണത്തിലും വളരെ ശക്തമാംവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെ പ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചുപറയുന്നു: ''പ്രേഷിതദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (സ്നേഹത്തിന്റെ കൂദാശ, 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശിക സഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ദിവ്യകാരുണ്യ നവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർ ജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടെകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, ''കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!''

2025 ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാർപ്പണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവൽകരണ ദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മറ്റ് ആരാധനക്രമാഘോഷങ്ങളിലും, ''അങ്ങയുടെ രാജ്യം വരേണമേ'' എന്ന അപേക്ഷയുള്ള ''സ്വർഗസ്ഥനായ പിതാവേ'' എന്ന പ്രാർത്ഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവി

തത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കും വേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

**3. ''എല്ലാവരോടും'' പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിത ദൗത്യം**

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: ''എല്ലാവരും''. ഞാൻ ഊന്നിപ്പറഞ്ഞതുപോലെ, ''ഇതാണ് പ്രേഷിത ദൗത്യത്തിന്റെ ഹൃദയഭാഗം:'' 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിത ദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ'' (പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതു സമ്മേളനത്തിനു നൽകിയ പ്രഭാഷണം (Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ഛിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. ''എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്'' (1 തിമോ 2:4) നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: ''പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി നാം കാണപ്പെടണം'' (സുവിശേഷത്തിന്റെ സന്തോഷം, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യ, സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹ വിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകർ ''ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ

കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടി'' (മത്താ 22:10) എന്തിനു പറയണം, ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും (ലൂക്ക 14:21), ചുരുക്കത്തിൽ നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽകരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥിക ളായി മാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹ വിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. ''എന്തെന്നാൽ, അവ നിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാ പിക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു'' (യോഹ 3:16). രൂപാന്തരപ്പെടു ത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേ രാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെ യും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാന ത്തോട് ഒരാൾ ''അതെ'' എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനു വദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും ''വിവാഹവസ്ത്രം'' (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കും വേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെ യും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവു മായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാ ത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ, സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭ കളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതി നേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെ യും പാത പിന്തുടർന്നുകൊണ്ട് പൊന്തിഫിക്കൽ പ്രേഷിത സം ഘങ്ങളുടെ (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴു വനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. ''പേപ്പൽ പ്രേഷിത പ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലി ക്കർക്ക് അവരുടെ ബാല്യംമുതൽ സാക്ഷാൽ സാർവത്രികവും പ്രേ ഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനു കൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനു വേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്ന'' (പ്രേഷിതപ്രവർത്തനം [Ad Gentes), 38) മാർഗങ്ങളാണ് ഈ പ്രേഷിത

സംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിതദിനത്തിൽ എല്ലാ പ്രാദേശിക സഭകളിലും നടത്തുന്ന ധനശേഖരണം പൂർണ മായും ആഗോള ഐക്യദാർഢ്യത്തിനു വേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് വിശ്വാസപ്രചാരണ പൊന്തി ഫിക്കൽ സംഘം (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിത പ്രവർത്ത നത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ വർധിതമായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യ ണമെന്ന് നമുക്ക് പ്രാർത്ഥിക്കാം. (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതുസമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം (Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops), Oct. 23, 2023)

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവി രുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അത്ഭുതം പ്രവർത്തി ക്കാൻ അഭ്യർഥിച്ച മറിയത്തിലേക്കു (യോഹ 2:1-12 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാന കാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹ വിരുന്നിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽക്കരണ ദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജ മായ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തിലും നിന്ന് ശക്തി സംഭരിച്ചുകൊണ്ട് (സുവിശേഷത്തിന്റെ സന്തോഷം, 288 കാണുക.) നമ്മുടെ രക്ഷ കനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങി പുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷവത്ക്കരണ താരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽ വച്ച് വിശുദ്ധ പൗലോസ് അപ്പോസ്തോലന്റെ മാനസാന്തര തിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

കേരള കത്തോലിക്കാ സഭയുടെ ആസ്ഥാന കാര്യലയം പി.ഒ.സി. കൊച്ചി - 682 025

# രൂപതാകച്ചേരി വാർത്തകൾ

**1. സ്നേഹസ്മരണ**

ഒക്ടോബർ 26-ാം തീയതി ബഹു. ജേക്കബ് നെടുമ്പള്ളിയച്ച ന്റെയും, നവംബർ 3-ാം തീയതി ബഹു. തോമസ് മൂലക്കുന്നേ ലച്ചന്റെയും ചരമദിനങ്ങളാണ്. പ്രസ്തുത അച്ചന്മാരെ പ്രാർത്ഥന കളിലും വി. ബലികളിലും ജപമാലമാസം നമുക്കോർമ്മിക്കാം.

**2. ജപമാല മാസം**

ജപമാല ഭക്തിയിലൂടെ ആദ്ധ്യാത്മികതയിൽ വളരുവാനും പരി.അമ്മയുടെ മാധ്യസ്ഥ്യം തേടുവാനുമുള്ള അവസരമാണല്ലോ ഒക്ടോബർ മാസം. ചില സ്ഥലങ്ങളിൽ 10 ദിവസവും മറ്റ് ചില സ്ഥലങ്ങളിൽ 30 ദിവസവും ആഘോഷമായ ജപമാല ചൊല്ലി ക്കൊണ്ട് മാതാവിലൂടെ ഈശോയിലേയ്ക്ക് വളരുവാനുള്ള പരി ശ്രമങ്ങൾ നടത്തുന്നത് ശ്ലാഘനീയമാണ്. മാതാവിനോടുള്ള ഭക്തി യിൽ വളരാൻ ഈ ജപമാല മാസത്തിൽ നമുക്ക് പ്രത്യേകം പരി ശ്രമിക്കാം.

**3. പാസ്റ്ററൽ കൗൺസിൽ: ഒക്ടോബർ 12**

നമ്മുടെ രൂപതയുടെ നിലവിലെ പാസ്റ്ററൽ കൗൺസിലി ന്റെ അവസാന സമ്മേളനം 2024 ഒക്ടോബർ 12 ശനിയാഴ്ച രാവിലെ 10:30 മണി മുതൽ ഉച്ചകഴിഞ്ഞു 1 മണിവരെ ദ്വാരക കോർപ്പ റേറ്റ് ഓഡിറ്റോറിയത്തിൽ ചേരുന്നതാണ്. ഏതെങ്കിലും കാരണ വശാൽ ക്ഷണക്കത്ത് ലഭിക്കാതെ വന്നാൽ ഇത് അറിയിപ്പായി സ്വീകരിച്ച് സമ്മേളനത്തിൽ സംബന്ധിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

**4. മിഷൻ ഞായർ: ഒക്ടോബർ 20**

ഒക്ടോബർ മാസം 20-ാം തീയതിയാണ് മിഷൻ ഞായറായി ആചരിക്കുന്നത്. ഭൂമിയുടെ അതിർത്തികൾവരെ കർത്താവിന് സാക്ഷികളാകുവാനുള്ള നമ്മുടെ കർത്തവ്യബോധം ശക്തിപ്പെടു വാനും പ്രത്യേക പ്രാർത്ഥനയിലൂടെയും ഇതര പ്രവർത്തനങ്ങളി

ലൂടെയും സജീവ മിഷനറിമാരെയും മിഷൻ പ്രവർത്തനങ്ങ ളെയും ശക്തിപ്പെടുത്തുവാനുമുള്ള ഒരവസരമാകണം മിഷൻ ഞായർ ആചരണവും ആഘോഷവും. ഈ അവസരത്തിൽ മിഷൻരംഗങ്ങളിൽ ത്യാഗപൂർവ്വം ശുശ്രൂഷ ചെയ്യുന്ന എല്ലാ വരെയും അനുസ്മരിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കു കയും ചെയ്യാം. മിഷൻ പിരിവിന്റെ 25 ശതമാനം ചെറുപുഷ്പ മിഷൻ ലീഗിന്റെ രൂപതാ പ്രവർത്തനങ്ങൾക്കും 15 ശതമാനം മേഖലാ പ്രവർത്തനങ്ങൾക്കും ആയിട്ടാണ് എല്ലാവർഷവും നമ്മൾ നൽകിക്കൊണ്ടിരിക്കുന്നത്. ഈ വർഷവും രൂപതാ പ്രവർത്തനങ്ങൾക്കായി ആ തുക മിഷൻ ലീഗിന്റെ ഓഫീസിൽ ഏൽപ്പിക്കുമല്ലോ.

**5. അഭിനന്ദനങ്ങൾ**

ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡിനർഹമായ ബഹു. ജോസഫ് ചിറ്റൂർ അച്ചന് മാനന്തവാടി രൂപതാ കൂട്ടായ്മയുടെ അഭിനന്ദനങ്ങൾ. ചെറുപുഷ്പ മിഷൻലീഗ് കേരള സംസ്ഥാന സമിതി നൽകിവരുന്ന മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ. ജോസഫ് മാലിപ്പറമ്പിൽ അവാർഡാണിത്. ബഹു. ചിറ്റൂർ അച്ച ന്റെ മിഷൻ പ്രദേശത്തുള്ള സേവനങ്ങളും ദൈവവിളി രംഗത്തുള്ള സംഭാവനകളും സാമൂഹ്യ സേവന പ്രവർത്തനങ്ങളും വിലയിരു ത്തിയാണ് അവാർഡിനായി തിരഞ്ഞെടുത്തത്. ഇപ്പോൾ ബഹു. ചിറ്റൂരച്ചൻ വിയാനി ഭവനിൽ വിശ്രമ ജീവിതം നയിച്ചുവരുക യാണ്.

**6. ചൂരൽമല-മുണ്ടക്കൈ ദുരിതാശ്വാസ പ്രവർത്തന റിപ്പോർട്ട്**

ചൂരൽമല-മുണ്ടക്കൈ ദുരിതാശ്വാസ നിധിയിലേക്ക് മാനന്ത വാടി രൂപതയിലെ 110 ഇടവകകളിൽ നിന്നുമായി 1,33,30,880 രൂപ യും മറ്റു രൂപതകളിലെ ഇടവകകളിൽ നിന്നും 22,88,500 രൂപയും മറ്റൊരു രൂപതയിൽ നിന്നും 300000 രൂപയും വിവിധ സ്ഥാപനങ്ങ ളിൽ നിന്നും 37,71,500 രൂപയും വ്യക്തികളുടെ സംഭാവനയായി 38,06,298 രൂപയുമാണ് ലഭിച്ചത്. അങ്ങനെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അക്കൗണ്ടിൽ നാളിതുവരെ 2,34,97,178 രൂപ ലഭിച്ചു.

കാരിത്താസ് ഇന്ത്യയുടെയും സീഡ്സ് എന്ന ഏജൻസിയുടെയും സഹായത്തോടെ വയനാട്ടിലുള്ള സഭയുടെ സന്നദ്ധ സംഘടനകളായ WSSSഉം ശ്രേയസും ജീവനയും സംയുക്തമായി 950 കുടുംബങ്ങൾക്ക് 9500 രൂപ വച്ച് അക്കൗണ്ടിൽ നൽകുകയും അത്രയും കുടുംബങ്ങൾക്ക് 10000 രൂപയുടെ NFI - WaSH കിറ്റ് നൽകുകയും ചെയ്തു. ചൂരൽമലയിലെ 05 കുടുംബങ്ങൾക്ക് 50000 രൂപയുടെ ഗൃഹോപകരണങ്ങൾ നൽകി. Siemens കമ്പനിയുമായി സഹകരിച്ച് 900 കുടുംബങ്ങൾക്ക് കിറ്റൊന്നിന് 750 രൂപയുടെ Hygiene Kit നൽകി. വിവിധ സംഘടനകളുടെ സഹായത്തോടെ 500 കുടുംബങ്ങൾക്ക് കിറ്റൊന്നിന് 2500 രൂപ വിലവരുന്ന ഭക്ഷണ, വസ്ത്ര കിറ്റുകൾ നൽകി. 250 കുടുംബങ്ങൾക്ക് ഓണകിറ്റുകൾ നൽകി. എല്ലാ വിധത്തിലും സഹകരിച്ചുകൊണ്ടിരിക്കുന്ന നിങ്ങൾക്കോരോരുത്തർക്കും ഹൃദ്യമായ നന്ദി അറിയിക്കുന്നു.

**മാർ അലക്സ് താരാമംഗലം**
സഹായമെത്രാൻ

# വൈദിക സമിതിയോഗം - റിപ്പോർട്ട്

മാനന്തവാടി രൂപതാ വൈദിക സമിതിയുടെ ഒരു യോഗം 18 -09-2024 നു ബിഷപ്സ് ഹൗസിൽ വെച്ച് ചേരുകയുണ്ടായി. ബഹു. ആൽബിൻ വളയത്തിൽ അച്ചൻ നയിച്ച പ്രാർത്ഥനയോടെ സമ്മേളനം ആരംഭിച്ചു. എല്ലാവരെയും സ്വാഗതം ചെയ്തുകൊണ്ട് രൂപതാ സഹായ മെത്രാൻ മാർ അലക്സ് താരാമംഗലം പിതാവ് സംസാരിച്ചു. 2025 ജൂബിലി വർഷത്തിൽ ഈശോയുടെ വരവിനെ ആഘോഷിച്ചുകൊണ്ട് എപ്രകാരം കർമ്മ നിരതരാകാൻ സാധിക്കും എന്ന് ചിന്തിക്കേണ്ട സമയമാണെന്ന് സ്വാഗത വേളയിൽ അഭിവന്ദ്യ പിതാവ് പറഞ്ഞു. തുടർന്ന് വിവിധ അജണ്ടകൾ ചർച്ചകൾക്കെടുക്കുകയും അതേതുടർന്ന് തീരുമാനങ്ങൾ എടുക്കുകയും ചെയ്തു.

**ചർച്ചകൾ, തീരുമാനങ്ങൾ**

A. ചൂരൽമല ദുരിതാശ്വാസപ്രവർത്തനങ്ങളിൽ ഇതുവരെ രൂപത നടത്തിയ ഇടപെടലുകളെപ്പറ്റി WSSS ഡയറക്റ്റർ ബഹു. ജിനോജ് പാലത്തടത്തിൽ അച്ചൻ സംസാരിച്ചു. ഇതുവരെ വിവിധ ഇടവകകളിൽ നിന്നും മറ്റ് രൂപതകളിൽ നിന്നും ലഭിച്ച സാമ്പത്തിക സഹായങ്ങളെപ്പറ്റിയും ചൂരൽ മലയിൽ ഉടനടി ചെയ്യേണ്ടതുമായ കാര്യങ്ങളെപ്പറ്റിയും വിശദീകരിച്ചു.

പുതിയതായി നിർമ്മിക്കേണ്ട ഭവനങ്ങളുടെ എണ്ണം, സ്ഥലമില്ലാത്തവരുടെ എണ്ണം, വീടുകൾ പണിത് കൊടുക്കാൻ ലഭിച്ചിരിക്കുന്ന വാഗ്ദാനങ്ങൾ, കെ.സി.ബി.സി യുടെ നിലപാട് എന്നിവയെപ്പറ്റി എല്ലാം ചർച്ചകൾ നടന്നു. അടിയന്തര സ്വഭാവമുള്ള കാര്യങ്ങൾ ഉടനടി തന്നെ ചെയ്യണമെന്ന് യോഗം തീരുമാനിച്ചു.

ഉപജീവനമാർഗങ്ങൾ, ചികത്സാ സഹായം, തൊഴിൽ, സാമൂഹ്യ സുരക്ഷ, മെഡിക്കൽ ഇൻഷുറൻസ് എന്നിവയ്ക്കെല്ലാം പ്രാധാന്യം കൊടുക്കുമെന്ന് യോഗം തീരുമാനം എടുക്കുകയും ചെയ്തു.

B. ബഹു. പോൾ മുണ്ടോളിക്കൽ അച്ചൻ, 2025 കുടുംബ നവീകരണ വർഷമായി ആചരിക്കുവാൻ രൂപത തീരുമാനിച്ചതും അതിനായുള്ള ഒരുക്കങ്ങൾ നടത്തേണ്ടത്തിന്റെ ആവശ്യകത യെപ്പറ്റിയും സംസാരിച്ചു.

കുടുംബങ്ങളെ ശ്രദ്ധിക്കേണ്ടതിന്റെ ആവശ്യകത, കുട്ടികളെ, യുവാക്കളെ കൈകാര്യം ചെയ്യുന്ന രീതികൾ, യുവദമ്പതിമാരുടെ പ്രശ്നങ്ങളെ കൈകാര്യം ചെയ്യേതിന്റെ ആവശ്യം ഇവയെപ്പറ്റി അച്ചൻ സംസാരിച്ചു. ഇതുമായി ബന്ധപ്പെട്ട് വൈദികർ ആശയങ്ങൾ പങ്കുവെച്ചു:

1. രൂപതാ തലത്തിൽ ഒരു കമ്മിറ്റി രൂപീകരിക്കുക.
2. കുടുംബ കൂട്ടായ്മകളിൽ ചർച്ച ചെയ്യാൻ എല്ലാ മാസവും ഒരു വിഷയം ഉണ്ടാവുക.
3. നവ ദമ്പതിമാരെ വിളിച്ചുകൂട്ടുക.
4. മാറുന്ന കാലഘട്ടത്തിൽ കുട്ടികളുടെ വേദപാഠത്തിനോടുള്ള സമീപനം കൂടുതൽ ഉണർവ്വുള്ളതാക്കാൻ എങ്ങനെ സാധിക്കും.
5. അടുത്ത മാസധ്യാനത്തിൽ കുടുംബ വർഷത്തിൽ ശ്രദ്ധ കൊടുക്കേണ്ട മേഖലകളെപ്പറ്റി ചർച്ച നടത്തുകയും ആശയങ്ങൾ ക്രോഡീകരിക്കുകയും ചെയ്യുക.

തുടർന്ന് അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ചർച്ചകളെ ക്രോഡീകരിച്ച് സമാപന സന്ദേശമായി അവതരിപ്പിക്കുകയും ചെയ്തു. ദുരിതാശ്വാസ പ്രവർത്തനങ്ങളിൽ വൈദികരുടെ സഹകരണത്തെ അഭിനന്ദിക്കുകയും വരാനിരിക്കുന്ന ജൂബിലി വർഷത്തെയും കുടുംബ നവീകരണ വർഷത്തെയും പറ്റി സംസാരിക്കുകയും ചെയ്തു. 2024 ഡിസംബർ 29 നു കത്തീഡ്രൽ പള്ളിയിൽ വെച്ച് ജൂബിലി വർഷം ഉദ്ഘാടനം ചെയ്യുമെന്ന് അഭിവന്ദ്യ പിതാവ് അറിയിച്ചു.

ബഹു. ജോസഫ് മുതിരക്കാലായിൽ അച്ചൻ യോഗത്തിനു നന്ദി പറയുകയും പ്രാർത്ഥനയോടെ യോഗം അവസാനിക്കുകയും ചെയ്തു.

**ഫാ. അനൂപ് കാളിയാനിയിൽ**
ചാൻസലർ

**ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 3**

ഈ വർഷത്തെ ആദ്യസെമസ്റ്റർ പരീക്ഷ നവംബർ 3 ഞായ റാഴ്ച നടക്കുന്നതായിരിക്കും. രൂപതയിലെ എല്ലാ ഇടവകകളിലും നിശ്ചയിച്ചിരിക്കുന്ന സമയത്തുതന്നെ (11.00 am - 1.00 pm) പരീക്ഷ നടത്തുന്നതിനായി ബഹു. വികാരിയച്ചൻമാരും, ഹെഡ്മാസ്റ്റേഴ്സും ക്രമീകരണങ്ങൾ നടത്തേണ്ടതാണ്. മറ്റ് സമയങ്ങളിൽ വേദപാഠം നടത്തുന്ന ഇടവകകൾ നിർദ്ദേശിക്കപ്പെട്ട സമയത്ത് പരീക്ഷ നടത്താൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യുമല്ലോ. ഒക്ടോബർ 29-ാം തീയതി രൂപത മതബോധന കേന്ദ്രത്തിലും (മണിമൂളി, നില മ്പൂർ, നീലഗിരി ഒഴികെ) മാനന്തവാടി സെന്റ് ജോസഫ് ബുക്ക് സ്റ്റാളിലും (മാനന്തവാടി, പയ്യംപള്ളി, ചുങ്കക്കുന്ന് ഫൊറോന കൾ) ചോദ്യപേപ്പർ ലഭ്യമായിരിക്കും.

രണ്ട് സെമസ്റ്റർ ആയിട്ടാണല്ലോ നമ്മുടെ പരീക്ഷകൾ. 1 മുതൽ 10 വരെ ക്ലാസുകളിലെ കുട്ടികൾക്ക് രണ്ടാം സെമസ്റ്ററിൽ ആദ്യ സെമസ്റ്ററിലെ പാഠഭാഗങ്ങൾ ചോദിക്കുന്നതല്ല. 11, 12 ക്ലാസുകാർക്ക് ആദ്യ സെമസ്റ്ററിലെ പാഠഭാഗങ്ങൾ വാർഷിക പരീക്ഷക്ക് ഉണ്ടായി രിക്കുന്നതാണ്. 4 മുതൽ 12 വരെ ക്ലാസ്സുകാർക്ക് 80 മാർക്കിൽ ആയിരിക്കും പരീക്ഷ. 100 ൽ 20 മാർക്ക് Internal ആയിരിക്കും. Internal മാർക്ക് ക്ലാസ് കയറ്റത്തിന് പരിഗണിക്കുന്നതാണ്.

**സ്കോളർഷിപ്പ്**

രൂപത സുവർണ്ണ ജൂബിലിയോട് അനുബന്ധിച്ച് ആരംഭിച്ചി രിക്കുന്ന ബിഷപ്പ് എമ്മാനുവേൽ പോത്തനാമുഴി സ്കോളർഷിപ്പ് ഈ വർഷവും 4,7,10 ക്ലാസുകളിലെ കുട്ടികൾക്ക് നൽകുന്നതാണ്. അതിനായി മുമ്പ് പറഞ്ഞിരിക്കുന്നതുപോലെ ആദ്യ സെമസ്റ്റർ പരീക്ഷയിൽ Part I ലും, II ലും 80 ശതമാനത്തിൽ കൂടുതൽ മാർക്ക് ലഭിക്കുന്ന കുട്ടികളുടെ ലിസ്റ്റും ഉത്തരക്കടലാസും രൂപതാ കേന്ദ്രത്തിലേക്ക് നൽകണം. കുട്ടിക്ക് അവിടെ ലഭിച്ച മാർക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുവാൻ ശ്രദ്ധിക്കുമല്ലോ. രൂപതാ കേന്ദ്രം

ആ ഉത്തരക്കടലാസുകൾ ഒരിക്കൽ കൂടി value ചെയ്യുന്നതാണ്. ഇവിടെനിന്നുള്ള രണ്ടാമത്തെ മൂല്യനിർണയത്തിൽ രണ്ടുവിഭാഗത്തിലും 80 ശതമാനത്തിന് മുകളിൽ മാർക്കുള്ള കുട്ടികളെയാണ് സ്കോളർഷിപ്പിന് പരിഗണിക്കുന്നത്. ആ കുട്ടികൾക്ക് രണ്ടാം സെമസ്റ്ററിലും 80 ശതമാനത്തിനു (രണ്ടു വിഭാഗത്തിലും) മുകളിൽ മാർക്ക് ലഭിച്ചാൽ ഉത്തരകടലാസുകൾ രൂപതാ കേന്ദ്രത്തിലേക്ക് നൽകണം. ആ പേപ്പറുകൾ രൂപത value ചെയ്തു 80 ശതമാനത്തിനു മുകളിലാണെങ്കിൽ ആ കുട്ടികൾക്ക് സ്കോളർഷിപ്പിന് അർഹത ലഭിക്കും. അർഹത നേടുന്നവരുടെ ഉയർന്ന മാർക്കിനനുസരിച്ച് എത്ര കുട്ടികൾക്ക് സ്കോളർഷിപ്പ് എന്ന് തീരുമാനിക്കും. സ്കോളർഷിപ്പ് ലഭിക്കുവാൻ സാധ്യതയുള്ള കുട്ടികളുടെ പേപ്പർ ആദ്യം വാലുവേഷൻ നടത്തി പേപ്പർ എത്രയും വേഗം ഓഫീസിൽ എത്തിക്കാൻ ശ്രദ്ധിക്കണം.

**Mission Quest**

സഭയെയും, കൂദാശകളെയും, പ്രേഷിതദൗത്യത്തെയും ആഴത്തിലറിയുവാൻ സീറോ മലബാർ മിഷൻ ഓഫീസും, മതബോധന കമ്മീഷനും സംയുക്തമായി കുട്ടികൾക്കും മുതിർന്നവർക്കും വേണ്ടി നടത്തുന്ന ഈ വർഷത്തെ മിഷൻ ക്വിസ്സ് 2024 നവംബർ 24 ന് നടത്തപ്പെടുന്നതാണ്. കുട്ടികൾക്ക് വിശ്വാസ പരിശീലന ക്ലാസുകളിലും, മുതിർന്നവർക്ക് കുടുംബകൂട്ടായ്മയുടെ വാട്സ്ആപ്പ് ഗ്രൂപ്പുകളിലും വിശദവിവരങ്ങൾ നൽകി കഴിയുന്നത്ര ആളുകൾ പങ്കെടുക്കുവാൻ ശ്രദ്ധിക്കുമല്ലോ. ഓൺലൈനായി രജിസ്റ്റർ ചെയ്തവർക്കായുള്ള ലിങ്ക് പിന്നീട് നൽകുന്നതാണ്. www.syromalabarmission.com. സാമ്പിൾ ചോദ്യങ്ങളും ഈ വെബ്സൈറ്റിൽ ലഭിക്കുന്നതാണ്. Mission Quest നുള്ള പാഠഭാഗങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**പ്രതിഭാസംഗമം 2024**

XII, VII ക്ലാസുകളിലെ വിശ്വാസ പരിശീലന വേദികളിലെ കുട്ടികളുടെ സജീവ പങ്കാളിത്തം, സഹോദരങ്ങളുടെയും സമൂഹത്തിന്റെയും നന്മയ്ക്കായി വ്യയം ചെയ്യുവാനുള്ള കഴിവ്, ഇവയോടൊപ്പം അവരുടെ സമഗ്ര വ്യക്തിത്വത്തെ നിർണ്ണയിക്കുന്ന അദ്ധ്യാത്മികവും ബൗദ്ധികവുമായ മുഴുവൻ ഘടകങ്ങളെയും, കഴിവുകളെയും പരിഗണിച്ച് ഓരോ ഇടവകയിലും നിന്ന് വേദപാഠ

ത്തിന് ഏഴാം ക്ലാസ്സിലും, പന്ത്രണ്ടാം ക്ലാസ്സിലും പഠിക്കുന്ന 2 ആൺകുട്ടികൾ, 2 പെൺകുട്ടികൾ എന്നിവരെ സെലക്ട് ചെയ്ത് മേഖലയ്ക്ക് അയയ്ക്കുക. മേഖലാ പ്രതിഭാസംഗമത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 2 ആൺകുട്ടി, 2 പെൺകുട്ടി എന്നിവർക്കാണ് രൂപത പ്രതിഭാ സംഗമത്തിന് പങ്കെടുക്കാൻ സാധിക്കുക. XII -ാം ക്ലാസിന്റെ പ്രതിഭാസംഗമം മേഖലയിൽ നടത്തി അവിടെ നിന്ന് തെരഞ്ഞെടുക്കപ്പെടുന്ന 4 കുട്ടികളുടെ പേര് വിവരങ്ങൾ നവംബർ 10 നുള്ളിൽ രൂപതാ മതബോധന ഓഫീസിൽ നൽകേണ്ടതാണ്. സിലബസ് ഇതോടൊപ്പം നൽകുന്നു.

**I Quiz**

1. വി.ലൂക്കാ 9-16
2. 2കോറി. 7-13
3. വി.എവുപ്രാസ്യ
4. സീറോമലബാർ സഭയുടെ ചരിത്രം-ആഗോളസഭ - പൊതു വിജ്ഞാനം
5. സീറോമലബാർ സഭ ഇന്ന്

**II ചർച്ചക്ക് എടുക്കുന്ന വിഷയങ്ങൾ**

1. ഞാൻ ആരാണ്? എന്റെ കടമകൾ എന്തൊക്കെയാണ്?
2. മാതൃസഭയോടുള്ള സ്നേഹം
3. ആധുനിക കാലഘട്ടത്തിലെ വിശ്വാസജീവിതം
4. ഈ കാലഘട്ടത്തിൽ സഭയും സമൂഹവും നേരിടുന്ന വെല്ലുവിളികൾ, അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങൾ
5. എന്റെ സഭയ്ക്ക് എന്തൊക്കെ നല്കാൻ എനിക്ക് സാധിക്കും
6. ക്രൈസ്തവ വിശ്വാസ സന്മാർഗ്ഗ ബോധ്യങ്ങൾ.
7. വിശ്വാസപരിശീലനം എന്ത്? എന്തിന് ?
8. വിശ്വാസ ജീവിത സാക്ഷ്യം

**III കുട്ടികളെ വിലയിരുത്തുന്നതിന് സഹായകമാകുന്ന ചില മേഖലകൾ, സൂചികകൾ**

1. ആശയങ്ങൾ അവതരിപ്പിക്കാനുള്ള കഴിവ്, സന്നദ്ധത.
2. വിശ്വാസം ജീവിക്കാൻ, അതിന് സാക്ഷ്യം നല്കാൻ എത്ര മാത്രം ഒരാൾ തയ്യാറാണ്.
3. ഒരേ അമ്മയുടെ മക്കളെന്ന നിലയിൽ ഒരാൾ സ്വീകരിക്കേ നിലപാടുകൾ, അവക്ക് അടിസ്ഥാനമായ ബോധ്യങ്ങൾ: ഇവയിൽ എത്രമാത്രം ഒരാൾ ആഴപ്പെട്ടിട്ടുണ്ട്.

4. പന്ത്രണ്ടു വർഷത്തെ വിശ്വാസ പരിശീലനം ഒരാളെ എങ്ങനെ, എത്രത്തോളം സ്വാധീനിച്ചിരിക്കുന്നു എന്ന വിലയിരുത്തൽ.

**മേഖല മതാധ്യാപക കൺവെൻഷൻ**

ഗൂഡല്ലൂർ റീജിയന്റെ മതാധ്യാപക സംഗമം 25-08-2024 ന് ഗൂഡല്ലൂർ എൻ.ഡി.എസിൽ വച്ചു റീജിണൽ മതബോധന ഡയക്ടർ ബഹു. സിനീഷ് പുത്തൻപ്പുര അച്ചന്റെ നേതൃത്വത്തിൽ നടത്തെട്ടു. 14 ഇടവകകളിൽ നിന്നായി 146 അധ്യാപകർ ഇതിൽ സംബന്ധിച്ചു. എൻ.ഡി.എസ് ഡയക്ടർ ബഹു. ഫാ. ബിനോയി കാശാംകുറ്റിയിൽ അധ്യാപകർക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. വിശ്വാസ പരിശീലനരംഗത്ത് 15 വർഷങ്ങൾ പൂർത്തിയാക്കിയ 32 അധ്യാപകരെ അന്നേദിനം റീജണൽ ഡയറക്ടർ ബഹു. ഫാ. ബിജു പൊൻപാറക്കൽ മെമന്റോ നൽകി ആദരിച്ചു. മാനന്തവാടി രൂപത മീഡിയാകമ്മീഷൻ ഡയറക്ടർ ബഹു.ഫാ. ജസ്റ്റിൻ മുത്താനിക്കാട്ടിന്റെ നേതൃത്വത്തിൽ മതാദ്ധ്യാപകർക്ക് മതബോധന ക്ലാസുകൾ നൂതന സാങ്കേതിക വിദ്യ ഉപയോഗിച്ച് പഠിപ്പിക്കുന്നതിന് പരിശീലനം നൽകി. രാവിലെ 9 മണിയോടെ ആരംഭിച്ച ക്ലാസ്സ് വൈകുന്നേരം 3.30ന് അവസാനിച്ചു.

കൺവെൻഷന്റെ വിജയത്തിനായി എല്ലാപ്രവർത്തനങ്ങളെയും ഏകോപിപ്പിച്ച ബഹുമാനപ്പെട്ട റീജണൽ ഡയറക്ടർ അച്ചനെയും, മേഖല ഡയറക്ടർ അച്ചനെയും, മേഖലാ സെക്രട്ടറിയെയും, റീജിണിലെ എല്ലാ പ്രധാനാധ്യാപകരെയും, പങ്കെടുത്ത എല്ലാ അധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു.

**ഫാ. തോമസ് കച്ചിറയിൽ**

ഡയറക്ടർ, മതബോധനകേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രേക്ഷിതാഗ്നിയാൽ ജ്വലിക്കുന്ന ഒരു ഒക്ടോബർ മാസം കൂടി വരവായി. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തകരെ സംബന്ധിച്ചിടത്തോളം പ്രേക്ഷിത ദൗത്യത്തിന്റെ ആവേശോജ്വലമായ കാലഘട്ടമാണിത്. ഉള്ളിലെരിയുന്ന ക്രിസ്തു സ്നേഹത്തെ ലോകത്തിന്റെ അതിർത്തികളോളമെത്തിച്ച ലിസ്യുവിലെ വി.ചെറുപുഷ്പത്തിന്റെ പ്രേക്ഷിത തീക്ഷണമായ ജീവിതത്തെ ധ്യാനിക്കാനും ആ വിശുദ്ധ പുഷ്പത്തെപ്പോലെ വിശുദ്ധിയുടെ നറുഗന്ധം പടർത്തുവാനും ഈ മിഷൻ മാസാചരണം പ്രചോദനമാകട്ടെ.

ആഗോള മിഷൻ ഞായർ ആചരണത്തോട് അനുബന്ധിച്ച് പരിശുദ്ധ ഫ്രാൻസിസ് മാർപാപ്പ ധ്യാന വിഷയമായി നൽകിയിരിക്കുന്നത് വി. മത്തായിയുടെ സുവിശേഷത്തിൽ പരാമർശിക്കുന്ന വിവാഹ വിരുന്നിന്റെ ഉപമയിൽ നിന്നുള്ള പ്രസക്ത ഭാഗമാണ്.

'പോയി, എല്ലാവരെയും വിരുന്നിന് ക്ഷണിക്കുവിൻ' (മത്തായി 22,9) എന്ന ഈ വാക്യങ്ങളിലൂടെ വചനപ്രഘോഷണ ദൗത്യത്തിലുള്ള സഭയുടെ നിർണ്ണായകമായ പങ്ക് മാർപാപ്പ ചൂണ്ടിക്കാണിക്കുന്നു. എല്ലാവരെയും ദൈവരാജ്യത്തിലേക്ക് പങ്കാളികളാക്കുകയെന്നതാണ് ഏതൊരു ക്രിസ്ത്യാനിയുടെയും പ്രഥമവും പ്രധാനവുമായ ദൗത്യമെന്ന യാഥാർത്ഥ്യം ഈ വരികളിൽ നിഴലിക്കുന്നു.

'കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്ക് പോകുന്നതാണ് പ്രേക്ഷിത ദൗത്യമെന്ന് ഫ്രാൻസിസ് മാർപാപ്പ നമ്മെ ഓർമ്മപ്പെടുത്തുന്നു'. ക്രിസ്തു കേന്ദ്രീകൃത കുടുംബം, ദൈവവിളിയുടെ ഉറവിടം' എന്ന ആപ്തവാക്യത്തിലധിഷ്ഠിതമായി ഇത്തവണത്തെ പ്രവർത്തന വർഷം വിശുദ്ധ കുർബാന കേന്ദ്രീകൃത ദൗത്യമാക്കാൻ നമുക്ക് നമ്മെ തന്നെ സജ്ജരാക്കാം. അതിനായി ഈ മിഷൻ മാസത്തിൽ 'കുർബാനയുടെ പ്രേക്ഷിതരാകാൻ' എന്ന ആപ്തവാക്യം നമുക്ക് ജീവിതാ

ദർശമായി സ്വീകരിക്കാം. ഈശോയെ അടുത്ത് സ്നേഹിക്കുന്ന വരാകാൻ... സഭയെ പടുത്തുയർത്തുന്നതിൽ പങ്കാളിയാകാൻ... ക്രിസ്തു സാക്ഷികളാകാൻ... മാനന്തവാടി രൂപത ചെറുപുഷ്പ മിഷൻലീഗ് സംഘടന നിങ്ങളെ ക്ഷണിക്കുന്നു. വിശുദ്ധ കുർബാനയുടെ പ്രേഷിതരായിരുന്ന നമ്മുടെ സ്വർഗീയ മധ്യസ്ഥയായ വിശുദ്ധ കൊച്ചുത്രേസ്യയുടെയും (ഒക്ടോ.1) നവയുഗ വിശുദ്ധനായ വാഴ്ത്തപ്പെട്ട കാർലോ അക്യുറ്റിസിന്റെയും (ഓക്ടോ.12) ആഗതമാകുന്ന തിരുനാൾ മംഗളങ്ങൾ ഏവർക്കും മുൻകൂട്ടി നേരുന്നു. ഇവരുടെ വിശുദ്ധ കുർബാന കേന്ദ്രീകൃത പ്രേക്ഷിത ചൈതന്യം നമ്മെയും പ്രചോദിപ്പിക്കട്ടെ.

ഒക്ടോബർ മാസം നമ്മുടെ ദേവാലയങ്ങൾ മിഷൻ ലീഗ് അംഗങ്ങളെക്കൊണ്ട് നിറയട്ടെ... 'നന്മ നിറഞ്ഞ മറിയമേ' എന്ന പ്രാർത്ഥനയാൽ നമ്മുടെ സഭാഅന്തരീക്ഷം ശബ്ദമുഖരിതമാകട്ടെ. ചെമ്മഞ്ഞക്കൊടികളാൽ ക്രിസ്തുവിന്റെ ധീരമായ ആത്മബലിയുടെ ഓർമ്മകൾ സജീവമാകട്ടെ. ഏവർക്കും പ്രേഷിതാഗ്നി ജ്വലിക്കുന്ന ഒരു മിഷൻ മാസം ആശംസിച്ചുകൊണ്ട്.

സ്നേഹത്തോടെ,

**ഫാ. മനോജ് അമ്പലത്തിങ്കൽ**

**മിഷൻ ഞായർ ഒക്ടോബർ 20**

ഈ വർഷത്തെ മിഷൻ ഞായർ ഒക്ടോബർ 20 നാണ്. അന്നേദിവസം ഇടവകകളിൽ റാലിയും ആഘോഷവും നടത്തുമല്ലോ. മിഷൻ പിരിവിൽ 25 ശതമാനം രൂപതയ്ക്കും 15 ശതമാനം മേഖലയ്ക്കും ഒക്ടോബർ 31ന് മുമ്പായി ഏൽപ്പിക്കുക.

**രൂപത ബൈബിൾ കലോത്സവം**

രൂപത ബൈബിൾ കലോത്സവം ദ്വാരക സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ വച്ച് നടത്തപ്പെടും.

**ഫാ.ജോസഫ് മാലിപ്പറമ്പിൽ അവാർഡ് ഫാ. ജോസഫ് ചിറ്റൂരിന്**

ഫാ. ജോസഫ് മാലിപറമ്പിൽ അവാർഡിന് മാനന്തവാടി രൂപതാംഗവും ഇപ്പോൾ വിയാനി ഭവനിൽ വിശ്രമജീവിതം നയിക്കുന്ന ബഹു. ജോസഫ് ചിറ്റൂർ അച്ചനെ സംസ്ഥാന സമിതി തെരഞ്ഞെടുത്തു. ദ്വാരക വിയാനി ഭവനിൽ നടന്ന ലളിതമായ ചടങ്ങിൽ ബഹു. ചിറ്റൂർ അച്ചൻ സംസ്ഥാന ഡയറക്ടർ ബഹു. ഷിജു

ഐക്കരക്കാനായിൽ അച്ചനിൽ നിന്നും അവാർഡ് ഏറ്റുവാങ്ങി. ചടങ്ങിൽ ഫാ.മനോജ് അമ്പലത്തിങ്കൽ, മുൻ സംസ്ഥാന അവാർഡ് ജേതാവ് ഫാ. ജോർജ് മമ്പള്ളി, ബിനീഷ് തുമ്പിയാം കുഴിയിൽ, രജ്ജിത്ത് മുതുപ്ലാക്കൽ, തങ്കച്ചൻ മാപ്പിളക്കുന്നേൽ, ബേബി പ്ലാശ്ശേരിൽ, ജെയ്സൺ പുളിച്ചുമാക്കൽ എന്നിവർ സന്നി ഹിതരായിരുന്നു.

**സമ്മാനക്കൂപ്പൺ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത നടത്തിയ സമ്മാന കൂപ്പണിന്റെ നറുക്കെടുപ്പ് രൂപതാ കേന്ദ്രത്തിൽ വെച്ച് നടത്തപ്പെട്ടു. ഒന്നാം സമ്മാനം മരിയ പുളിക്കത്തടത്തിൽ നിലമ്പൂർ. രണ്ടാം സമ്മാനം എൽബിൻ പയ്യനാട്ടുവെളി കൂളിവയൽ. മൂന്നാം സമ്മാനം ആദം പുത്തൻപുരയ്ക്കൽ അടയ്ക്കാത്തോട്. നാലാം സമ്മാനം ബിജോ ചുരളിയിൽ കേളകം. അഞ്ചാം സമ്മാനം ഡെൽന തൈപ്പറമ്പിൽ പടമല. കൂടാതെ ഇരുന്നൂറോളം പ്രോത്സാഹന സമ്മാനങ്ങളും നൽകി.

**ശാഖാസന്ദർശനങ്ങൾ**

മുള്ളൻകൊല്ലി, ബത്തേരി, ഒറ്റപ്ലാവ്, ചുങ്കക്കുന്ന്, കാവുംമന്ദം, എന്നീ ഇടവകകൾ സന്ദർശിച്ചു.

**രക്തദാനം നൽകി**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപത ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനമായ ആഗസ്റ്റ് 26 ന് വയനാട് മെഡി ക്കൽ കോളേജിൽ രൂപതാ സമിതി അംഗങ്ങൾ രക്തദാനം നടത്തി. ബിനീഷ് തുമ്പിയാംകുഴിയിൽ, തങ്കച്ചൻ മാപ്പിളക്കുന്നേൽ, രജ്ജിത്ത് മുതുപ്ലാക്കൽ, ജിൻസ് തേങ്ങാപ്പാറ, സി. ലിൻഡ സി.എം.സി എന്നിവർ നേതൃത്വം നല്കി.

**ബിബ്ലിയ 2024**

എല്ലാ മാസത്തിന്റെയും അവസാന ദിനത്തിൽ നടത്തുന്ന ബിബ്ലിയ 2024 ആഗസ്റ്റ് 31 ന് നടത്തി.

**ഫ്ളവർ ലാന്റ്**

ചെറുപുഷ്പ മിഷൻലീഗിന്റെ സംരംഭമായ ഫ്രഷ് പൂക്കളുടെ കലവറയായ ഫ്ളവർലാൻഡ് ദ്വാരകയിൽ വീണ്ടും തുറന്നു പ്രവർ ത്തനം ആരംഭിച്ചിരിക്കുന്നു. ഫ്രഷ്പൂക്കൾ, ബൊക്കകൾ, റീത്തു കൾ, എന്നിവ മിതമായ വിലയിൽ ഇവിടെനിന്നും ലഭിക്കും.

**ഫാ.ജോസഫ് മാലിപറമ്പിൽ ഓൺലൈൻ പ്രസംഗ മത്സരം**

സെപ്റ്റംബർ 9ാം തീയതി ചെറുപുഷ്പ മിഷൻ ലീഗ് മാനന്ത വാടി രൂപത 15 വയസ്സിനും 30 വയസ്സിനും ഇടയിലുള്ളവർക്കായി നടത്തിയ ഓൺലൈൻ പ്രസംഗം മത്സരത്തിൽ അഭിജിത്ത് പഴയ മഠത്തിൽ ബത്തേരി, അന്ന അമൽ ഐറാട്ടിൽ ബത്തേരി, ജോസ ഫൈൻ ഇമ്പിക്കാട്ട് താളിപ്പാടം എന്നിവർ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. വിജയികൾക്ക് അഭിനന്ദനങ്ങൾ.

**ഫാ. ജോസഫ് മാലിപറമ്പിൽ ഓൺലൈൻ ക്വിസ്**

ചെറുപുഷ്പൻ മിഷൻലീഗ് സ്ഥാപക ഡയറക്ടർ ഫാ.ജോസഫ് മാലീപറമ്പിൽ അനുസ്മരണ ദിനത്തോടനുബന്ധിച്ച് സെപ് റ്റംബർ 9-ന് മാനന്തവാടി രൂപത ഓൺലൈൻ മാലീപറമ്പിൽ ക്വിസ് മത്സരം നടത്തി. റോസ്മിൻ കല്ലറയ്ക്കൽ സീതാമൗണ്ട്, അറ്റ്ലിൻ കുഴികണ്ടത്തിൽ കൂളിവയൽ, അന്നമുളകുന്നത്ത് സീതാ മൗണ്ട് എന്നിവർ യഥാക്രമം 1,2,3 സ്ഥാനങ്ങൾ കരസ്ഥമാക്കി അഭിനന്ദനങ്ങൾ.

**രക്തദാനം നടത്തിയവരെ ആദരിച്ചു**

ഇന്ത്യൻ ക്രിസ്ത്യൻ രക്തസാക്ഷി ദിനത്തിൽ രക്തദാനം നടത്തിയവരെ സംസ്ഥാനസമിതി സർട്ടിഫിക്കറ്റുകൾ നൽകി ആദരിച്ചു. കാഞ്ഞിരപ്പള്ളി ബിഷപ്പ് മാർ ജോസ് പുളിക്കൽ പിതാ വിൽ നിന്നും മാനന്തവാടി രൂപത സമിതി അംഗങ്ങൾ സർട്ടിഫി ക്കറ്റുകൾ ഏറ്റുവാങ്ങി.

**ഫാ. ജോസഫ് മാലിപറമ്പിൽ അനുസ്മരണം**

സെപ്റ്റംബർ 14ന് ആർപ്പൂക്കരയിൽ വച്ച് നടന്ന ഫാ. ജോസഫ് മാലിപറമ്പിൽ 26-ാം അനുസ്മരണ വാർഷിക സമ്മേളനത്തിൽ രൂപത സമിതി പങ്കെടുത്തു.

**ആദരാഞ്ജലികൾ**

ചെറുപുഷ്പ മിഷൻലീഗ് മാനന്തവാടി രൂപതയുടെ മുൻ ഡയറക്ടർ ബഹു. അബ്രഹാം നാടുകുന്നേൽ അച്ചന്റെ പിതാവിന്റെ നിര്യാണത്തിൽ മാനന്തവാടി രൂപത സമിതി ആദരാഞ്ജലികൾ അർപ്പിച്ചു.

**സാഹിത്യോത്സവ് 2024**

രൂപതാ ബൈബിൾ സാഹിത്യമത്സരം സെപ്റ്റംബർ ഒന്നിന് വിവിധ മേഖലകളിൽ വെച്ച് നടത്തപ്പെട്ടു.

**മേഖലാ വാർത്തകൾ**

**ബത്തേരി**

ആദ്യകുർബാന സ്വീകരിച്ച കുട്ടികളുടെ സംഗമം, ബത്തേരി അസംപ്ഷൻ ദേവാലയത്തിൽ വച്ച് നടത്തി.

ദൈവമേ.. നീയെവിടെ...? Short film ഉരുൾപൊട്ടൽ മൂലം കണ്ണീര് വറ്റാത്ത വയനാടിനോട് ബത്തേരി മേഖലയിലെ CML പ്രവർത്തകർക്ക് പറയാനുള്ളത് 2 മിനിറ്റ് ദൈർഘ്യമുള്ള ഹ്രസ്വചിത്രത്തിലൂടെ പുറത്തിറക്കി. *സർഗജ്യോതി* 2024 മേഖലാ സാഹിത്യ മത്സരത്തിൽ അമ്പലവയൽ ശാഖ ഒന്നാം സ്ഥാനം കരസ്ഥമാക്കി. ബത്തേരി, മീനങ്ങാടി രണ്ടും മൂന്നും സ്ഥാനങ്ങൾ കരസ്ഥമാക്കി. സർഗജ്യോതി 2024 മേഖല ബൈബിൾ കലോത്സവം: മിഷൻ ലീഗിന്റെയും തിരുബാലസഖ്യത്തിന്റെയും മത്സരങ്ങൾ സെപ്റ്റംബർ 17ന് ബത്തേരി അസംപ്ഷൻ സ്കൂളിൽ വച്ച് നടത്തപെട്ടു.

**ചുങ്കക്കുന്ന് മേഖല**

ശാഖ, മേഖല, രൂപത സംസ്ഥാന തലത്തിൽ ചെറുപുഷ്പ മിഷൻ ലീഗിനെ നയിക്കുന്ന ഭാരവാഹികൾക്ക് അല്മായ നേതൃത്വ ദിനാശംസകൾ നേർന്നു. സാഹിത്യമത്സര ഒരുക്ക ക്ലാസ് സംഘടിപ്പിച്ചു. മേഖലാ ടീം 10 ശാഖകളിലും സ്നേഹ സന്ദർശനം നടത്തി.

**ശാഖ വാർത്തകൾ**

**ചെറുകാട്ടൂർ**

ദിവസേന വിശുദ്ധരുടെ വീഡിയോ ഗ്രൂപ്പുകളിൽ. ഹിരോഷിമ, നാഗസാക്കി ദിന പോസ്റ്റർ മത്സരം. കുഞ്ഞേട്ടൻ അനുസ്മരണം രൂപത, മേഖല, ശാഖ ഭാരവഹികളെ ആദരിച്ചു. അൾത്താര ബാലിക ബാലസംഗമം നടത്തി. ബെർത്ത് ഡെ കാർഡ് നിർമ്മാണ മത്സരം നടത്തി.

**അരിഞ്ചേർമല**

കുഞ്ഞേട്ടൻ അനുസ്മരണ ദിനം നടത്തി. അന്നേദിനം അൽമായ നേതൃത്വത്തെ ആദരിച്ചു. വിശുദ്ധ ജോൺ ബർക്കുമാൻസ്സിന്റെ തിരുനാളിനോട് അനുബന്ധിച്ച് അൾത്താര ബാലിക ബാലന്മാർക്ക് ആശംസകൾ നേരുകയും സമ്മാനം നൽകുകയും ചെയ്തു. ഏകദിന ക്യാമ്പ് നടത്തി. സ്വാതന്ത്ര്യ ദിനത്തോട് അനുബന്ധിച്ച് ദേശഭക്തിഗാന മത്സരം നടത്തി. പള്ളിക്കുന്ന് അഗതി മന്ദിരം സന്ദർശിച്ചു.

**പുതിയിടംകുന്ന്**

15 നോയമ്പ്: നോയമ്പിനോടനുബന്ധിച്ച് CMLഅംഗങ്ങൾ 1 മുതൽ പതിനഞ്ചാം തീയതി വരെ പള്ളിയിൽ വന്നു. എയ്ഞ്ചൽ മരിയ ഓണിശ്ശേരി വീഡിയോ സന്ദേശം നൽകി. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിനോട് അനുബന്ധിച്ച് ചിത്രരചന മത്സരം നടത്തി. കപ്പേളകൾ ക്ലീനിങ് നടത്തി. സിമത്തേരി സന്ദർശനം നടത്തി പ്രാർത്ഥിച്ചു. കട നടത്തുന്നവരെ ആദരിച്ചു. ആശാവർക്കർമാരെ ആദരിച്ചു. രോഗീ സന്ദർശനങ്ങൾ നടത്തി. യുവകർഷകനെ ആദരിച്ചു. വേദപാഠം പഠിപ്പിച്ച മുൻഅധ്യാപകരെ ആദരിച്ചു. വിയാനിഭവൻ സന്ദർശിച്ചു. അന്യമതത്തിൽപ്പെട്ട വൃദ്ധ മാതാപിതാക്കളെ സന്ദർശിച്ച് അവരുമായി സ്നേഹസംഭാഷണം നടത്തി. ഏലീശ്വ സന്ദർശനം, ഗർഭിണികളായി കഴിയുന്നവരെ സന്ദർശിച്ചു. റിട്ടയർ ചെയ്ത അധ്യാപകരെ ആദരിച്ചു. മിഷൻ ലീഗ് ഭാരവാഹികളുടെ ഭവനങ്ങൾ സന്ദർശിച്ചു. ദൈവവിളി സ്വീകരിച്ച സമർപ്പിതരുടെയും വൈദികരുടെയും ഭവനങ്ങൾ സന്ദർശിച്ചു, അവരുടെ മാതാപിതാക്കളുമായി സ്നേഹസംഭാഷണം നടത്തി. ചൂരൽമല ഉരുളപൊട്ടലിൽ മരണപ്പെട്ടവർക്കും, എല്ലാം നഷ്ടപ്പെട്ടവർക്കും വേണ്ടി പ്രാർത്ഥന ദിനമായി ആചരിച്ചു. അൾത്താര സംഘത്തിനു ഔട്ടിങ് നടത്തി.

**വഞ്ഞോട്**

ദുക്റാന തിരുനാൾ ദിനത്തിൽ പൊതു ദിവ്യകാരുണ്യ സ്വീകരണം നടത്തി. സാഹിത്യമത്സരത്തിൽ മേഖലാതലത്തിൽ വിജയികളായവരെ ആദരിച്ചു, ഓരോ ഞായറാഴ്ചയും അതാതു മാസങ്ങളിൽ ജന്മദിനം ആഘോഷിക്കുന്ന കുട്ടികൾക്ക് പൂവും മിഠായിയും നൽകി ആദരിക്കുന്നു. എല്ലാ ആഴ്ചയും കുട്ടികൾ ഒരു വിശുദ്ധനെയും, വചനവും, പൊതു വിഷയങ്ങളും പ്രസംഗ രൂപേണ പള്ളിയിൽ അവതരിപ്പിക്കുന്നു.

**കരിമ്പിൽ**

ഉരുൾപൊട്ടലിൽ മരണമടഞ്ഞവർക്കും പ്രിയപ്പെട്ടവരും സ്വത്തും നഷ്ടപ്പെട്ടവർക്കും വേണ്ടി പ്രത്യേകം പ്രാർത്ഥിച്ചു. വി.ഡൊമിനിക്ക് സാവിയോയുടെ തിരുനാളിനോടനുബന്ധിച്ച് പൂക്കൾ നല്കി കുട്ടികളെ ആദരിച്ചു. കുഞ്ഞേട്ടൻ അനുസ്മരണ ദിനത്തോടനു

ബന്ധിച്ച്. പൊതു ദിവ്യകാരുണ്യ സ്വീകരണവും അസാധാരണ സമ്മേളനവും നടത്തി. അത്മായ നേതൃദിനത്തോടനുബന്ധിച്ച് ശാഖാ ഭാരവാഹികളെയും മുൻ. ഭാരവാഹികളെയും മേൽഘടക ഭാരവാഹികളെയും ആദരിച്ചു. കുഞ്ഞേട്ടൻ ക്വിസ് നടത്തി. വി.ക്ലാര യുടെ തിരുനാളിനോടനുബന്ധിച്ച് എഫ്.സി.സി.സിസ്റ്റഴ്സിന് ആശംസകളർപ്പിച്ചു. സ്വാതന്ത്ര്യദിനത്തോടനുബന്ധിച്ച് സൈനീ കനെ മെമന്റോ നൽകി ആദരിച്ചു. കലാമത്സരത്തിനൊരുക്കമായി സെമിനാർ നടത്തി.

**പറളിക്കുന്ന്**

ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് ഭക്ഷണം കൊടുത്തു. ഗ്രാൻഡ് പേരെന്റ്സ് ഡേ പേരെന്റ്സിനായി വി. ബലിയർപ്പിച്ചു, അവരെ ആദരിച്ചു. മാതാപിതാക്കൾക്കുവേണ്ടി സെമിനാർ നടത്തി. ഫാ. സെബാസ്റ്റ്യൻ ചെറിയാംപറമ്പിൽ ക്ലാസ് എടുത്തു. കുട്ടികൾക്ക് സെമിനാർ നടത്തി. കല്ലറക്കൽ തോമസ് സാർ ക്ലാസ് എടുത്തു. വി.ജോൺ മരിയ വിയാനിയുടെ തിരുന്നാൾ ദിനത്തിൽ ഇടവക വികാരിയെ ആദരിച്ചു.

**പാതിരിപ്പാടം**

എല്ലാ വൈദികർക്കും ആശംസകൾ നൽകി. വിശുദ്ധനെ പരിചയപ്പെടുത്തി. കുഞ്ഞേട്ടൻ അനുസ്മരണദിനത്തിൽ വി.കുർ ബാന, മൗനപ്രാർത്ഥന എന്നിവ നടത്തി. കൂടാതെ കുഞ്ഞേട്ടന്റെ പ്രവർത്തന വഴിയിലൂടെയുള്ള ചരിത്രം അവതരിപ്പിച്ചു.

ചൂരൽമല, മുണ്ടക്കൈ ദുരിതാശ്വാസ ഫണ്ട് ശേഖരണം നടത്തി. ഹോസ്പിറ്റൽ സന്ദർശനം, രോഗീസന്ദർശനം ഭവന സന്ദർശനം തുടങ്ങിയവ നടത്തി. കുഞ്ഞോം ചൂരൽമല ഉരുൾ പൊട്ടൽ ദുരന്തത്തിൽ ദുരിതമനുഭവിക്കുന്നവർക്കുവേണ്ടി ശാഖാഅംഗങ്ങൾ എല്ലാവരും ഒരുമിച്ച് ജപമാല ചൊല്ലി പ്രാർ ത്ഥിച്ചു.

എവുപ്രാസ്യാ ദിനത്തിൽ ശാഖാ അംഗങ്ങൾ വിശുദ്ധ കുർബാ നയിൽ പങ്കെടുക്കുകയും പൊതു ദിവ്യകാരുണ്യം സ്വീകരിക്കു കയും ചെയ്തു. എല്ലാ ഞായറാഴ്ചകളിലും കുട്ടികൾ ഓരോ വിശുദ്ധരെ പരിചയപ്പെടുത്തുകയും ചെയ്യുന്നു.

**ചുങ്കക്കുന്ന്**

ആഗസ്റ്റ് നാല് ഇടവക വികാരിമാരുടെ മദ്ധ്യസ്ഥനായ വിശുദ്ധ ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ ബഹുമാനപ്പെട്ട വൈദികരുടെ വീട്ടുകാരിൽ നിന്ന് തന്നെ ആശംസകൾ നേരുന്ന വീഡിയോസ് ശേഖരിച്ച് പ്രൊജക്റ്റർ വഴി കുട്ടികളെ കാണിക്കുകയും ബഹുമാനപ്പെട്ട വൈദികർക്ക് ആശംസകൾ നേരുകയും ചെയ്തത് പുതിയ ഒരു അനുഭവമേകി. ആഗസ്റ്റ് 10 കുഞ്ഞേട്ടൻ ദിനാചരണത്തിൽ മുൻ വർഷത്തിലെ ഭാരവാഹികൾക്ക് ആശംസകൾ നേർന്ന് ആദരിച്ചു. കുട്ടികളിൽ നിന്ന് ചൂരൽമലയ്ക്കുള്ള കളക്ഷൻ നടത്തി. 25-ാം തീയതി വി. കുർബാനയെ സംബന്ധിച്ചുള്ള ഒരു ക്ലാസ് ബ്രദർ ജെയ്ജോ കുട്ടികൾക്ക് നൽകി.

ചെറുപുഷ്പമിഷൻ ലീഗിനെ സംബന്ധിച്ച് ഏറെ പ്രധാധ്യമുള്ള മാസമാണ് ഒക്ടോബർ. അനുഗ്രഹീതമായ മിഷൻ ഞായറും നല്ലൊരു മിഷൻ മാസവും ആശംസിക്കുന്നു.

ജയ് ജയ് മിഷൻലീഗ്.

**തങ്കച്ചൻ മാപ്പിളക്കുന്നേൽ**

രൂപതാ സെക്രട്ടറി

## തിരുബാലസഖ്യം

വിശുദ്ധൻ: **വി. ഫ്രാൻസിസ് അസീസ്സി**
തിരുനാൾ: **കാവൽ മാലാഖയുടെ തിരുനാൾ** (ഒക്ടോബർ 2)
പ്രാർത്ഥന നിയോഗം: മാറാരോഗങ്ങളാൽ ബുദ്ധിമുട്ടുന്ന കുഞ്ഞുങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുന്നു.
സുകൃത ജപം: സ്നേഹം തന്നെയായ ദൈവമേ സ്നേഹിക്കാൻ എന്നെ പഠിപ്പിക്കേണമേ.
**തിരുബാലസഖ്യ കുഞ്ഞുങ്ങൾക്കായി സെപ്റ്റംബർ മാസത്തിൽ നടത്തിയ രൂപത ആന്തം വീഡിയോ മത്സര വിജയികൾ:**
* ഒന്നാം സ്ഥാനം : ചുണ്ടക്കര
* രണ്ടാം സ്ഥാനം : ദീപ്തിഗിരി
* മൂന്നാം സ്ഥാനം : കുറുമ്പാല
പ്രോത്സാഹന സമ്മാനത്തിന് അർഹരായവർ:
കണിയാരം, പുതുശ്ശേരികടവ്, മണിമൂളി, പുൽപ്പള്ളി, പാലാങ്കര, മഞ്ഞൂറ, നടവയൽ, കല്ലോടി, നെടുംബാല, ചുള്ളിയോട്. വിജയികൾക്ക് അഭിനന്ദനങ്ങൾ.
**വിത്ത് The Word of God** എന്ന അനുദിന വീഡിയോ പ്രോഗ്രാം ആരംഭിച്ചു. കുഞ്ഞുമക്കൾ ചെറുപ്പത്തിലെ വചനം പഠിക്കാനും വചനത്തെ സ്നേഹിക്കാനും പ്രചോദിപ്പിക്കപ്പെടുന്നതിനുവേണ്ടിയാണ് ഈ പ്രോഗ്രാം ക്രമീകരിച്ചിരിക്കുക.

ഒക്ടോബർ മാസത്തിൽ ഇടവക തലത്തിൽ ചെയ്യേണ്ട പ്രവർത്തനം: മിഷൻ മാസപ്രവർത്തനങ്ങളിൽ കുരുന്നുകളെ ഭാഗമാക്കുക.
**തിരുബാലസഖ്യ രൂപതാ കലാമത്സരം: ഒക്ടോബർ 12**

ഒക്ടോബർ മാസം കുഞ്ഞുങ്ങൾ മിഷൻ പ്രവർത്തനങ്ങളിലൂടെ ദൈവകൃപയാൽ നിറയുന്നവരാകട്ടെ.

സെക്രട്ടറി
**അജീറ്റ കന്നുകെട്ടിയിൽ**

**എൽ റൂഹ സമ്മർ ക്യാമ്പ്**
**സെന്റ് തോമസ് സീറോ മലബാർ ചർച്ച് ഖത്തർ**

ഖത്തറിലുള്ള മലയാളികളുടെ സ്വന്തമായ സെന്റ് തോമസ് സീറോ മലബാർ ഇടവകയിൽ 2024 സമ്മർ ക്യാമ്പ് 'എൽ റൂഹ' ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടത്തപ്പെട്ടു. 2024 ജൂലൈ പതിനെട്ടാം തീയതി മുതൽ 2024 ഓഗസ്റ്റ് പതിനെട്ടാം തീയതി വരെ നടത്തപ്പെട്ട ക്യാമ്പിൽ നഴ്സറി മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള 450 വിദ്യാർത്ഥികൾ പങ്കു ചേർന്നു. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, കോഡിനേറ്റർ സിസ്റ്റർ ആൻസി തോമസ് സി.എം.സി, സ്പിരിചൽ കൗൺസിലർ സി.ഡീന റോസ് സി.എം.സി എന്നിവരാണ് ക്യാമ്പിന് നേതൃത്വം നൽകിയത്.

**വോളണ്ടിയേഴ്സ്**

മൂന്ന് വിഭാഗങ്ങളിലായി നടത്തപ്പെട്ട ക്യാമ്പിൽ 40 അധ്യാപകർ വോളിയേഴ്സ് ആയി പ്രവർത്തിച്ചു. കൂടാതെ ജീസസ് യൂത്ത് മെമ്പേഴ്സ്, പൂർവ്വവിദ്യാർത്ഥി ഗ്രൂപ്പുകൾ, പ്രാർത്ഥന ഗ്രൂപ്പ് അംഗങ്ങൾ, കൈക്കാരന്മാർ, പി.ടി.എ, എന്നിങ്ങനെ വലിയൊരു നേതൃത്വനിര ഒരു മാസക്കാലം സജീവമായി ഏൽ റൂഹ ക്യാമ്പിൽ പ്രവർത്തന നിരതരായി.

**നേതൃത്വം**

ബഹുമാനപ്പെട്ട കപ്പൂച്ചിയൻ അച്ചന്മാരുടെ നേതൃത്വത്തിലുള്ള ഇടവകയാണ് ഖത്തർ ഇടവക കമ്മ്യൂണിറ്റി. ഫാ. ബിജു മാധവത്ത് ആയിരുന്നു സമ്മർ ക്യാമ്പിന്റെ നേതൃത്വം വഹിച്ചിരുന്നത്. ഫാ. ജിസ്സ് ഒ.എഫ്.എം ക്യാപ്പ് സഹവികാരിയയായി ക്യാമ്പിന് കരുത്ത് പകർന്നു.

**സമയ ക്രമീകരണം**

ശനിയാഴ്ചകളിൽ മുഴുവൻ ദിനവും വെള്ളി ഒഴികെ ബാക്കി ദിനങ്ങളിൽ മൂന്നു മണി മുതൽ ആറുമണിവരെയുമാണ് ക്യാമ്പ് നടന്നത്. ഏഴുമണിക്ക് വിശുദ്ധ കുർബാനയും.

**സ്പിരിചൽ ഷെയറിങ്**

എല്ലാദിവസവും രാവിലെ എട്ടര മുതൽ വൈകുന്നേരം 6 മണിവരെ വിദ്യാർത്ഥികൾക്ക് വേണ്ടിയുള്ള സ്പിരിചൽ ഷെയറിങ് നടത്തി. യൂത്ത് മിനിസ്ട്രി ടീം അംഗങ്ങൾ തന്നെ ഇതിനു നേതൃത്വം നൽകി.

**ഔട്ടിങ്**

2024 ഓഗസ്റ്റ് 3 ശനിയാഴ്ച വിദ്യാർത്ഥികൾക്ക് വേണ്ടി ഔട്ടിംഗ് സംഘടിപ്പിച്ചു. ഔട്ടിങ്ങിലൂടെ വലിയൊരു സ്നേഹ കൂട്ടായ്മയും പരസ്പര സ്നേഹവും ആഴത്തിൽ വളർത്തുവാൻ സഹായകമായി.

**ഭക്ഷണ ക്രമീകരണം**

എല്ലാ ശനിയാഴ്ചകളിലും ഉച്ചഭക്ഷണം വിദ്യാർത്ഥികൾക്ക് നൽകി. കൂടാതെ മറ്റു ദിനങ്ങളിൽ ഈവനിംഗ് സ്നാക്സ് എല്ലാ വിദ്യാർത്ഥികൾക്കും നൽകി.

**കുടുംബ സമ്മേളനം**

എൽ റൂഹ ക്യാമ്പിൽ പങ്കെടുത്ത മുഴുവൻ വിദ്യാർഥികളും അവരുടെ മാതാപിതാക്കളും ഒന്നിച്ചു ചേർന്ന് 2024 ഓഗസ്റ്റ് 16 വെള്ളിയാഴ്ച വൈകുന്നേരം നാലു മണിയുടെ വിശുദ്ധ കുർബാന യോട് കൂടെ ആരംഭിച്ചു. തുടർന്ന് ഓരോ കുടുംബവും ഒന്നിച്ച് ഇരുന്ന് ക്ലാസും ആരാധനയും പങ്കുവെക്കലും സംഘടിപ്പിച്ചു. ഇത് ഓരോ കുടുംബവും വിശ്വാസപരമായ കാര്യങ്ങളിൽ ശ്രദ്ധിക്കേ ണ്ടതും വളർത്തിയെടുക്കേണ്ടതുമായ വളരെ കാര്യങ്ങൾ ലഭ്യമായി. ഇത് കുടുംബങ്ങൾക്ക് വലിയൊരു ഉണർവിന് കാരണമായി.

**ഏൽ റൂഹാ സമാപനം**

2024 ഓഗസ്റ്റ് പതിനേഴാം തീയതി ശനിയാഴ്ച സമ്മർ ക്യാമ്പിന്റെ സമാപനദിനം ആയിരുന്നു. വിശുദ്ധ കുർബാനയ്ക്കു ശേഷം സമാപന സമ്മേളനം സംഘടിപ്പിച്ചു. തുടർന്ന് സമ്മർ ക്യാമ്പ് ഇന്റർ മീഡിയേറ്റിന്റ് സെഷന്റെ കലാ പ്രദർശനം നടന്നു. ഉച്ചഭക്ഷണത്തിനുശേഷം സമ്മർ ക്യാമ്പ് സീനിയർ സെഷന്റെ നാലു ഗ്രൂപ്പുകളുടെ കലാവിരുന്നുകളുടെ മത്സരമായിരുന്നു. വളരെ ഉന്നത മായ ഒരു പ്രകടനം നാലു ഗ്രൂപ്പുകളും കാഴ്ചവച്ചു. അതിനുശേഷം സമ്മർ ക്യാമ്പിന്റെ സമാപന സമ്മാനവിതരണങ്ങൾ ആയി രുന്നു. സമ്മർ ക്യാമ്പ് ലീഡേഴ്സ്, ബോസ് ഓഫ് ദി ഡേ, ബോസ് ഓഫ് ദി വീക്ക്, ബോസ് ഓഫ് ദി ക്യാമ്പ്, ഏറ്റവും കൂടുതൽ വചനം

പഠിച്ചവർ, ഏറ്റവും കൂടുതൽ ബൈബിൾ എഴുതിയവർ, ഏറ്റവും കൂടുതൽ ബൈബിൾ വായിച്ചവർ, സ്പെഷ്യൽ സമ്മാനങ്ങൾ, വോളന്റേഴ്സിനുള്ള സമ്മാനങ്ങൾ തുടങ്ങിയ ധാരാളം സമ്മാനങ്ങൾ വിതരണം ചെയ്തു. തുടർന്ന് സമാപന ആശീർവാദവും കലാശക്കൊട്ട് പ്രകടനവും നടത്തിക്കൊണ്ട് സമ്മർ ക്യാമ്പ് സമാപിച്ചു.

ചിട്ടയായ ഒരു ജീവിത ക്രമീകരണം സാധ്യമാക്കുവാനും, വിശ്വാസ ജീവിതത്തിൽ ആഴപ്പെടുവാനും, ശാരീരിക മാനസിക വൈകാരിക ആത്മീയ മേഖലകളിൽ പക്വമതികളായി തീരുവാനും, തങ്ങളിൽ ഒളിഞ്ഞിരിക്കുന്ന കഴിവുകളെ വികസിപ്പിച്ചെടുക്കുവാനും, ദേവാലയത്തോടും ദൈവീക കാര്യങ്ങളോടും കൂടുതൽ ചേർന്നുനിൽക്കുവാനും, സോഷ്യൽ മീഡിയ പോലുള്ള പല അടിമത്വങ്ങളിൽ നിന്നും വിമോചിതരാകുവാനും ഈ ക്യാമ്പിലൂടെ വിദ്യാർത്ഥികൾക്ക് സാധിച്ചു. അധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വൈദികരുടെയും യൂത്ത് മിനിസ്ട്രി ടീമിന്റെയും ഒത്തൊരുമിച്ചുള്ള ഒരു മാസത്തെ പ്രവർത്തനം കാതലായ ഒരു ആത്മീയ നവീകരണത്തിന് വഴിതെളിച്ചു. ഇതിനോട് സഹകരിച്ച എല്ലാവർക്കും പ്രത്യേകിച്ച് എച്ച്.എം. സിസ്റ്ററിനും, കോഡിനേറ്റർക്കും, അധ്യാപകർക്കും പ്രിയപ്പെട്ട വൈദികർക്കും സർവ്വോപരി നല്ല ദൈവത്തിനും നന്ദി.

**ദിവ്യകാരുണ്യ മിഷൻ അംഗങ്ങൾക്ക് വേണ്ടിയുള്ള ഓറിയന്റേഷൻ:**

സെന്റ് തോമസ് സീറോ മലബാർ ഖത്തർ ഇടവകയിലെ ഇരുപതോളം വരുന്ന ദിവ്യകാരുണ്യ മിഷൻ സംഘടനയിലെ അംഗങ്ങൾക്ക് വേണ്ടി ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിച്ചു. 2024 ആഗസ്റ്റ് 12 തിങ്കളാഴ്ച വൈകുന്നേരം ആറു മണിമുതൽ എട്ടുമണി വരെയാണ് ക്ലാസ്സ് സംഘടിപ്പിച്ചത്. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ ഡയറക്ടർ ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആണ് ഓറിയന്റേഷൻ ക്ലാസിന് നേതൃത്വം നൽകിയത്.

**അമ്മ എന്ന പുണ്യം**

2024 ഓഗസ്റ്റ് പതിമൂന്നാം തീയതി ചൊവ്വാഴ്ച സെന്റ് തോമസ് സീറോ മലബാർ ഖത്തർ ഇടവകയിലെ 40 മാതൃ സംഘാംഗങ്ങൾക്ക് വേണ്ടി സെമിനാർ നടത്തി. ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ കോഡിനേറ്റർ സി. ആൻസി തോമസ് സി എം സി അമ്മ

എന്ന പുണ്യത്തെ ആധാരമാക്കി ക്ലാസുകൾ നയിച്ചു. യൂത്ത് മിനിസ്ട്രി സ്പിരിചൽ ആനിമേറ്റർ സി. ഡീന റോസ് സി എം സി പ്രത്യേക പ്രാർത്ഥനാ ശുശ്രൂഷ നടത്തി. മാതാക്കളുടെ ഈ സംഗമം ഏറെ അനുഗ്രഹദായകമായ ഒന്നായിരുന്നു.

**പ്രാർത്ഥനാപൂർവ്വം:**

മലങ്കര കത്തോലിക്ക സഭയിലെ ഖത്തർ ഇടവകയിലുള്ള പ്രാർത്ഥനാഗ്രൂപ്പ് അംഗങ്ങൾക്ക് വേണ്ടിയും, മാതൃസംഘത്തിലെ അംഗങ്ങൾക്ക് വേണ്ടിയും ഓഗസ്റ്റ് ഒമ്പതാം തീയതി വെള്ളിയാഴ്ച ക്ലാസുകളും പ്രാർത്ഥനയും ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ചു. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ, സിസ്റ്റർ ആൻസി തോമസ് സി എം സി, സി. ഡീന റോസ് സി എം സി എന്നിവരാണ് നേതൃത്വം നൽകിയത്. ഇത് വലിയൊരു കൂട്ടായ്മയ്ക്കും ഉണർവിനും കാരണമായി.

**ലൈഫ് ട്രെയിനിങ്**

**എട്ടുനോമ്പ്**

എട്ടുനോമ്പിന്റെ ഭാഗമായി പരിശുദ്ധ അമ്മയോടുള്ള സ്നേഹം പ്രകടിപ്പിച്ചുകൊണ്ട് നോമ്പ് എടുക്കുകയും പോസ്റ്റർ തയ്യാറാക്കി സാമൂഹ്യ മാധ്യമങ്ങളിൽ പ്രചരിപ്പിക്കുകയും ചെയ്തു. ഇതിന് നേതൃത്വം നൽകിയത് ലൈഫ് 2020 ബാച്ച് ആൻ മരിയ അജിൻ ആണ്.

**കൂടുതൽ മികവോടെ**

സെപ്റ്റംബർ 6 വെള്ളിയാഴ്ച നിലമ്പൂർ ഭാഗത്തുള്ള ലൈഫ് വിദ്യാർത്ഥികൾ തങ്ങളുടെ ആത്മീയും പഠനപരവുമായ മേഖലകളിലെ കുറവുകൾ നികത്തുന്നതിനും ക്രമീകൃതമായ ജീവിതം രൂപപ്പെടുത്തുന്നതിനും വേണ്ടി മാതാപിതാക്കളോടൊപ്പം ദ്വാരകയിൽ എത്തി പരിശീലനത്തിൽ പങ്കുചേർന്നു. യൂത്ത് മിനിസ്ട്രി ടീം നേതൃത്വം വഹിച്ചു. മാതാപിതാക്കൾക്കും ലൈഫ് വിദ്യാർത്ഥികൾക്കും നന്ദി.

2024 സെപ്റ്റംബർ 7 ന് 10, 11, 12 ക്ലാസിലെ 22 വിദ്യാർത്ഥികൾ യൂത്ത് മിനിസ്ട്രി ഓഫീസിൽ ലാലച്ചന്റെ നേതൃത്വത്തിൽ ഒന്നുചേർന്ന് ലൈഫ് ജീവിത ക്രമീകരണം നടത്തി.

2024 സെപ്റ്റംബർ 16,17 തീയതികളിൽ ലൈഫ് 2022, 2021, 2020, 2019, ബാച്ചുകളിലെ 18 വിദ്യാർത്ഥികൾ ദ്വാരക പാസ്റ്റർ

സെന്ററിൽ വെച്ച് നടത്തിയ ലൈഫ് ട്രെയിനിങ്ങിൽ പങ്കുചേരുകയും സെബിൻ പോരൂരിന്റെ നേതൃത്വത്തിൽ സയൻസ് വിഷയത്തിൽ ക്ലാസുകൾ നൽകുകയും ചെയ്തു.

2024 സെപ്റ്റംബർ 18,19 തീയതികളിൽ ലൈഫ് 2023 ബാച്ചിലെ 12 വിദ്യാർത്ഥികൾ ദ്വാരകയിൽ ഒന്ന് ചേർന്ന് ലൈഫ് ട്രെയിനിങ് നടത്തി. ടെസ്വിൻ വഞ്ഞോട് ക്ലാസുകൾക്ക് നേതൃത്വം നൽകി.

സെപ്റ്റംബർ 19, 20 വെള്ളി, ശനി ദിനങ്ങളിലായി ലൈഫ് 2024 ബാച്ചിന് ദ്വാരക പാസ്റ്റർ സെന്ററിൽ വച്ച് പരിശീലനം നൽകി. യൂത്ത് മിനിസ്ട്രി ടീം നേതൃത്വം വഹിച്ചു.

ഓണാവധിയുടെ ദിനങ്ങളിൽ *ലൈഫ്* വിദ്യാർത്ഥികൾക്ക് വേണ്ടി വിശുദ്ധ ബലിയർപ്പിച്ച ബഹുമാനപ്പെട്ട ജോസഫ് പരുവുമ്മേൽ അച്ചനും, സെബാസ്റ്റ്യൻ പുത്തേൻ അച്ചനും സഹായിച്ച സി. ലിഡിയ സി.എം.സിക്കും യൂത്ത് മിനിസ്ട്രിയുടെ നന്ദി.

**സി. ആൻസി തോമസ് സി.എം.സി**
സെക്രട്ടറി, ഡിപ്പാർട്ട്മെന്റ് ഓഫ് യൂത്ത് മിനിസ്ട്രി

## സംസ്ഥാന അർദ്ധവാർഷിക സെനറ്റ്

കെ.സി.വൈ.എം എറണാകുളം അങ്കമാലി മേജർ അതിരൂപതയുടെ ആതിഥേയത്വത്തിൽ ഓഗസ്റ്റ് 17, 18 തീയതികളിൽ നടന്ന കേരള കത്തോലിക്ക യുവജന പ്രസ്ഥാനത്തിന്റെ 46-ാം സംസ്ഥാന അർദ്ധവാഷിക സെനറ്റ് സമ്മേളനത്തിൽ കെ.സി.വൈ.എം മാനന്തവാടി രൂപതയിൽനിന്നുള്ള പ്രതിനിധികൾ പങ്കെടുത്തു. രൂപതയുടെ പ്രവർത്തന റിപ്പോർട്ട് സംസ്ഥാന സിൻഡിക്കേറ്റ് അംഗം ശ്രീ.ജസ്റ്റിൻ ലൂക്കോസ് നീലംപറമ്പിൽ അവതരിപ്പിച്ചു.

## Faith Link

തിരുവചനത്തിന്റെ ആഴങ്ങളെ തൊട്ടറിയാനും, കൗദാശിക ജീവിതത്തെ കൂടുതൽ അടുത്തറിയുവാനും, ധാർമ്മിക മൂല്യങ്ങളിൽ ആഴപ്പെട്ട് വളരുവാനും കെ.സി.വൈ.എം മാനന്തവാടി രൂപതയുടെ നേതൃത്വത്തിൽ സംഘടിപ്പിക്കുന്ന ഫെയിത് ലിങ്ക് ഓൺലൈൻ സ്റ്റഡി ഫോറത്തിന്റെ സെഷനുകൾ ആഗസ്റ്റ് 23, 30, സെപ്റ്റംബർ 6 എന്നീ തിയതികളിൽ നടത്തപ്പെട്ടു. ബഹു. റവ. ഡോ. ഫാ. ജോംസ് തനിക്കപ്പാറ ക്ലാസുകൾ നയിച്ചു.

## ലെറ്റർ ക്യാമ്പയിൻ

ജനജീവിതത്തെ രൂക്ഷമായി ബാധിക്കാൻ സാധ്യതയുള്ള മുല്ലപ്പെരിയാർ അണക്കെട്ടിന്റെ അപകട ഭീഷണി ഒഴിവാക്കാൻ അടിയന്തര ഇടപെടൽ ആവശ്യപ്പെട്ടുകൊണ്ട് കെ.സി.വൈ.എം മാനന്തവാടി രൂപത സമിതിയോട് ചേർന്ന് രൂപതയിലെ യൂണിറ്റുകളിൽ നിന്നും, മേഖലകളിൽ നിന്നും രാഷ്ട്രപതിയ്ക്കും, പ്രധാനമന്ത്രിയ്ക്കും കത്തുകൾ അയയ്ക്കുന്ന ക്യാമ്പയിന് തുടക്കം കുറിച്ചു.

## YOUTH LINK

കെ.സി.വൈ.എം യൂണിറ്റ് പ്രസിഡന്റ്, വൈസ് പ്രസിഡന്റ്, മേഖല ഭാരവാഹികൾ എന്നിവരുടെ സംഗമമാണ് യൂത്ത് ലിങ്ക്. ഓഗസ്റ്റ് 11ന് മണിമൂളി, നിലമ്പൂർ മേഖലകളുടെ സംഗമവും, ഓഗസ്റ്റ് 25ന് കൽപ്പറ്റ, തരിയോട്, നടവയൽ മേഖലകളുടെ

സംഗമവും, ഓഗസ്റ്റ് 26ന് മാനന്തവാടി, ചുങ്കക്കുന്ന് മേഖലകളുടെ സംഗമവും, സെപ്റ്റംബർ ഒന്നിന് ബത്തേരി, നീലഗിരി, മുള്ളൻകൊല്ലി മേഖലകളുടെ സംഗമവും നടന്നു. സംഗമത്തിൽ യൂണിറ്റ്, മേഖലാ അടിസ്ഥാനത്തിൽ നടത്തുന്ന സംഘടനാ പ്രവർത്തനങ്ങളും പ്രതിസന്ധികളും ചർച്ച ചെയ്തു.

**വായ് മൂടിക്കെട്ടി പ്രതിഷേധം**

രാജ്യത്ത് വർദ്ധിച്ചു വരുന്ന സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ തടയുകയും അക്രമികൾക്കെതിരെ കടുത്ത ശിക്ഷ നടപടി ഉണ്ടാവുകയും ചെയ്യണമെന്ന് ആവശ്യം മുന്നോട്ടുവച്ച് കെ.സി.വൈ.എം മാനന്തവാടി രൂപത ഓഗസ്റ്റ് 25ന് കറുത്ത തുണികൊണ്ട് വായ് മൂടികെട്ടി പ്രതീകാത്മക സമരം നടത്തി. രൂപത വൈസ് പ്രസിഡന്റ് ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ, രൂപത ഡയറക്ടർ ഫാ. സാന്റോ അമ്പലത്തറ, നടവയൽ മേഖലാ പ്രസിഡന്റ് നിഖിൽ ചൂടിയാങ്കൽ, നടവയൽ മേഖല വൈസ് പ്രസിഡന്റ് എയ്ഞ്ചൽ പയ്യനാട്ട് എന്നിവർ സംസാരിച്ചു. മുട്ടിൽ ടൗണിൽ വെച്ച് നടന്ന പ്രതിഷേധ പരിപാടിയിൽ തരിയോട്, കൽപ്പറ്റ, നടവയൽ മേഖലകളിൽ നിന്നായി അൻപതോളം പേർ പങ്കെടുത്തു.

**ഫാ. സ്റ്റാൻ സ്വാമി അനുസ്മരണം**

ജാർഖണ്ഡിലെ ആദിവാസികളുടെ അവകാശങ്ങൾക്കുവേണ്ടി പോരാടി വിചാരണതടവുകാരനായിരിക്കെ മരണപ്പെട്ട വന്ദ്യ വൈദികൻ ഫാ. സ്റ്റാൻ സ്വാമിയുടെ അനുസ്മരണം 2024 ഓഗസ്റ്റ് 26 തിങ്കളാഴ്ച ബോയ്സ് ടൗൺ WSSS ഓഡിറ്റോറിയത്തിൽ വച്ച് കെ.സി.വൈ.എം.മാനന്തവാടി രൂപത പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിലിന്റെ അദ്ധ്യക്ഷതയിൽ നടത്തപ്പെട്ടു. ഫാദർ സ്റ്റാൻ സ്വാമിയുടെ ചിത്രത്തിൽ പുഷ്പാർച്ചന നടത്തി. മാനന്തവാടി, ചുങ്കക്കുന്ന് മേഖലകളുടെ ആതിഥേയത്തിൽ നടന്ന ചടങ്ങിൽ ചുങ്കക്കുന്ന് മേഖല വൈസ് പ്രസിഡന്റ് മരിയ വലിയവീട്ടിൽ അനുസ്മരണ പ്രഭാഷണം നടത്തി.

**അമ്മയോടൊപ്പം**

പരിശുദ്ധ അമ്മയുടെ ജനനത്തിരുനാളിന് ഒരുക്കമായി അമ്മയോടൊപ്പം എന്ന പേരിൽ വാരാചരണം നടത്തി. രൂപതയിലെ യുവജനങ്ങൾ കുമ്പസാരിച്ചൊരുങ്ങി വിശുദ്ധ കുർബാനയിൽ പങ്കുചേരുക, വിശ്വാസവും വിശുദ്ധിയും നിയോഗമായി സമർപ്പിച്ച് കെ.സി.വൈ.എം യൂണിറ്റ്, മേഖലാ അടിസ്ഥാനത്തിൽ ജപമാല

ചൊല്ലുക, പ്രത്യേക നിയോഗങ്ങൾ സമർപ്പിച്ച് പരിശുദ്ധ ദൈവമാതാവിനോട് മാധ്യസ്ഥം തേടുക, വളരെ പ്രത്യേകമായി ലഹരിക്ക് അടിമപ്പെട്ട യുവജനങ്ങളെ സമർപ്പിച്ചു പ്രാർത്ഥിക്കുക എന്നീ ആത്മീയ നിർദ്ദേശങ്ങളിൽ യുവജനങ്ങൾ പങ്കുചേർന്നു. എട്ടു നോമ്പ് തിരുനാളിനോട് അനുബന്ധിച്ച് എസ്.എം.വൈ.എം സംസ്ഥാന സമിതിയുടെ നേതൃത്വത്തിൽ *അമ്മയോടൊപ്പം യുവജനങ്ങൾ* എന്ന ജപമാലയജ്ഞത്തിന്റെ നാലാം ദിനമായ സെപ്റ്റംബർ 4ന് മാനന്തവാടി, തൃശൂർ രൂപതകളിലെ യുവജനങ്ങൾ ഒന്ന് ചേർന്ന് ജപമാല ചൊല്ലി പ്രാർത്ഥിച്ചു. മാർ അലക്സ് താരാമംഗലം പിതാവ് സന്ദേശം നൽകി.

**റോഡോ കുഴിയോ!**

പ്രദേശിക റോഡുകൾ ഗതാഗത യോഗ്യമല്ലാത്ത സാഹചര്യത്തിൽ റോഡിന്റെ ശോചനീയാവസ്ഥയെക്കുറിച്ച് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നതിനായി കെ.സി.വൈ.എം മാനന്തവാടി രൂപത *റോഡോ കുഴിയോ* എന്ന പേരിൽ ക്യാമ്പയിൻ ആരംഭിച്ചു. പത്രങ്ങളിലും മറ്റു സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകളിലും റോഡുകളുടെ ശോചനീയ അവസ്ഥയെ വിവരിച്ച് വാർത്തകൾ കൊടുക്കുകയും, റീൽസുകൾ നിർമ്മിക്കുകയും യൂണിറ്റ് അടിസ്ഥാനത്തിൽ ബന്ധപ്പെട്ട അധികാരികളിലേക്ക് പരാതികൾ സമർപ്പിക്കുകയും ചെയ്യാൻ ആഹ്വാനം ചെയ്തു.

**പത്രപ്രസ്താവനകൾ**

ചുരമില്ല ബദൽ പാതയായ പൂഴിത്തോട് പടിഞ്ഞാറത്തറ റോഡ് എത്രയും വേഗം പ്രവർത്തനസജ്ജമാക്കണമെന്നും, കണ്ണൂരിൽ നിന്ന് വയനാട്ടിലേക്ക് ചുരരഹിത പാതയായ അമ്പായത്തോട് തലപ്പുഴ നാല്പത്തിനാലാം മൈൽ റോഡ് യഥാർഥ്യമാക്കണമെന്നും, വയനാട് നീലഗിരി മേഖലകളിൽ വർദ്ധിച്ചുവരുന്ന വന്യജീവി ശല്യത്തിന് ശാശ്വത പരിഹാരം സർക്കാർ കാണണമെന്നും വനത്തിനുള്ളിലെ നിർമ്മാണ പ്രവർത്തനങ്ങൾ ഒരു സോഷ്യൽ ഓഡിറ്റിങ്ങിന് വിധേയമാക്കണമെന്നും ആവശ്യപ്പെട്ടുക്കൊണ്ട് കെ.സി.വൈ.എം മാനന്തവാടി രൂപത പത്രപ്രസ്താവനകൾ നൽകി.

**പേൾ 2024 കലാസാഹിത്യ മത്സരങ്ങൾ**

ചൂരൽമല മുണ്ടക്കൈ ദുരന്തത്തിൽ ഒത്തിരിയേറെപ്പേർക്ക് ജീവനും ജീവിത മാർഗങ്ങളും നഷ്ടപ്പെടുകയും ഒത്തിരിയേറെ പേരെ കാണാതാവുകയും ചെയ്ത സാഹചര്യത്തിൽ കെ.സി.വൈ.

എം. മാനന്തവാടി രൂപതയുടെ ഈ വർഷത്തെ  യൂണിറ്റ്, മേഖല, രൂപതാതല കലാസാഹിത്യ മത്സരങ്ങൾ ഒഴിവാക്കി. മത്സരങ്ങളുടെ നടത്തിപ്പിനായി ആവശ്യമായി വരുന്ന തുക മുണ്ടക്കൈ ചൂരൽ മല ദുരന്തത്തിൽപെട്ടവരുടെ പുനരധിവാസത്തിനായി (ഭവനം, തൊഴിൽ, വിദ്യാഭ്യാസം) വിനിയോഗിക്കാനുള്ള പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു

**ജന്മദിനാശംസകൾ**

കെ. സി. വൈ. എം മാനന്തവാടി രൂപതാ വൈസ് പ്രസിഡന്റ് ബെറ്റി അന്ന ബെന്നി പുതുപ്പറമ്പിൽ, സെക്രട്ടറി ഡെലിസ് സൈമൺ വയലുങ്കൽ, ട്രഷറർ ജോബിൻ ജോയ് തുരുത്തേൽ കെ.സി.വൈ. എം മാനന്തവാടി രൂപതാ സിൻഡിക്കേറ്റ് അംഗം ഫാ.നിധിൻ പാല ക്കാട്ട് എന്നിവർക്ക് ജന്മദിനാശംസകൾ നേർന്നു.

**ആദരാഞ്ജലികൾ**

കെ.സി.വൈ.എം നിലമ്പൂർ മേഖലാ സെക്രട്ടറി ദീപാ അലക് സിന്റെയും മുൻ സെക്രട്ടറി ടെസ്സ അലക്സിന്റെയും പിതാവ് അലക്സ് അരങ്ങത്തിന് ആദരാഞ്ജലികൾ.

**ആശംസകൾ**

അന്താരാഷ്ട്ര യുവജന ദിനം, പരിശുദ്ധ മാതാവിന്റെ സ്വർ ഗ്ഗാരോപണം തിരുനാൾ, സ്വാതന്ത്ര്യ ദിനം, അധ്യാപക ദിനം, വിശുദ്ധ മദർ തെരേസയുടെ തിരുനാൾ, പരിശുദ്ധ മാതാവിന്റെ ജനന തിരുനാൾ എന്നീ ദിനങ്ങളുടെ ആശംസകൾ അർപ്പിച്ചു. പാലാ യിൽ വച്ച് നടക്കുന്ന അഞ്ചാം സീറോ മലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലിയിൽ യുവജനങ്ങളെ പ്രതിനിധീകരിച്ച് പങ്കെടുക്കുന്ന കെ.സി.വൈ.എം മാനന്തവാടി രൂപതാ പ്രസിഡന്റ് ശ്രീ. ജിഷിൻ മുണ്ടക്കത്തടത്തിലിനും, മറ്റു പ്രതിനിധികൾക്കും ആശംസകൾ അറിയിച്ചു.

**യൂണിറ്റ് വാർത്തകൾ**

**തെനേരി**

കൽപ്പറ്റ ഡി പോൾ സ്കൂളിൽ സംഘടിപ്പിച്ചിരുന്ന ദുരിതാ ശ്വാസ ക്യാമ്പിൽ ആവശ്യമായ പച്ചക്കറി അരിയാനും, പരിസരം വൃത്തിയാക്കുവാനും, കലാപരിപാടികൾ അവതരിപ്പിക്കാനും ഇരുപത്തിയഞ്ചോളം യുവജനങ്ങൾ പങ്കെടുത്തു. ജപമാല, കരുണ കൊന്ത ചൊല്ലി  ദുരന്തത്തിൽ അകപ്പെട്ടവർക്കുവേണ്ടി പ്രാർത്ഥിച്ചു.

**കയ്യൂന്നി**

യുവജന പ്രവർത്തനമാസം വർണ്ണാഭമായ പരിപാടികളോടെ ഉദ്ഘാടനം ചെയ്യപ്പെട്ടു. പ്രകൃതി ദുരന്തത്തിൽ അകപ്പെട്ടവർക്ക് വേണ്ടി ദിവ്യകാരുണ്യ ആരാധന, പ്രാർത്ഥനാദിനം നടത്തി. വിയാനി ദിനാചരണം, വിശുദ്ധ ബലിയിലെ ശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കൽ, പതാക ഉയർത്തൽ, യുവജനദിന സന്ദേശം, വൈദികരെ ആദരിക്കൽ എന്നിവ നടത്തി. ഞായറാഴ്ചകളിൽ ഇടവകയിലെ വൃദ്ധരും കിടപ്പ് രോഗികളുമായ എല്ലാ മാതാപിതാക്കളെയും സന്ദർശിച്ചു, മധുര വിതരണവും, ജപമാല വിതരണവും നടത്തി. ഇടവകയിലെ അമ്മമാർക്കായി കൊന്ത നിർമ്മാണം മത്സരം നടത്തി. ഗ്രീൻ ഫ്യൂച്ചറിന്റെ ഭാഗമായി ഇടവക പരിധിയിലുള്ള ബസ്റ്റോപ്പ് ക്ലീൻ ചെയ്യുകയും പ്ലാസ്റ്റിക് മാലിന്യ വിമുക്തമാക്കുകയും ചെയ്തു. മേഖലയിൽ നിന്നും ഗ്രീൻ ഫ്യൂച്ചറിന്റെ ഭാഗമായി വിതരണം ചെയ്ത വൃക്ഷത്തൈ നട്ടു. 15 നോമ്പിന് എല്ലാ ദിവസവും ദിവ്യ ബലിയിൽ സംബന്ധിച്ച യുവജനങ്ങൾക്കായി സംഘടിപ്പിച്ച സർപ്രൈസ് ഗിഫ്റ്റിന് 5 പേർ അർഹരായി. ഓഗസ്റ്റ് മാസത്തിലെ വിശുദ്ധ കുർബാനയിൽ ബൈബിൾ വായന, ശുശ്രൂഷകൾ എന്നിവ യുവജനങ്ങളുടെ നേതൃത്വത്തിൽ നടത്തി. ഗ്രീൻഫ്യൂച്ചറിന്റെ ഭാഗമായി മേഖല സംഘടിപ്പിച്ച പ്ലാസ്റ്റിക്കിനെതിരെ പ്രതികരണത്തിൽ പങ്കെടുത്തു. സ്വാതന്ത്ര്യ ദിനവും മാതാവിന്റെ സ്വർഗ്ഗാരോപണവും സമുചിതമായി ആചരിച്ചു. സ്വാതന്ത്ര്യദിന മരിയൻ ക്വിസ്സിൽ യുവജനങ്ങൾ പങ്കെടുത്തു.

**ആടിക്കൊല്ലി**

യുവജനങ്ങൾക്കായി യുവജന സംഗമവും 'സൈബർ സെക്യൂരിറ്റി അവെർനസ്' എന്ന വിഷയത്തിൽ അഡ്വ. ജിജിൽ ജോസഫ് നയിക്കുന്ന ക്ലാസും സംഘടിപ്പിച്ചു. യൂണിറ്റ് ഡയറക്ടർ ഫാദർ സോമി വടയാപറമ്പിലിന്റെ നേതൃത്വത്തിൽ യുവജനങ്ങൾ മരക്കടവ് ഓൾഡേജ് ഹോം, സെന്റ് ജോസഫ്സ് ഹോം ഫോർ ദി ഹാൻഡികാപ്പ്ഡ് വുമൺ കാപ്പിസെറ്റ് സന്ദർശിച്ചു. ഇടവകയിലെ 70 വയസ്സിന് മുകളിൽ പ്രായമുള്ളവർക്കായ് കുമ്പസാരവും വിശുദ്ധ കുർബാനയും തുടർന്ന് അവരുടെ സംഗമവും സ്നേഹവിരുന്നും നടത്തി അവരെ ആദരിച്ചു.

**പുതുശ്ശേരിക്കടവ്**

പരിശുദ്ധ അമ്മയുടെ സ്തോത്രഗീത ആലാപനം, ഗ്രീൻ ഫ്യൂച്ചറിന്റെ ഭാഗമായി പ്രകൃതി സംരക്ഷണ പ്രതിജ്ഞ, പ്രകൃതി സംരക്ഷണത്തിനായി ഒരു കയ്യൊപ്പ് കാമ്പയിൻ നടത്തി. അന്താരാഷ്ട്ര യുവജന ദിനത്തോടനുബന്ധിച്ചു പ്രകൃതി സംരക്ഷണ ഫോട്ടോഗ്രാഫി മത്സരം നടത്തി. വിശുദ്ധ ബർക്കുമാൻസിന്റെ ചരിത്രം വീഡിയോ ഷെയർ ചെയ്തു, അൾത്താര ബാലന്മാർക്ക് ആശംസകൾ നേർന്നു, മരത്തൈ നട്ടു, യുവജനങ്ങളുടെ നേതൃത്വത്തിൽ പ്രവർത്തനമാസ തീം സോങ്ങ് 'ഭൂമിക്കൊരു കരുതൽ' പുറത്തിറക്കി. കർക്കിടകമാസ പത്തിലക്കറികൾ സോഷ്യൽ മീഡിയയിലൂടെ പരിചയപ്പെടുത്തി വിൻസെന്റ് ഡി പോൾ സംഘടനാ വനിതാ വിഭാഗത്തെ ആദരിച്ചു. സ്വാതന്ത്ര്യദിന സ്വർഗാരോപണ ദിനാചരണം, പതാക ഉയർത്തി, ഓൺലൈൻ പ്രസംഗ മത്സരം നടത്തി, മാതാവിന്റെ വിവിധ വേഷങ്ങൾ പ്രച്ഛന്ന വേഷം അണിയുകയുകയും വീഡിയോ ചിത്രീകരിച്ച് യൂട്യൂബിൽ അപ്ലോഡ് ചെയ്യുകയും ചെയ്തു. സെൽഫി വിത്ത് ട്രീ കാമ്പയിൻ നടത്തി. കർഷക ദിന സന്ദേശം പങ്കുവച്ചു. പടിഞ്ഞാറത്തറ കൃഷി ഓഫീസറുമായി യുവജനങ്ങൾ അഭിമുഖം നടത്തി. രൂപതാ വൈസ് പ്രസിഡന്റ് ബെറ്റി പുതുപ്പറമ്പിൽ ചെടി നട്ടു കൊണ്ട് ഇടവകയുടെ ഗ്രീൻ ഫ്യൂച്ചർ പ്രവർത്തനത്തിൽ പങ്കാളിയായി. ഇടവകയിലെ പട്ടാളക്കാരുമായി യുവജനങ്ങൾ അഭിമുഖം നടത്തി, സ്വാതന്ത്ര്യദിന സ്വർഗ്ഗാരോപണദിന ആഘോഷം നടത്തി. വ്യോമയാനദിനം, ഇടവകയിലെ പൈലറ്റുമായി ഗൂഗിൾ മീറ്റ് വഴി അഭിമുഖം നടത്തി. പതിനാറാം മൈലിൽ കത്തുകൾ കൃത്യമായി ലഭിക്കാത്തതിനാൽ കൽപ്പറ്റ ഹെഡ് ഓഫീസിൽ യുവജനങ്ങൾ പരാതി നൽകി. വിശുദ്ധരുടെ ജീവചരിത്രം പങ്കുവച്ചു. യുവജനങ്ങൾ പ്രകൃതി സംരക്ഷണ ബോധവൽക്കരണ വീഡിയോ നിർമ്മിച്ച് ഗ്രൂപ്പിൽ പങ്കുവച്ചു. മലിനീകരണം തടയുക എന്ന ലക്ഷ്യത്തോടെ കൊതുകു പിടിക്കൽ മത്സരം നടത്തി. കൊതുകു ബാറ്റ് സമ്മാനം നൽകി. പ്രകൃതി സംരക്ഷണം വിഷയമാക്കി മുദ്രാവാക്യരചന മത്സരം നടത്തി. ഗവൺമെന്റ് മെഡിക്കൽ കോളേജിൽ ഉച്ചഭക്ഷണ പൊതികൾ വിതരണം ചെയ്തു. കെ.സി.വൈ.എം ജനറൽ ബോഡി നടത്തി. ഗ്രീൻ ഫ്യൂച്ചർ അടിസ്ഥാനമാക്കി ഹരിതം ഷോർട്ഫിലിം ചിത്രീകരിച്ചു. യുവജനങ്ങൾ വിവിധ ഔഷധ സസ്യങ്ങളെ പരിചയ

പ്പെടുത്തി മോനിക്ക പുണ്യവതിയുടെ തിരുനാൾ, വൈസ് പ്രസിഡന്റ് അമ്മമാർക്ക് ആശംസകൾ അറിയിച്ചു കൊണ്ട് പുണ്യവതിയുടെ ചരിത്ര വീഡിയോ പങ്കുവച്ചു. സ്റ്റാൻ സ്വാമി അനുസ്മരണം, സെമിത്തേരിയിൽ മെഴുകുതിരി കത്തിച്ചു പ്രാർത്ഥിച്ചു. ദേശീയ കായിക ദിനം, ഗെയിംസ് നടത്തി. യുവജനങ്ങൾ പ്രകൃതി സംരക്ഷണ ബോധവൽക്കരണ വീഡിയോ നിർമ്മിച്ച് ഗ്രൂപ്പിൽ പങ്കുവച്ചു. പ്രവർത്തനമാസ സമാപന ദിനം, ഷോർട് ഫിലിം 'ഹരിതം' പ്രകാശനം ചെയ്തു. ഫ്രാൻസിസ് പാപ്പായുടെ പ്രകൃതി സംരക്ഷണത്തെക്കുറിച്ചുള്ള 'അങ്ങേയ്ക്കു സ്തുതി' എന്ന ചാക്രിക ലേഖനത്തിന്റെ ആശയങ്ങൾ പങ്കുവച്ചു.

**തോമാട്ടുചാൽ**

യുവജനങ്ങൾ ഒരുമിച്ചുകൂടി ആഗസ്റ്റ് 1 നു പ്രവർത്തന മാസത്തോടനുബന്ധിച്ച് രാവിലെ കുർബാനയിൽ പങ്കുചേരുകയും തിരികത്തിച്ച് പ്രവർത്തനമാസം ഉദ്ഘാടനം ചെയ്യുകയും ചെയ്തു. മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ മരണമടഞ്ഞ സഹോദരങ്ങൾക്ക് വേണ്ടി പ്രാർത്ഥിച്ചു, ദിവസം അരമണിക്കൂർ നേരം മരണമടഞ്ഞ സഹോദരങ്ങളുടെ ആത്മശാന്തിക്ക് വേണ്ടി ബൈബിൾ വായിക്കുവാൻ ഇടവക സമൂഹത്തോട് ആഹ്വാനം ചെയ്തു. ഓഗസ്റ്റ് 1,2,3 തീയതികളിൽ മുണ്ടക്കൈ ദുരന്തത്തിൽ രക്ഷാപ്രവർത്തനത്തിന് എത്തിയവർക്കുവേണ്ടി ചായയും കടിയും സംഭവ സ്ഥലത്ത് എത്തിച്ചുകൊടുക്കുകയും രക്ഷാപ്രവർത്തനത്തിന് സഹായിക്കുകയും ചെയ്തു. എക്സിക്യൂട്ടീവ് അംഗങ്ങൾ എല്ലാവരും ചേർന്ന് യൂണിറ്റ് ഡയറക്ടറച്ചന് വൈദികദിന ആശംസകൾ നേരുകയും ചെയ്തു. ഓഗസ്റ്റ് 15 സ്വാതന്ത്ര്യ ദിനത്തോടനുബന്ധിച്ച് പള്ളിയിൽ പതാക ഉയർത്തുകയും ഇടവകാ സമൂഹത്തിന് സ്വാതന്ത്ര ദിന ആശംസകൾ നേരുകയും ചെയ്തു. ലോക അവയവദാന ദിനത്തോടനുബന്ധിച്ച് അവയവദാന ക്യാമ്പയിൻ നടത്തുകയും താല്പര്യമുള്ള യുവജനങ്ങളെ കൊണ്ട് രജിസ്റ്റർ ചെയ്യിപ്പിക്കുകയും ചെയ്തു. അന്താരാഷ്ട്ര ഫോട്ടോഗ്രാഫി ദിനത്തോടനുബന്ധിച്ച് *മരിക്കുന്ന ഭൂമി* എന്ന വിഷയത്തെ ആസ്പദമാക്കി ഫോട്ടോഗ്രാഫി മത്സരം സംഘടിപ്പിച്ചു. ഇടവകയിലെ പാവപ്പെട്ട കുടുംബങ്ങൾക്കായി ഭക്ഷണ കിറ്റ് തയ്യാറാക്കി വിതരണം ചെയ്തു. യുവജനങ്ങൾ എല്ലാവരും ഒരുമിച്ച് ചേർന്ന് സമീപ പ്രദേശത്തെ ബസ് സ്റ്റോപ്പ് ക്ലീൻ ചെയ്തു.

**ദ്വാരക**

കെ .സി. വൈ. എം ദ്വാരക യൂണിറ്റും, മേഖലയും സംയുക്തമായി പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. വിയാനി ദിനത്തിൽ വിയാനി ഭവനം സന്ദർശിക്കുകയും വൈദികർക്ക് ആശംസ അറിയിച്ചു. പൂക്കൾ കൊടുത്ത് ആദരിച്ചു. ഇടവകയിൽനിന്നും വിദേശത്ത് പഠിക്കുന്ന, ജോലി ചെയുന്ന യുവജനങ്ങൾക്കായി ഓൺലൈൻ സംഗമം വെച്ചു. വി. ക്ലാരയുടെ തിരുന്നാൾ ദിനത്തിൽ എഫ്.സി. സി മഠം സന്ദർശിച്ച് ആശംസ അറിയിച്ചു. അൾത്താര ബാലൻ മാരെ ആദരിച്ച് സമ്മാനങ്ങൾ കൊടുത്തു. എസ്.എച്ച്. സ്റ്റഡി ഹൗസിലെ അമ്മമാരെ സന്ദർശിച്ച് പരിപാടികൾ അവതരിപ്പിച്ചു. കർഷക ദിനത്തിൽ യുവ കർഷകനെ ആദരിച്ചു. യുവജന വർഷ ത്തിന്റെ ഭാഗമായി 12 മണിക്കൂർ ചെയിൻ ജപമാല ചൊല്ലി പ്രാർ ത്ഥിച്ചു. ഫാ. സ്റ്റാൻ സ്വാമി അനുസ്മരണം നടത്തി, ഫോട്ടോയ്ക്ക് മുമ്പിൽ പുഷ്പാർച്ചന നടത്തി. ഇടവകയിലെ സ്പോർട്സ് അധ്യാ പകരെ ആദരിച്ചു. യുവജന വർഷത്തിന്റെ ഭാഗമായി യുവജന ങ്ങൾക്കായി ആരാധന സംഘടിപ്പിച്ചു. യുവജന വർഷത്തിന്റെ ഭാഗമായി തിരുസഭയിൽ യുവജനങ്ങളുടെ പങ്കാളിത്തം എന്ന വിഷയ ത്തിൽ ഉപന്യാസമത്സരം സംഘടിപ്പിച്ചു.

**പയ്യമ്പള്ളി**

യുവജനങ്ങളുടെ നേതൃത്വത്തിൽ ഓരോ മാസത്തിന്റെയും രണ്ടാം ശനിയാഴ്ച പള്ളിയിൽ വരാൻ പറ്റാത്തവരെ വീടുകളിൽ ചെന്ന് കണ്ട് അവർക്കാവശ്യമായിരിക്കുന്ന ശുശ്രുഷകൾ ചെയ്തു വരുന്നു.

**പാതിരിപ്പാടം**

പ്രവർത്തനമാസം ആരംഭം എല്ലായുവജനങ്ങളും ആരാധന യിലും വിശുദ്ധബലിയിലും പങ്കെടുത്തു.അതിനുശേഷം പതാക യുയർത്തി പ്രവർത്തനമാസം ഉദ്ഘാടനം ചെയ്തു. ഗ്രോട്ടോ വൃത്തിയാക്കി. ഇടവകയിൽ കിടപ്പിലായ രോഗികളെ സന്ദർശി ച്ചു പ്രാർത്ഥിച്ചു. കിറ്റ് നൽകി. വിയാനി ദിനത്തിൽ വികാരി യച്ചനെ ആദരിച്ചു സംസാരിച്ചു. വിശുദ്ധ ക്ലാരയുടെ അനുസ്മ രണ ദിനത്തിൽ ഇടവകയിലെ എഫ്.സി.സി സിസ്റ്റേഴ്സിനെ ആദരിച്ചു. സി.എം.ൽ ജോയിന്റ് ഡയറക്ടർ സി. ദീപ്തിക്ക് നാമ ഹേതുക തിരുനാൾ മംഗളങ്ങൾ ആശംസിച്ചു.

ജനറൽ സെക്രട്ടറി

**ജസ്റ്റിൻ തെക്കേമുറിയിൽ**

**ലഹരിവിരുദ്ധ ദൂത്**

പനമരം: സെപ്റ്റംബർ ഒന്നാം തീയതി പനമരം സെന്റ് ജൂഡ്സ് ഇടവകയിൽ ലഹരി വിരുദ്ധദൂത് വികാരി ബഹു. സോണി വടയാപറമ്പിൽ ഉദ്ഘാടനം ചെയ്തു. സമിതി രൂപത ഡയറക്ടർ കുർബാന അർപ്പിച്ചു ബോധവത്കരണം നൽകി. ജ്വാല ലഹരി വിരുദ്ധ ക്ലബ് രൂപീകരിച്ചു. മദ്യ ലഹരി വിരുദ്ധ യൂണിറ്റ് സ്ഥാപിച്ചു. ലഹരി വിരുദ്ധ ദിനപരിപാടികൾ ആസൂത്രണം ചെയ്ത ഇടവക അംഗങ്ങൾക്ക് അഭിനന്ദനങ്ങൾ.

**ബോധവത്കരണ ക്ലാസ്സ്**

സെപ്റ്റംബർ 16ന് വിവാഹ ഒരുക്ക സെമിനാറിലും, സെപ്റ്റംബർ 20ന് നവീകരണ ധ്യാനത്തിൽ പങ്കെടുത്തവർക്കും രൂപത ഡയറക്ടർ ലഹരിവിരുദ്ധ ബോധവൽക്കരണ ക്ലാസ്സ് സംഘടിപ്പിച്ചു.

**ലഹരി വിരുദ്ധ വാരാചരണം**

കെ.സി.ബി.സി മദ്യ ലഹരി വിരുദ്ധ സമിതി മാനന്തവാടി രൂപതയും രൂപത കോർപ്പറേറ്റ് എജുക്കേഷനൽ ഏജൻസിയും സംയുക്തമായി സ്കൂളുകളിൽ നിലവിലുള്ള 'CASA' ലഹരി വിരുദ്ധ ക്ലബ്ബിലെ കുട്ടികൾക്കായി സംഘടിപ്പിച്ച മത്സരങ്ങളിൽ എല്ലാ സ്കൂളുകളും സജീവമായി പങ്കെടുത്തു. എൽ.പി., യുപി, ഹൈസ്കൂൾ വിഭാഗങ്ങൾക്കാണ് മത്സരങ്ങൾ സംഘടിപ്പിച്ചത്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുത്ത കോർപ്പറേറ്റ് മാനേജർ ബഹു. സിജോ ഇളംകുന്നപുഴ അച്ചനും അധ്യാപകർക്കും, പി. ടി. എ. അംഗങ്ങൾക്കും, കുട്ടികൾക്കും അഭിനന്ദനങ്ങൾ! മത്സരഫലങ്ങൾ ചുവടെ ചേർക്കുന്നു.

**മികച്ച സ്കൂളുകൾ**

ഹൈസ്കൂൾ വിഭാഗം: സെന്റ് ജോസഫ് HS അടയ്ക്കാത്തോട്-I, CKHS മണിമൂളി-II, സെന്റ് കാതറിൻ HS പയ്യമ്പള്ളി-III. UP വിഭാഗം: സെന്റ് തോമസ് AUP മുള്ളൻകൊല്ലി-I, സെന്റ് ജോസഫ് AUP കല്ലോടി-II, അസംപഷൻ AUP, ബത്തേരി-III.

LP വിഭാഗം: സെന്റ് ജോർജ് ALP കൊളവയൽ–I, ദേവമാതാ ALP ആടികൊല്ലി–II. ALPS കണിയാരം–III.

**ലഹരി വിരുദ്ധ ക്യാമ്പയിൻ മത്സര ഫലങ്ങൾ**

വ്യക്തിഗതഇനം. ജലഛായം. LPS: I – സർഗ്ഗ മരിയ റോസ് ലിൻ, ദ്വാരക. II - തേജ്വസി S സന്തോഷ്, കല്ലോടി. III - നാസ്മിൻ K A, നടവയൽ. UPS : I - ജോയൽ ജോസഫ്, ബത്തേരി. II - ആൻ ലിയ ബിജു, നടവയൽ. III - ഇവ സൂസൻ ചാൾസ്, പഴൂർ. HS: I - ബദരീനാഥ് KS, കബനിഗിരി. II - ശിവദർശ് M ദിനേശ്, കണിയാരം. III - അവന്ധിക T R, നടവയൽ. *പോസ്റ്റർ നിർമാണം: LPS. I - ഫാത്തിമ മിസ്രിയ, പഴൂർ. II - ഇവാനാ റോസ് വിനീഷ്, കല്ലോടി. III - ഇവ മരിയ, പാടിച്ചിറ. UPS. I - ദേവ് കൃഷ്ണ ലനീഷ്, പാടിച്ചിറ. II - ജോയൽ ജോസഫ്, ബത്തേരി. III - ആൻലിയ ബിജു, നടവയൽ. HS. I - അമയ ജയൻ, പയ്യമ്പള്ളി. II - ബദരീനാഥ് K S, കമ്പിനിഗിരി. III - അയന ആന്റോ മണിമൂളി. * കോളാഷ് നിർമാണം: LPS. I - സെൻറ് ജോർജ് ALPS, കൊളവയൽ. II - ALPS ദ്വാരക. III - ALPS വാഴവറ്റ. *UPS. I - സെൻറ് സെബാസ്റ്റ്യൻ AUPS, പാടിച്ചിറ. II - സെൻറ് മേരീസ് AUPS, കബനിഗിരി. III - സെന്റ് തോമസ് AUPS നടവയൽ. * HS. I - FR GKM കണിയാരം. II - സെന്റ് തോമസ് HS, നടവയൽ. III - സെൻറ് ജോസഫ് H S, അടയ്ക്കാത്തോട്. വിജയികളായ എല്ലാവർക്കും അഭിനന്ദനങ്ങൾ!

**രാജു വലിയാറയിൽ**
(രൂപത പ്രസിഡന്റ്)

# കുടുംബ പ്രേഷിതത്വം

**വിവാഹ ഒരുക്ക കോഴ്സ്**

സെപ്റ്റംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സിൽ 68 പേർ പങ്കെടുത്തു. നവംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 9,10,11,12 തീയതികളിലും മണിമൂളിയിൽ വച്ച് നവംബർ മാസം 23,24,25 തിയതികളിലും, ഡിസംബർ മാസത്തെ വിവാഹ ഒരുക്ക കോഴ്സ് 15,16,17,18 എന്നീ തീയതികളിലും നടത്തപ്പെടുന്നു.

**രൂപതാ വാർത്തകൾ**

**മാതൃവേദി**

ഓഗസ്റ്റ് മൂന്നാം തീയതി മാർ ജോസ് പൊരുന്നേടം പിതാവിന്റെ നേതൃത്വത്തിൽ വിളിച്ചു ചേർത്ത സംഘടനാ പ്രതിനിധികളുടെ യോഗത്തിൽ രൂപതാ ടീം അംഗങ്ങളായ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവർ പങ്കെടുത്തു. രൂപതാ തലത്തിൽ നടത്തിയ കൊളാഷ് നിർമ്മാണ മത്സരത്തിന്റെ റിസൾട്ട് പ്രസിദ്ധീകരിച്ചു.

I കൽപ്പറ്റ മേഖല - നെടുംമ്പാല ഇടവക

I മുള്ളൻകൊല്ലി മേഖല

III പയ്യമ്പള്ളി മേഖല - കാട്ടിക്കുളം ഇടവക

മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളും ഇന്ത്യൻ സ്വാതന്ത്ര്യ ദിനവും രൂപതയിൽ സമുചിതമായി കൊണ്ടാടി. സ്വർഗ്ഗാരോപണ തിരുനാളിന്റെയും സ്വാതന്ത്ര്യദിനത്തിന്റെയും വീഡിയോ സന്ദേശം എല്ലാവർക്കും അയച്ചു കൊടുത്തു. മാതൃവേദിയുടെ സഹ മധ്യസ്ഥയായ വി. മോണിക്കയുടെ തിരുനാൾ ദിനത്തിൽ അമ്മമാർ വി.ബലിയിൽ പങ്കെടുക്കുകയും പ്രാർത്ഥിക്കുകയും വിശുദ്ധ മോനിക്കയുടെ ജീവചരിത്ര വീഡിയോ എല്ലാവർക്കും അയച്ചു കൊടുക്കുകയും ചെയ്തു. രൂപതാ ട്രഷറർ ശ്രീമതി ജെസ്സിയുടെ പിതാവിന്റെ മരണാനന്തര ചടങ്ങിൽ ഡയറക്ടറും ടീമംഗങ്ങളും പങ്കെടുത്തു. ആഗസ്റ്റ് പതിനാലാം തീയതി മേഖല ഡയറക്ടേഴ്സിന്റേയും ആനിമേറ്റേഴ്സിന്റെയും സംഗമം നടത്തി. ഓഗസ്റ്റ് ഇരുപതാം തീയതി ശാഖാ ആനിമേറ്റേഴ്സ് സംഗമം നടത്തി.

ബഹുമാനപ്പെട്ട ജോജോ കുടക്കച്ചിറ അച്ചൻ ക്ലാസ്സുകൾ നയിച്ചു. 21-ാം തീയതി രൂപത ടീം അംഗങ്ങൾ വിയാനിഭവൻ സന്ദർശിക്കുകയും വിശ്രമജീവിതം നയിക്കുന്ന വൈദികരോടൊപ്പം സമയം ചെലവഴിക്കുകയും ചെയ്തു. ചൂരൽമല പ്രകൃതി ദുരന്തത്തിൽ ജീവൻ നഷ്ടപ്പെട്ട ആത്മാക്കൾക്ക് വേണ്ടിയും ചികിത്സയിലായിരിക്കുന്നവർക്ക് വേണ്ടിയും ടീം അംഗങ്ങൾ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**മരിയൻ സിംഗിൾസ്**

രൂപതാ മീറ്റിംഗ് നടത്തി. 15 അംഗങ്ങൾ പങ്കെടുത്തു. അടുത്ത മീറ്റിംഗ് ഒക്ടോബർ 23.

**മേഖല വാർത്തകൾ**

**തരിയോട് മേഖല**

വി.ജോൺമരിയവിയാനിയുടെഫീസ്റ്റ്ദിനത്തിൽമേഖലാഡയറക്ടർ മൈക്കിൾ വടക്കേമുളഞ്ഞാൽ അച്ചനെ ആദരിച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളോടനുബന്ധിച്ച് മേഖലാതലത്തിൽ മാതൃവേദി ആന്തമത്സരം നടത്തി. ഒന്നാം സ്ഥാനം മഞ്ഞൂറ ഇടവകയ്ക്കും, രണ്ടാം സ്ഥാനം കുറുമ്പാല ഇടവകയ്ക്കും മൂന്നാം സ്ഥാനം കോട്ടത്തറ ഇടവകയ്ക്കും ലഭിച്ചു. ചികിത്സാസഹായം, പഠനസഹായം ഭവന നിർമ്മാണ സഹായം, വിധവാ സഹായം എന്നീ ഇനത്തിൽ മേഖലയ്ക്ക് ലഭിച്ച തുക തുല്യമായി എല്ലാ ഇടവകൾക്കും കൊടുത്തു. ആഗസ്റ്റ് 15 ന് പന്തിപ്പൊയിൽ ഇടവക മേഖല ആനമേറ്ററും പ്രസിഡണ്ടും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഓഗസ്റ്റ് 20ന് രൂപതയിൽ നടത്തിയ ആനിമേറ്റേഴ്സ് സംഗമത്തിൽ മേഖലയിലെ എല്ലാ സിസ്റ്റേഴ്സും പങ്കെടുത്തു. വി. മോനിക്കയുടെ തിരുനാൾ ദിനത്തിൽ വിശുദ്ധയുടെ ജീവചരിത്രം വാട്സ്ആപ്പ് സന്ദേശമായി എല്ലാ അമ്മമാർക്കും അയച്ചുകൊടുത്തു.

**കല്ലോടി മേഖല**

എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടി. വിയാനി ദിനത്തോടനുബന്ധിച്ച് മേഖലയിലെ 13 വൈദികർക്കും രൂപത ഡയറക്ടർക്കും ഗ്രീറ്റിങ് കാർഡ് തപാൽ വഴി അയച്ചു. മാതാവിന്റെ സ്വർഗ്ഗാരോപണ തിരുനാളിന്റെ ദിവസം മരിയൻ തീർത്ഥാടകേന്ദ്രമായ പുതുശേരി ദേവാലയത്തിൽ എല്ലാ ശാഖയിൽ നിന്നും അമ്മമാർ വരികയും ജപമാലയും പുതുശേരി വികാരി - ജോസച്ചൻ മരിയൻ സന്ദേശം

നൽകുകയും ചെയ്തു. വചന കവചം, സാന്താ മോനിക്ക പ്രാർത്ഥന, ചെയിൻ റോസറി എന്നിവ നടത്തി വരുന്നു.

**ശാഖാ വാർത്തകൾ**

**കോട്ടത്തറ**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വി.ജോൺ മരിയ ദിനത്തിൽ വൈദികരെ ആദരിച്ചു. കോൺവെന്റിൽ വച്ച് 9 to 5 pm വരെ മുണ്ടക്കൈ, ചൂരൽമല ഉരുൾപൊട്ടലിൽ മരണ മടഞ്ഞവർക്ക് വേണ്ടി പ്രാർത്ഥിച്ചു. രോഗീസന്ദർശനം നടത്തി. മാതൃവേദി ആന്തമത്സരത്തിൽ പങ്കെടുത്തു. അൾത്താര ബാലന്മാരെ ആദരിച്ചു, നവോമി സംഗമം, രോഗീ സന്ദർശനം എന്നിവ നടത്തി. ഏറ്റവും പ്രായം കൂടിയ അമ്മയെ ആദരിച്ചു. വിവാഹ സഹായം നൽകി. കിടപ്പുരോഗികളെ സന്ദർശിച്ചു.

**വടപുറം**

വി. ജോൺ മരിയ ദിനത്തിൽ വൈദികരെ ആദരിച്ചു. വി. ക്ലാരയുടെ തിരുന്നാൾ ദിനത്തിൽ ഇവകയിലെ FCC മഠം സന്ദർശിച്ച് ആശംസകൾ അറിയിച്ചു. വി. മോനിക്കയുടെ തിരുന്നാൾ ദിനത്തിൽ അമ്മമാർക്കായി ക്വിസ് മത്സരം നടത്തി. വിജയികൾക്കു സമ്മാനം നല്കി.

**പുതുശ്ശേരിക്കടവ്**

വിയാനി ദിനത്തിൽ ഇടവക വൈദികർക്ക് ആശംസകൾ നേർന്നു. പരിശുദ്ധ അമ്മയുടെ സ്വർഗ്ഗാരോപണ തിരുനാളിനോടനുബന്ധിച്ച് യൂണിറ്റുകളിൽ മാതാവിന്റെ പാട്ടു മത്സരവും പ്രസംഗ മത്സരവും നടത്തി. ഹിരോഷിമ ദിനത്തോടനുബന്ധിച്ച് മെസ്സേജ് കൈമാറി. യുവജനങ്ങളുടെ നേതൃത്വത്തിൽ അമ്മമാർ ഗവൺമെൻറ് ഹോസ്പിറ്റലിൽ 160 ഓളം പൊതിച്ചോറുകൾ നൽകി. മേഖല മാതൃവേദി ആന്തമത്സരത്തിൽ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി.

**ശിശുമല**

സെമിനാരി ഫണ്ട് കളക്ഷൻ, വസ്ത്രശേഖരണവും വിതരണവും, ദുരിതാശ്വാസ ക്യാമ്പിലേക്ക് ഭക്ഷണ സാധനങ്ങൾ, ദുരിതാശ്വാസ പ്രവർത്തനത്തിൽ ഏർപ്പെട്ടവരെ ആദരിക്കൽ, സുവിശേഷം കൈയെഴുത്ത് പ്രകാശനം, ബൈബിൾ പുസ്തകങ്ങളുടെ പേര് പഠിച്ച് എഴുത്തുമത്സരം, രോഗീ സന്ദർശനം, ചെയിൻ

റോസറി, ഏലിശ്വ സന്ദർശനം, സൈനികനെ ആദരിക്കൽ, അഖണ്ഡ ബൈബിൾ പാരായണം എന്നിവ നടത്തി.

**പാടിച്ചിറ**

അമ്മമാർ പതിനഞ്ചു നോമ്പ് എടുത്ത് എല്ലാദിവസവും പള്ളിയിൽ പോയി മാതാവിന്റെ സ്വർഗ്ഗരോപണ തിരുന്നാളിന് ഒരുക്കമായി പ്രാർത്ഥിച്ചു. വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ച് സമ്മാനം നൽകി. കാഴ്ച്ച സമർപ്പണം നടത്തി.

**കയ്യൂന്നി**

ആദ്യ വെള്ളി ആചരണം, എക്സികൂട്ടീവ് എന്നിവ നടത്തി. വി. ജോൺ മരിയ വിയാനി ദിനത്തിൽ വൈദീകരെ ആദരിച്ചു. സൗഹൃദദിനം, കേരള കർഷകദിനം എന്നിവ ആചരിച്ചു. ഇതിന്റെ ഭാഗമായി ഇടവകയിലെ മുതിർന്ന കർഷകരെ ആദരിച്ചു. ആഗസ്റ്റ് 15-ന് ക്വിസ് മത്സരം നടത്തി, സമ്മാനർഹരായവർക്ക് ക്യാഷ് പ്രൈസ് നൽകി.

**മരക്കടവ്**

വിയാനിദിനം ആചരിച്ച് വൈദീകർക്ക് വേണ്ടി പ്രാർത്ഥിച്ചു. ചൂരൽമലയിൽ പ്രവർത്തിക്കുന്ന ദുരിതാശ്വാസ പ്രവർത്തകർക്ക് വേണ്ടി അഖണ്ഡ ബൈബിൾ പാരായണം, അഖണ്ഡ ജപമാല എന്നിവ ചൊല്ലി കാഴ്ചവെച്ചു. ചൂരൽമല ഉരുൾ പൊട്ടലിൽ വീട് നഷ്ടപ്പെട്ടവർക്കായി ഒരു കൈതാങ്ങായി മൂന്ന് മാസത്തേക്ക് ഒരംഗം ദിവസം 10/- രൂപ വീതം സ്വരൂപിച്ച് വികാരിയച്ചനെ ഏൽപ്പിക്കാൻ തീരുമാനിച്ചു.

**കുറുമ്പാല**

വിയാനി ദിനത്തിൽ വികാരിയച്ചന് ആശംസകൾ അറിയിച്ചു. അച്ചനുവേണ്ടി വി. കുർബാന ചൊല്ലിച്ചു. കൽപ്പറ്റ ക്ലാരഭവൻ ഓൾഡേജ് ഹോം സന്ദർശിച്ചു. 2500/- രൂപയുടെ മധുര പലഹാരങ്ങൾ നൽകി സ്നേഹം പങ്കുവെച്ചു. സെമിനാരി ഫണ്ട് 5000/- രൂപ ശേഖരിച്ച് മേഖലയ്ക്ക് കൊടുത്തു. രൂപതാ തലത്തിൽ നടത്തിയ ആനിമേറ്റേഴ്സ് സംഗമത്തിൽ പങ്കെടുത്തു. ഏലീശ്വാ സന്ദർശനം നടത്തി.

**പാലാങ്കര**

നവോമി സംഗമം എന്ന പേരിൽ മേഖലയിൽ വച്ചു നടത്തിയ വിധവാ സംഗമത്തിൽ 13 പേർ പങ്കെടുത്തു. ഭവനസന്ദർശനം

നടത്തി. KCYM ന്റെ നേതൃത്വത്തിൽ നടത്തിയ രക്തദാന ക്യാമ്പിൽ മാതൃവേദി അംഗങ്ങൾ രക്തം ദാനം ചെയ്തു. അമ്മമാരുടെ സംഗമം ശാഖാ തലത്തിൽ നടത്തി. സെമിത്തേരിയും പള്ളിപരിസരവും വൃത്തിയാക്കി.

**ചുങ്കക്കുന്ന്**

എക്സിക്യൂട്ടീവ് മീറ്റിംഗ് നടത്തി. വിയാനി ദിനത്തിൽ വൈദികരെ ആദരിച്ചു. എവുപ്രാസ്യാമ്മയുടെ തിരുനാൾ ദിനത്തിൽ ആശുപത്രിയിൽ കഴിയുന്ന രോഗികളെ സന്ദർശിച്ചു. മോനിക്ക പുണ്യവതിയുടെ തിരുനാൾ ദിനത്തിൽ അംഗത്വം നവീകരണം നടത്തി. മരണവീട് സന്ദർശനം നടത്തി.

**കബനിഗിരി**

എക്സിക്യൂട്ടീവ് മീറ്റിംഗ്, ജനറൽബോഡി മീറ്റിംഗ്, ക്ലാസ്സ് എന്നിവ നടത്തി. രോഗീസഹായം നൽകി. അഖണ്ഡ ബൈബിൾ പാരായണം, അഖണ്ഡ ജപമാല എന്നിവ നടത്തി. മേഖല നടത്തിയ പ്രോ ലൈഫ് ക്ലാസ്സിൽ പങ്കെടുത്തു.

**തോമാട്ടുചാൽ**

വിയാനി ദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. അറിവ് 2024 എന്ന പേരിൽ ജനറൽ ബോഡിയും, അനുദിന ജീവിതത്തിൽ സ്ട്രെസ്സും അതിജീവനവും എന്ന വിഷയത്തിൽ ക്ലാസും നടത്തി. രൂപത തലത്തിൽ നടത്തിയ ആനിമേറ്റേഴ്സ് സംഗമത്തിൽ ആനിമേറ്റർ സിസ്റ്റർ പങ്കെടുത്തു. രോഗീസന്ദർശനം നടത്തി.

**വാളവയൽ**

അമ്മമാർക്ക് ഒരു ചെറുസമ്പാദ്യം എന്ന ആശയം മുമ്പോട്ട് വെച്ച് 1000/- രൂപ വെച്ച് 30 അമ്മമാർ ചേർന്ന് ഒരു മരിയൻ ഫണ്ട് രൂപീകരിച്ചു. രോഗീസന്ദർശനം നടത്തി. പള്ളി പരിസരവും പൂന്തോട്ടവും വൃത്തിയാക്കി.

**മാർട്ടിൻനഗർ**

വിവിധ നിയോഗങ്ങൾ വെച്ച് കരുണക്കൊന്ത, ചെയിൻ റോസറി, തിരുഹൃദയ ജപമാല എന്നിവ നടത്തി. ഗവൺമെൻറ് ഹോസ്പി റ്റലിൽ ഭക്ഷണം പാകംചെയ്യാൻ സഹായിച്ചു. ചികിത്സയിൽ കഴിയുന്ന ഒരു വ്യക്തിയുടെ കുടുംബം സന്ദർശിച്ച് ചികിത്സാ സഹായം നൽകി. ഭിന്നശേഷിക്കാരായ മക്കളുടെ ഭവനങ്ങൾ സന്ദർശിച്ചു. ഹോസ്പിറ്റലിലും ഭവനങ്ങളിലും രോഗി

കളെ സന്ദർശിച്ചു. കോളനിയിൽ വസ്ത്രങ്ങളും ഭക്ഷ്യസാധനങ്ങളും നൽകി.

**തലഞ്ഞി**

സ്വർഗാരോപണ തിരുനാളിൽ നടത്തിയ കാഴ്ച്ച സമർപ്പണത്തിൽ ലഭിച്ച തുക ചാരിറ്റിക്കുവേണ്ടി ഉപയോഗിച്ചു. മദർ വേറോണിക്ക സ്പെഷ്യൽ സ്കൂളിലെ കുട്ടികൾക്ക് ഒരു നേരത്തെ ഭക്ഷണം നൽകി. മേഖലയിൽ നടന്ന വിധവ സംഗമത്തിൽ പങ്കെടുത്തു. വി.മോണിക്ക, വി.ജോൺ മരിയ വിയാനി, വി. എവുപ്രാസ്യ തുടങ്ങിയവരുടെ തിരുനാൾ ആഘോഷിച്ചു. ചാരിറ്റിക്കുവേണ്ടിയുള്ള ഒരു ലക്ഷത്തിന്റെ കൂപ്പൺ വിതരണം ചെയ്തു.

**വാളേരി**

എക്സിക്യൂട്ടിവ് മീറ്റിംഗ് കൂടി. വിയാനിദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. മരിയൻ തീർത്ഥാടനം നടത്തി. രോഗീസന്ദർശനം നടത്തി. രോഗീസഹായം നൽകി. ജില്ലാ ആശുപത്രിയിൽ ഭക്ഷണം ഉണ്ടാക്കുവാൻ സഹായിച്ചു. പള്ളിയിലെ പൂന്തോട്ടം വൃത്തിയാക്കി. ചെയിൻ റോസറി, വചന കവചം, സാന്താ മോനിക്ക എന്നിവ നടത്തി.

**ദീപ്തിഗിരി**

രോഗീസന്ദർശനം നടത്തി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. മരിയൻ തീർത്ഥാടനം പുതുശ്ശേരി പള്ളിയിലേയ്ക്ക് നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. മരണവീട് സന്ദർശിച്ചു.

**പുതുശ്ശേരി**

സ്വർഗ്ഗാരോപണ തിരുനാൾ ദിനത്തിൽ മരിയൻ തീർത്ഥാടനത്തിന് എത്തിയ കല്ലോടി മേഖല മാതൃവേദി അംഗങ്ങൾക്ക് പുതുശ്ശേരി ഇടവക സ്വാഗതമരുളി. ജപമാലയ്ക്ക് നേതൃത്വം നല്കി. വൃദ്ധരായ മാതാപിതാക്കന്മാരെ സന്ദർശിച്ചു.

**നിലമ്പൂർ**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി.ജോൺ മരിയ പുണ്യവാന്റെ തിരുനാൾ ദിനത്തിൽ വൈദീകരെ ആദരിച്ചു. ദുരന്തമേഖലയിലേക്ക് സംഭാവനയായി 5000/- രൂപ രൂപത കേന്ദ്രത്തിലേക്ക് നൽകി. ആഗസ്റ്റ് 15 ന് കാഴ്ചസമർപ്പണം നടത്തിയതിൽ ലഭിച്ച 10000/- രൂപ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റി വെച്ചു.

**സീതാമൗണ്ട്**

വിയാനിദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. വി. ക്ലാരയുടെ

തിരുനാൾ ദിനത്തിൽ ക്ലാര നാമധാരികളെ തിരുക്കുടുംബത്തിന്റെ രൂപം നൽകി ആദരിച്ചു. മേഖലാ- യൂണിറ്റ് തലങ്ങളിൽ നടത്തിയ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. മേഖലാതലത്തിൽ നടത്തിയ അഖണ്ഡ ജപമാല, ബൈബിൾ പാരായണം എന്നിവയിൽ പങ്കെടുത്തു.

**പാതിരിപ്പാടം**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. മേഖലയുടെ നേതൃത്വത്തിൽ നടത്തിയ നവോമി സംഗമത്തിൽ ശാഖയിൽ നിന്നും 10 പേർ പങ്കെടുത്തു. മോനിക്കാ നാമധാരികളെ ആദരിച്ചു.

**കളത്തുവയൽ**

വി .ജോൺമരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. രോഗീ സന്ദർശനം, ഭവനസന്ദർശനം എന്നിവ നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**ഇരുളം**

മേഖല മീറ്റിംഗിൽ പങ്കെടുത്തു. വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. ഇടവകയിൽ നിന്നും വൈദികരായവരെ മെസ്സേജ് അയച്ചു വിഷ് ചെയ്യുകയും ചെയ്തു. സോപ്പുപൊടി നിർമ്മാണ പരിശീലന ക്ലാസ് സംഘടിപ്പിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. നാലു കുടുംബങ്ങൾക്ക് ഭക്ഷ്യ കിറ്റ് വിതരണം ചെയ്തു. ഭവന സന്ദർശനം, രോഗീ സന്ദർശനം എന്നിവ നടത്തി.

**ദ്വാരക**

സെമിനാരി വിദ്യാർത്ഥികളുടെ പഠനം എന്ന നിയോഗത്തിൽ കാഴ്ച സമർപ്പണം നടത്തി. എക്സിക്യൂട്ടീവിന്റെ നേതൃത്വത്തിൽ ഇടവകയിലെ അമ്മമാർക്ക് കൂൺ കൃഷി ചെയ്യുവാനുള്ള പരിശീലനം നൽകുകയും ആവശ്യമായ കൂൺ വിത്തും ബെഡും ലഭ്യമാക്കുകയും ചെയ്തു. വി. മോനിക്കയുടെ തിരുനാൾ ദിനത്തിൽ രൂപം അലങ്കരിച്ച് അമ്മമാർക്കായി പ്രാർത്ഥിച്ചു.

**കൽപ്പറ്റ**

മുണ്ടക്കൈ, ചൂരൽമല ദുരന്തബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾക്കായുള്ള, മാനന്തവാടി രൂപതയുടെ ദുരിതാശ്വാസനിധിയിലേക്ക് 20,000/സംഭാവന നൽകി. മേപ്പാടിയിലെ

കമ്മ്യൂണിറ്റി അടുക്കളയിൽ ഭക്ഷണമൊരുക്കാൻ സഹായിച്ചു. ദുരിതാശ്വാസ ക്യാമ്പുകൾ സന്ദർശിച്ച് ദുരന്തബാധിതരെ ആശ്വസിപ്പിക്കുകയും അവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു.

**അസംപ്ഷൻ**

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. അമ്മമാർക്ക് സെമിനാർ നടത്തി. 500 അമ്മമാർ പങ്കെടുത്തു. കിടപ്പിലായ രോഗികൾ, ക്യാൻസർ രോഗികൾ എന്നിവർക്ക് ഡോൺ ബോസ്കോ കോളേജിന്റെ സഹകരണത്തോടെ കിറ്റ് വിതരണം നടത്തി. എക്സിക്യൂട്ടീവ് അംഗങ്ങൾ ആനിമേറ്റർ എന്നിവർ കിടപ്പിലായ രോഗികൾക്ക് ഭവനത്തിൽ കിറ്റ് എത്തിച്ചു കൊടുത്തു. പള്ളിയുടെ പരിസരം വൃത്തിയാക്കി. തൊടുവെട്ടി സ്കൂളിലെ കുട്ടികൾക്ക് ഉച്ചഭക്ഷണം നൽകി. എട്ടു നോമ്പിന് ഒരുക്കമായി മാതാവിന്റെ ഗ്രോട്ടോ വൃത്തിയാക്കി.

**കുഞ്ഞോം**

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. മരിയൻ തീർത്ഥാടനം പരിശുദ്ധ അമ്മയുടെ നാമധേയത്തിലുള്ള പുതുശ്ശേരി പള്ളിയിൽ വച്ച് നടത്തപ്പെട്ടു. ഇടവകയിൽ നിന്നും 33 അമ്മമാർ പങ്കെടുത്തു. സാന്ത മോനിക്കാ പ്രാർത്ഥന ചൊല്ലി.  മാതാപിതാക്കൾക്കു വേണ്ടി സെമിനാർ നടത്തി.

**തവിഞ്ഞാൽ**

എക്സിക്യൂട്ടീവ് കൂടി. മാതൃവേദി അംഗമായിരുന്ന മരണമടഞ്ഞ ലൂസി ചൊവ്വേലികുടിയിലിന്റെ ഭവനം സന്ദർശിച്ച്, മൃതസംസ്കാര ശുശ്രൂഷയിൽ പങ്കെടുത്ത് പ്രാർത്ഥിച്ചു. വൈദിക ദിനത്തിൽ വികാരിയച്ചന് ആശംസകൾ അറിയിച്ചു. രോഗീ സന്ദർശനം നടത്തി. വൈദിക വിദ്യാർഥികൾക്കുള്ള സഹായം 10,000/- രൂപ നൽകി.

**പ്രശാന്തഗിരി**

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. ദുരിത മേഖലയിൽ കഷ്ടപ്പെടുന്നവർക്ക് വേണ്ടി 200 ജപമാല ചൊല്ലി. പള്ളിയും പരിസരവും വൃത്തിയാക്കി. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി.

**കുറുമണി**

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. ഒരു നിർധന കുടുംബത്തിന് ധനസഹായം നൽകി. നവോമി ദിനത്തിൽ 3 വിധവകളെ സന്ദർശിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**കരിമ്പിൽ**

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. സ്വാതന്ത്ര്യ ദിനത്തിൽ വിമുക്ത സൈനികനെ ആദരിച്ചു. മേഖല സംഘടിപ്പിച്ച മരിയൻ തീർത്ഥാടനത്തിൽ പങ്കുചേർന്നു. ചൂരൽമല, മുണ്ടക്കൈ, വിലങ്ങാട് പ്രദേശങ്ങളിലെ ദുരന്തത്തിൽപ്പെട്ടു വേദനിക്കുന്നവർക്ക് വേണ്ടി ചെയിൻ റോസറി നടത്തി. രോഗീസന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**താളിപ്പാടം**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി.ജോൺ മരിയ വിയാനി യുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. മേഖല നവോമി സംഗമത്തിൽ പങ്കെടുത്തു. വിവിധ നിയോഗങ്ങൾക്കായി പ്രാർത്ഥിച്ചു. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**യവനാർകുളം**

വി.ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. ഇടവകയുടെ കൈക്കാരനായിരുന്ന ബിനു വാഴപ്ലാംകുടിയിൽ മരിച്ചതിനെ തുടർന്ന് ബിനുവിന്റെ വീട്ടിൽ പോയി പ്രാർഥിക്കുകയും അനുശോചനം അറിയിക്കുകയും ചെയ്തു. രോഗികളെ സന്ദർശിച്ച് അവർക്കുവേണ്ടി പ്രാർഥിച്ചു. പള്ളിയും പരിസരവും വൃത്തിയാക്കി.

**പോരൂർ**

എക്സിക്യൂട്ടീവ് കൂടി. വിയാനി ദിനത്തിൽ ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന വൈദീകരെ ആദരിച്ചു. രോഗീ സന്ദർശനം നടത്തി.

**കേളകം**

എല്ലാ മാസവും രണ്ടാം ചൊവ്വാഴ്ച അഗതി മന്ദിരത്തിൽ പൊതിച്ചോറ് നല്കുന്നു. രോഗീ സന്ദർശനം നടത്തി. ഒരു നിർധന കുടുംബത്തിന് ധനസഹായം നൽകി. അമ്മമാരുടെ ഉപവാസത്തിലൂടെ ലഭിച്ച തുക പാവപ്പെട്ട കുടുംബങ്ങൾക്ക് നൽകി.

**കൊട്ടിയൂർ**

വിയാനി ദിനത്തിൽ ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന വൈദീകരെ ആദരിച്ചു. ചുങ്കക്കുന്നിൽ വച്ച് നടത്തിയ സഖറിയാസ് കൺവെൻഷനിൽ ആളുകളെ പങ്കെടുപ്പിച്ചു.

**മാനന്തവാടി ടൗൺ ചർച്ച്**

വി. ജോൺ മരിയ വിയാനിയുടെ തിരുനാൾ ദിനത്തിൽ വികാരി അച്ചനെ ആദരിച്ചു. രോഗീസന്ദർശനം നടത്തി 3000/- രൂപ സഹായം നൽകി. എക്സിക്യൂട്ടീവ് കൂടി. മുണ്ടക്കൈ ദുരന്തത്തിൽ ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്കുവേണ്ടി ഭക്ഷണം ഉണ്ടാക്കാൻ 8 അമ്മമാർ മേപ്പാടിയിൽ പോകുകയും അവിടെ വേണ്ട സഹായങ്ങൾ ചെയ്തു കൊടുക്കുകയും ചെയ്തു.

**മണിമൂളി**

എക്സിക്യൂട്ടീവ് മീറ്റിംഗ് കൂടി. വി. വിയാനി തിരുനാൾ ദിനത്തിൽ വൈദികരെ ആദരിച്ചു. വിശുദ്ധ മോനിക്ക തിരുനാൾ ദിനത്തിൽ മോനിക്ക നാമധാരിയെ ആദരിച്ചു. ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി.

**നടവയൽ**

വിയാനി ദിനത്തിൽ മാർ ജോർജ്ജ് ഞരളക്കാട്ട് പിതാവിനെയും, ഇടവക വൈദികരെയും ആദരിച്ചു. എക്സിക്യൂട്ടീവ് അംഗങ്ങൾ രൂപതാ സെമിനാരി സന്ദർശിച്ചു. 10000/- രൂപ നല്കി. എക്സിക്യൂട്ടീവ്, ജനറൽ ബോഡി എന്നിവ കൂടി. സി. ദിവ്യ എസ്.ഡി. അമ്മമാർക്ക് നിത്യതയെകുറിച്ച് ക്ലാസ് എടുത്തു. കൊളാഷ് മത്സരത്തിൽ മേഖലയിൽ രണ്ടും മൂന്നും സ്ഥാനം കരസ്ഥമാക്കിയ അമ്മമാർക്ക് സമ്മാനം വിതരണം ചെയ്തു. രോഗീ സന്ദർശനം, മരണവീടുകൾ സന്ദർശനം എന്നിവ നടത്തി. ഉരുൾപൊട്ടലിൽ സഹായമായി 5500/-രൂപയും, ഭക്ഷണ കിറ്റിനായി 1500/-രൂപയും, രോഗീ സഹായമായി 8450/- രൂപയും നൽകി.

**മരകാവ്**

ചൂരൽമല, മുണ്ടക്കൈ ദുരിത ബാധിതർക്കായി മെഴുകുതിരി തെളിയിച്ച് പ്രാർത്ഥിച്ചു. വിയാനി തിരുനാൾ ആചരിച്ചു. ഇടവക വികാരിയെ പൂക്കൾ നൽകി ആദരിച്ചു. എക്സിക്യൂട്ടീവ് കൂടി. മേഖല എക്സിക്യൂട്ടീവിൽ പങ്കെടുത്തു. ദേവാലയവും പരിസരവും വൃത്തിയാക്കി. രോഗീ സന്ദർശനം, ഭവന സന്ദർശനം എന്നിവ

നടത്തി. സഹായം നൽകി. ചൊവ്വാഴ്ചകളിൽ അമ്മമാർ മാനന്ത വാടി ഗവൺമെന്റ് ഹോസ്പിറ്റലിൽ ഭക്ഷണം നൽകുന്നതിനായി സഹായിക്കുന്നു. മുള്ളൻ കൊല്ലി മേഖല പ്രൊലൈഫ് സമിതി രൂപീകരണ യോഗത്തിൽ പങ്കെടുത്തു. ഹോസ്പിറ്റൽ സന്ദർശനം നടത്തി.

**ചോക്കാട്**

വിയാനി ദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. ഫാ.സണ്ണി മഠത്തിൽ അമ്മമാർക്ക് സെമിനാർ നടത്തി. മാതൃവേദിയുടെ സഹകരണത്തോടെ ഫാ. സണ്ണി മഠത്തിൽ പുനർജനി ലഹരി വിരുദ്ധ ക്ലബ്ബ് രൂപീകരിച്ചു.

**വഞ്ഞോട്**

എക്സിക്യൂട്ടീവ് യോഗം കൂടി. പുതുശ്ശേരി പള്ളിയിലേക്ക് മരിയൻ സന്ദർശനം നടത്തി. 14 അമ്മമാർ പങ്കെടുത്തു. രോഗീ സന്ദർശനം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി.

**തേൾപ്പാറ**

വിയാനിദിനത്തിൽ വികാരിയച്ചനെ ആദരിച്ചു. മാതാവിനെ കുറിച്ചുള്ള ചിന്തകൾ അമ്മമാർ വീഡിയോ പ്രസന്റേഷൻ നടത്തി. കാഴ്ച സമർപ്പണം നടത്തി. മാതൃവേദിയുടെ സഹമധ്യസ്ഥയായ വി. മോനിക്കയുടെ തിരുനാൾ ആഘോഷിച്ചു.

**ഫാ. ജോസഫ് പരുവുമ്മേൽ**
**ഫാ. ബിനു വടക്കേൽ**

# സീയോൻ വാർത്തകൾ

**സെപ്റ്റംബർ 2024**

ആദ്യശനി കൺവെൻഷനുവേണ്ടി ശുശ്രൂഷകർ സെപ്റ്റംബർ 06 വെള്ളിയാഴ്ച്ച, രാവിലെ 10 മുതൽ രാത്രി 9.30 വരെ പ്രാർത്ഥിച്ചൊരുങ്ങി, സീയോൻഹാളിൽ ആവശ്യമായ ഒരുക്കങ്ങൾ ചെയ്തു. 55 ശുശ്രുഷകർ പങ്കെടുത്തു. ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ വി. ബലിയർപ്പിച്ചു. ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 വരെ സീയോൻ പൊതുസമ്മേളനം നടന്നു.

**കൺവെൻഷൻ**

സെപ്റ്റംബർ 07 ന് ശനിയാഴ്ച രാവിലെ 9.00 മുതൽ ഉച്ച കഴിഞ്ഞ് 2.30 വരെ കൺവെൻഷൻ ശുശ്രൂഷകൾ സാഘോഷം നടന്നു. ഡയറക്ടർ ബഹു. ഫാ. ജിന്റോ തട്ടുപറമ്പിൽ കൺവെൻഷന് നേതൃത്വം നൽകി. ബഹു. വികാരി ജനറൽ ഫാ. പോൾ മുണ്ടോളിക്കൽ വചന സന്ദേശം നൽകി. ബഹു. ബ്രദർ ജോസഫ് സ്തുതി ആരാധന നയിച്ചു. ബ്രദർ ബിജു പുളിക്കൽ, സി. അനറ്റ് SKD, സി. റിറ്റി FCC എന്നിവർ ഗാനശുശ്രൂഷക്കും, ബഹു. സിസ്റ്റർ ആൻസി SCV, സിസ്റ്റർ സ്മിത CMC, സിസ്റ്റർ നവ്യ SH, എന്നിവർ മറ്റു ശുശ്രൂഷകൾക്കും നേതൃത്വം നൽകി.

**കൗൺസിലിങ്**

സെപ്റ്റംബർ14 ശനി രാവിലെ 09.30 മുതൽ 01 മണിവരെ പൊതുകൗൺസിലിങ് ശുശ്രുഷ നടന്നു.

**ആന്തരീക സൗഖ്യ ധ്യാനം**

സെപ്റ്റംബർ19 വ്യാഴം മുതൽ 22 ഞായർ വരെ താമസിച്ചുള്ള ആന്തരീക സൗഖ്യ ധ്യാനം നടത്തപ്പെട്ടു.

**അഖണ്ഡ ജപമാലയും ജാഗരാണപ്രാർത്ഥനയും**

സെപ്റ്റംബർ 27 വെള്ളി രാവിലെ 08.30 മുതൽ രാത്രി 10.30 വരെ അഖണ്ഡ ജപമാലയും ജാഗരണ പ്രാർത്ഥനയും നടത്തി. സീയോൻ ചാപ്പലിൽ ഞായർ ഒഴികെ എല്ലാ ദിവസവും രാവിലെ 10.15 ന് കുരിശിന്റെ വഴിയും 11 ന് ആരാധനയും കുമ്പസാരവും, 12 മണിക്ക് വി. കുർബാനയും നടന്നുവരുന്നു.

**ഒക്ടോബർ മാസത്തിലെ താമസിച്ചുള്ള ധ്യാനം**

17 വ്യാഴം 04 മണി മുതൽ 20 ഞായർ 01 മണിവരെ
For Booking: 8281132195

**ഫാ. ജിന്റോ തട്ടുപറമ്പിൽ**
ഡയറക്ടർ, സീയോൻ സി.ആർ.സി - 9544606936

**ദുരന്തമേഖലയിൽ കത്തോലിക്കാ സഭയുടെ പ്രവർത്തനം മാതൃകാപരം – മന്ത്രി ഒ.ആർ. കേളു**

പുഞ്ചിരിമട്ടം ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് കത്തോലിക്കാസഭയുടെ നേതൃത്വത്തിൽ നടന്നുവരുന്ന ദുരിതാശ്വാസ – പുനരധിവാസ പ്രവർത്തനങ്ങൾ മാതൃകാപരമാണെന്ന് സംസ്ഥാന പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ഒ.ആർ. കേളു അഭിപ്രായപ്പെട്ടു. മാനന്തവാടി വയനാട് സോഷ്യൽ സർവ്വീസ് ഓഡിറ്റോറിയത്തിൽ വച്ച് കത്തോലിക്കാ സഭ ദുരന്തബാധിതരുടെ അക്കൗണ്ടിലേക്ക് 9500 രൂപ വീതം നൽകി വരുന്നതിന്റെ ഔപചാരികമായ ഉദ്ഘാടനം നിർവ്വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം. സംസ്ഥാന സർക്കാർ പുഞ്ചിരിമട്ടം ഉരുൾപൊട്ടലിൽ ഉൾപ്പെട്ടവരുടെ പുനരധിവാസം സംബന്ധിച്ച് അന്തിമ തീരുമാനം എടുത്തു വരികയാണെന്നും കത്തോലിക്കാസഭ അടക്കം സഹകരിക്കുവാൻ തയ്യാറായ മുഴുവൻ പങ്കാളികളെയും ഉൾപ്പെടുത്തി മാതൃകാപരമായ രീതിയിൽ സമയബന്ധിതമായി പുനരധിവാസം പൂർത്തിയാക്കുമെന്നും മന്ത്രി അറിയിച്ചു. യോഗത്തിൽ മാനന്തവാടി രൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ അലക്സ് താരാമംഗലം പിതാവ് അദ്ധ്യക്ഷത വഹിച്ചു. മനുഷ്യ മനസ്സിനെ ഏകോപിപ്പിക്കുന്നതിന് ദുരന്ത മേഖലയിലെ പ്രവർത്തനങ്ങളിലൂടെ സാധിതമായെന്നും ഇനിയും എല്ലാവരും ഏകമനസ്സോടെ പ്രവർത്തിക്കണമെന്നും പിതാവ് അഭിപ്രായപ്പെട്ടു. കാരിത്താസ് ഇന്ത്യ, കേരള സോഷ്യൽ സർവ്വീസ് ഫോറം, കാത്തലിക് റിലീഫ് സർവ്വീസ് മാനന്തവാടി, ബത്തേരി, കോഴിക്കോട്, താമരശ്ശേരി എന്നീ രൂപതകളിലെ സാമൂഹ്യസേവന വിഭാഗങ്ങൾ എന്നിവ വഴി ആയിരക്കണക്കിന് കുടുംബങ്ങളെ സഹായിക്കുവാൻ സാധിച്ചു എന്ന് പിതാവ് അറിയിച്ചു. യോഗത്തിൽ കാരിത്താസ് ഇന്ത്യ എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജോളി പുത്തൻപുര, കേരള സോഷ്യൽ സർവ്വീസ് ഫോറം എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജേക്കബ്ബ് മാവുങ്കൽ, മാനന്തവാടി രൂപതാ പ്രൊക്യൂറേറ്റർ റവ.ഫാ. ജോസ് കൊച്ചറയ്ക്കൽ, കാരിത്താസ് ഇന്ത്യ അസ്സോസിയേറ്റ് ഡയറക്ടർ റവ.ഫാ.ആന്റണി ഫെർണാണ്ടസ്,

കാത്തലിക് റിലീഫ് സർവ്വീസ് സൗത്ത് ഇന്ത്യ ഹെഡ്ഓഫ് ഓപ്പറേഷൻസ് ജോമി ജോസഫ്, കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോ. വി.ആർ ഹരിദാസ്, കാത്തലിക് റിലീഫ് സർവ്വീസ് ടെക്നിക്കൽ കൺസൾട്ടന്റ് എം. അരുളപ്പ, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ജിനോജ് പാലത്തടത്തിൽ, ശ്രേയസ്സ് ബത്തേരി എക്സിക്യൂട്ടീവ് ഡയറക്ടർ ഫാ. ഡേവിഡ് ആലുങ്കൽ, ജീവന എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ. ആൽബർട്ട് വി.സി, സെന്റർ ഫോർ ഓവർ ഓൾഡെവലപ്പ്മെന്റ് താമരശ്ശേരി ഡയറക്ടർ റവ. ഫാ.സായി പാറൻ കുളങ്ങര, കേരള സോഷ്യൽ സർവ്വീസ് ഫോറം ടീം ലീഡർ കെ.ഡി ജോസഫ്, കാരിത്താസ് സ്റ്റേറ്റ് ഓഫീസർ അഭീഷ് ആന്റണി, ഫിനാൻസ് ഓഫീസർ നിക്സൺ മാത്യു, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ പി.എ ജോസ്, ശ്രേയസ്സ് പ്രോഗ്രാം ഓഫീസർ ഷാജി കെ.വി, ജീവന പ്രോഗ്രാം ഓഫീസർ പി. വിനീത, ഡി.ഒ.ഡി താമരശ്ശേരി പ്രോഗ്രാം ഓഫീസർ സിദ്ധാർഥ് എസ്. നാഥ് എന്നിവർ സംസാരിച്ചു.

**നബാർഡ് പുലിക്കാട് ചെറുകിട ജലസേചന പദ്ധതി ഉദ്ഘാടനം ചെയ്തു**

നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എടവക ഗ്രാമപഞ്ചായത്തിലെ പുലിക്കാട് നീർത്തട പ്രദേശത്ത് അടുത്ത 03 വർഷക്കാലം നടപ്പി ലാക്കുവാൻ ഉദ്ദേശിക്കുന്ന നീരുറവ സംരക്ഷണ പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടത്തിൽ നിർമ്മാണം പൂർത്തിയാക്കിയ പുലി ക്കാട് ചെറുകിട ജലസേചന പദ്ധതിയുടെ ഉദ്ഘാടന കർമ്മം നബാർഡ് കേരള ചീഫ് ജനറൽ മാനേജർ ബൈജു കുറുപ്പ് ഉദ്ഘാടനം ചെയ്തു. പദ്ധതിയുടെ ആദ്യഘട്ടത്തിൽ പൊതുവായ ഒരു വികസന പദ്ധതി നടപ്പിലാക്കുക എന്ന ഉദ്ദേശ്യത്തോടെ യാണ് ഒന്നര ലക്ഷം രൂപ മുതൽ മുടക്കി പുലിക്കാട് ചെറുകിട ജലസേചന പദ്ധതി പൂർത്തീകരിക്കുകയും ഇതോടനുബന്ധി ച്ചുള്ള ചെക്ക് ഡാം വൃത്തിയാക്കുകയും ചെയ്തത്. ഇതിൽ ഒരു ലക്ഷം രൂപ നബാർഡിൽനിന്നും ഗ്രാന്റ് ഇനത്തിൽ ലഭിച്ചു. ഈ പദ്ധതിയിലൂടെ 22 കർഷകർക്ക് അവരുടെ 46 ഏക്കർ വയലിൽ രണ്ടു തവണ നെൽകൃഷി ചെയ്യുവാൻ സാധിക്കും. പുലിക്കാട് പാടശേഖര പരിസരത്ത് നടന്ന ചടങ്ങിൽ വാർഡ്മെമ്പർ ഷിൽസൺ മാത്യു അദ്ധ്യക്ഷത വഹിച്ചു. നബാർഡ് വയനാട് ജില്ലാ മാനേജർ ആനന്ദ് ആർ, നബാർഡ് കോഴിക്കോട് ജില്ലാ

മാനേജർ രാകേഷ് വി., വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, എന്നിവർ സംസാരിച്ചു. പുലിക്കാട് നീർത്തട കമ്മിറ്റി പ്രസിഡണ്ട് വർക്കി കിഴക്കേപ്പറമ്പിൽ, സെക്രട്ടറി സിനോജ് പിലാപ്പള്ളിൽ, ജോസ് തോപ്പിൽ, ഷിബു കുര്യൻ, വിനീഷ് ജോസ്, പ്രബീഷ്, ജോസഫ് എം.എം, എൻ. എ. വർഗ്ഗീസ്, ഫിലോമിന ജെയിംസ്, ചിഞ്ചു ആൻസൺ എന്നിവർ നേതൃത്വം നൽകി.

**ദുരിത ബാധിതർക്ക് കിറ്റുകൾ വിതരണം ചെയ്തു**

ചൂരൽമല-മുണ്ടക്കൈ ദുരിത ബാധിതർക്ക് കത്തോലിക്കാ സഭയുടെ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി കിറ്റുകൾ വിതരണം ചെയ്തു. മേപ്പാടി സെന്റ് ജോസഫ് ചർച്ച് ഓഡിറ്റോറിയത്തിൽ നടന്ന ചടങ്ങിൽ കൽപ്പറ്റ നിയോജക മണ്ഡലം എം.എൽ.എ. അഡ്വ. ടി.സിദ്ധിഖ് വിതരണ ഉദ്ഘാടനം നടത്തി. കേരള സോഷ്യൽ സർവ്വീസ് ഫോറത്തിന്റെ നേതൃത്വത്തിൽ കാരിത്താസ് ഇന്ത്യ, കാത്തലിക് റിലീഫ് സർവ്വീസസ്, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി, ശ്രേയസ്സ് സുൽത്താൻ ബത്തേരി, ജീവന കോഴിക്കോട് എന്നിവയുടെ നേതൃത്വത്തിൽ ആണ് ജില്ലയിൽ കത്തോലിക്കാ സഭ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നത്. സീഡ്സ് എന്ന ഏജൻസിയുമായി സഹകരിച്ച് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ 133 കുടുംബങ്ങൾക്കാണ് കിറ്റുകൾ വിതരണം ചെയ്തത്.

9000 രൂപയോളം വിലവരുന്ന കിറ്റിൽ കിടക്ക, ബെഡ്ഷീറ്റ്, തലയിണ, പാത്രങ്ങൾ, ബക്കറ്റുകൾ, കുക്കർ, ഗ്ലാസ്, പ്ലേറ്റ്, കൊതുകുവല, സോളാർ ടോർച്ച്, ടൂത്ത് ബ്രഷ്, ബാത്ത് സോപ്പ്, വാഷിംങ് പൗഡർ എന്നിവ അടങ്ങിയിട്ടുണ്ട്. കിറ്റ് വിതരണത്തിന് തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്ക് അവരുടെ അക്കൗണ്ടിലേക്ക് 9500 രൂപ വീതം നൽകി വരുന്നു. മാനന്തവാടി രൂപത പ്രൊക്യുറേറ്റർ റവ. ഫാ. ജോസ് കൊച്ചറക്കൽ അദ്ധ്യക്ഷത വഹിച്ചു. കാരിത്താസ് ഇന്ത്യ ടീം ലീഡർ മുഖ്യ പ്രഭാഷണം നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ. ഫാ.ജിനോജ് പാലത്തടത്തിൽ, സീഡ്സ് സീനിയർ മാനേജർ സലേക്ക് ഗിഹോൾട്ട് എന്നിവർ സംസാരിച്ചു. കാരിത്താസ് ഇന്ത്യ സ്റ്റേറ്റ് ഓഫീസർ അബീഷ് ആന്റണി, ഫിനാൻസ് മാനേജർ നിക്സൺ, സിഡ്സ് പ്രൊജക്റ്റ് കോഡിനേറ്റർ ഷാരോൺ,

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപു ജോസഫ്, ചിഞ്ചുമരിയ, ആലീസ് സിസിൽ എന്നിവർ നേതൃത്വം നൽകി.

മാനന്തവാടി രൂപത വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി വഴി പുഞ്ചിരിമട്ടം, ദുരന്ത ബാധിതർക്കും കൂടാതെ പ്രളയം മൂലം ജില്ലയിൽ ദുരിതം അനുഭവിച്ച കുടുംബങ്ങൾക്കും നൽകി വരുന്ന വിവിധ ദുരിതാശ്വാസ പുനരധിവാസ പ്രവർത്തനങ്ങളുടെ ഭാഗമായി 300 കുടുംബങ്ങൾക്ക് കിറ്റുകൾ വിതരണം ചെയ്തു. കാരിത്താസ് ഇന്ത്യ, സീമൻസ് എന്നീ ഏജൻസികളുടെ സഹകരണത്തോടെയാണ് കിറ്റുകൾ വിതരണം ചെയ്തത്. വിതരണ ഉദ്ഘാടനം ഇല്ലത്തുവയൽ കോളനിയിൽ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ നിർവ്വഹിച്ചു. ബക്കറ്റുകൾ, മഗ്ഗ്, ടൂത്ത് ബ്രഷ്, ടൂത്ത് പേസ്റ്റ്, ബാത്ത് സോപ്പ്, വാഷിംങ് സോപ്പ്, സാനിറ്ററി പാഡ് തുടങ്ങിയവയാണ് കിറ്റിൽ ഉണ്ടായിരുന്നത്. പ്രളയ ബാധിത പ്രദേശങ്ങളായ കുറുമണി, ചാലിഗദ്ധ, ഇല്ലത്തുവയൽ, താഴെയങ്ങാടി, വിമലനഗർ എന്നിവിടങ്ങളിലും കൂടാതെ ചൂരൽമല പ്രദേശത്തുമാണ് കിറ്റുകൾ വിതരണം ചെയ്തത്. കാരിത്താസ് ഇന്ത്യ ടീം ലീഡർ ഡോക്ടർ വി.ഹരിദാസ്, സ്റ്റേറ്റ് ഓഫീസർ അഭീഷ് ആന്റണി, പശ്ചിമബംഗാൾ സ്റ്റേറ്റ് ഓഫീസർ ബബ്ലു സർക്കാർ, ഫിനാൻസ് മാനേജർ നിക്സൺ മാത്യു, വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രോഗ്രാം ഓഫീസർ ജോസ് പി.എ, ടീം അംഗങ്ങളായ റോബിൻ ജോസഫ്, ദീപു ജോസഫ്, ചിഞ്ചു മരിയ, ആലീസ് സിസിൽ, ബിൻസി വർഗീസ്, ഷീന ആന്റണി, ജിനി ഷിനു എന്നിവർ നേതൃത്വം നൽകി.

**നബാർഡ് കെ. എഫ്. ഡബ്ല്യു സോയിൽ പ്രൊജക്റ്റ് പഠന വിലയിരുത്തൽ നടത്തി**

വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ മട്ടിലയം നീർത്തട പ്രദേശത്ത് നടപ്പിലാക്കി വരുന്ന കെ.എഫ്. ഡബ്ല്യു സോയിൽ പദ്ധതി എത്രത്തോളം ലക്ഷ്യ പ്രാപ്തി കൈവരിച്ചു, പദ്ധതി മൂലം ഉണ്ടായ നേട്ടങ്ങൾ ഏവ, പദ്ധതിയിലൂടെ വികസിപ്പിച്ചെടുത്ത ആസ്തികൾ എങ്ങനെ നിലനിർത്തി കൊണ്ടു പോകാം എന്നിവയെ കുറിച്ച് പഠിക്കുന്നതിന് രാജസ്ഥാൻ ആസ്ഥാനമായി പ്രവർത്തിക്കുന്ന ഭൂട്ടാ ഷാ കമ്പനി ലിമിറ്റഡിലെ ചാർട്ടേഡ് അക്കൗണ്ടന്റ് ആയ മഹിപാൽ റാത്തോറിന്റെ നേതൃ

ത്വത്തിൽ പഠന വിലയിരുത്തൽ നടത്തി. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും മട്ടിലയം നീർത്തട വികസന സമിതിയും സംയുക്തമായി കഴിഞ്ഞ നാല് വർഷമായി മട്ടിലയം നീർത്തട പ്രദേശത്ത് കെ.എഫ്.ഡബ്ല്യു സോയിൽ പ്രൊജക്റ്റ് എന്ന പേരിൽ നടപ്പിലാക്കിയ സമഗ്ര നീർത്തട വികസന പദ്ധതി പൂർത്തിയായിരിക്കുകയാണ്. ഈ പശ്ചാത്തലത്തിൽ ആണ് പഠന വിലയിരുത്തൽ നടത്തിയത്. പദ്ധതി പ്രദേശങ്ങൾ സന്ദർശിച്ചും ഗുണഭോക്താക്കളുമായി സംവദിച്ചും രേഖകൾ പരിശോധിച്ചും പദ്ധതിയിലൂടെ കൈവരിച്ച നേട്ടങ്ങൾ, ഫലങ്ങൾ എന്നിവ പഠന സംഘം മനസ്സിലാക്കി. കൂടാതെ നീർത്തട വികസന സമിതിയുമായും പദ്ധതി നിർവ്വഹണ ഏജൻസിയായും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി പ്രവർത്തകരുമായും ടീം ചർച്ച നടത്തുകയുണ്ടായി. പഠനത്തിൽ കഴിഞ്ഞ 04 വർഷത്തെ പദ്ധതി പ്രവർത്തനങ്ങളിലൂടെ ജല മണ്ണ് സംരക്ഷണം സാധ്യമായി എന്നും കാർഷിക വിളകളുടെ ഉത്പാദനം മെച്ചപ്പെട്ടുവെന്നും അതിലൂടെ കർഷകരുടെ വരുമാനം വർദ്ധിച്ചുവെന്നും ടീം കണ്ടെത്തി. കൂടാതെ നീർത്തട സമൂഹവും നീർത്തട വികസന സമിതിയും വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയും വളരെ മാതൃകാ പരമായിട്ടാണ് ഈ പദ്ധതി പൂർത്തിയാക്കിയത് എന്നും പഠന ടീം അഭിപ്രായപ്പെട്ടു. പഠന വിലയിരുത്തൽ പ്രക്രിയക്ക് വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ജിനോജ് പാലത്തടത്തിൽ, പ്രോഗ്രാം ഓഫീസർ ജോസ് പി.എ, അഗ്രോണമിസ്റ്റ് ബിജു കെ.ജെ, കോ-ഓർഡിനേറ്റർ ദീപു ജോസഫ് എന്നിവർ നേതൃത്വം നൽകി.

**സോഷ്യൽ വെൽഫയർ സൊസൈറ്റി (SWS)**

**SWS മീറ്റിംഗ്**

തവിഞ്ഞാൽ, ആലാറ്റിൽ, കല്ലോടി, പോരൂർ, വാളേരി, പാറത്തോട്ടം, ചുങ്കക്കുന്ന്, കൊട്ടിയൂർ, ദ്വാരക, പടമല, കമ്മന, ഒഴുക്കന്മൂല, കുറുമണി, പ്രശാന്തിഗിരി, തലപ്പുഴ, മംഗലശ്ശേരി യൂണിറ്റുകളിൽ നടത്തിയ യോഗങ്ങൾക്ക് ആലീസ് സിസിൽ, ജിനി ഷിനു, ബിൻസി വർഗീസ് എന്നിവർ നേതൃത്വം നൽകി.

**സ്വാശ്രയ സംഘ രൂപീകരണം**

യവനാർകുളം, വഞ്ഞോട്, തലപ്പുഴ, കാട്ടിക്കുളം, അമ്പുകുത്തി, ആറാട്ടുത്തറ, പടിഞ്ഞാറത്തറ എന്നിവിടങ്ങളിൽ പുതിയ സ്വാശ്രയ സംഘങ്ങൾ രൂപീകരിച്ചു.

**തുല്യ ബാധ്യത സംഘങ്ങൾ**

വരയാൽ, പാറത്തോട്ടം, തലപ്പുഴ, വാളേരി, ഒണ്ടയങ്ങാടി, മാനന്തവാടി, കൊറ്റുകുളം എന്നിവിടങ്ങളിൽ ജെ.എൽ.ജി കൾ രൂപീകരിച്ചു.

**സോപ്പ് നിർമ്മാണ പരിശീലനം**

ചുങ്കക്കുന്ന്, പാറത്തോട്ടം, യവനാർകുളം, ദ്വാരക എന്നിവിടങ്ങളിൽ റീജിയണൽ കോഡിനേറ്റർമാരായ ബിൻസി വർഗീസ്, ഷീന ആന്റണി, ആലീസ് സിസിൽ, എന്നിവർ പരിശീലനങ്ങൾക്ക് നേതൃത്വം നൽകി.

**സജീവം പദ്ധതി**

കാരിത്താസ് ഇന്ത്യയുടെ സഹായത്തോടെ കേരള സോഷ്യൽ സർവ്വീസ് ഫോറം വഴി വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റി നടപ്പിലാക്കുന്ന സജീവം പദ്ധതിയുടെ ഭാഗമായി വാളേരി, തൃശ്ശിലേരി, ഒണ്ടയങ്ങാടി, എന്നിവിടങ്ങളിൽ ലഹരിവിരുദ്ധ ബോധവത്ക്കരണ സെമിനാറുകൾ നടത്തി.

**ആശാകിരണം പദ്ധതി**

ആശാകിരണം പദ്ധതിയുടെ ഭാഗമായി പാറത്തോട്ടം, പയ്യമ്പള്ളി, ചെറുകാട്ടൂർ എന്നിവിടങ്ങളിൽ ബോധവത്ക്കരണ സെമിനാർ നടത്തി.

**ആട് വിതരണം**

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്വാശ്രയ സംഘ അംഗങ്ങൾക്ക് വരുമാനം കണ്ടെത്തുന്നതിന്റെ ഭാഗമായി ആറാട്ടുത്തറ യൂണിറ്റിൽ ആട് വിതരണം നടത്തി.

**ഫാഷൻ ഡിസൈനിംഗ് ആൻഡ് ഗാർമെന്റ് ടെക്നോളജി (FDGT)**

ഏറെ തൊഴിൽ സാധ്യതകളുള്ള FDGT (2 years) കോഴ്സിലേക്ക് 2024-2026 വർഷത്തേക്കുള്ള അഡ്മിഷൻ വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയിൽ ആരംഭിച്ചിരിക്കുന്നു. കേരള ടെക്നിക്കൽ എഡ്യുക്കേഷന്റെ പി.എസ്.സി അംഗീകാരത്തോട് കൂടിയ കോഴ്സാണിത്. SSLC യോഗ്യത ഉള്ള ദ്വിവർഷ കോഴ്സിലേക്ക് അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ 9645430856, 9048229197 എന്നീ നമ്പറുകളിൽ ബന്ധപ്പെടുക.

**ഫാ. ജിനോജ് പാലത്തടത്തിൽ**
ഡയറക്ടർ, WSSS

## ജീവസ് & കെ. എൽ. എം

(Department for Labour and Welfare - Diocese of Mananthavady)

**പാരീഷ് സെമിനാറുകൾ**

ജീവസ്സ്-കെ.എൽ.എം പ്രവർത്തനങ്ങളും വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളും പരിചയപ്പെടുത്തുന്നതിനായി സംഘടിപ്പിക്കുന്ന ഇടവകാതല സെമിനാറുകൾ നരിവാലമുണ്ട, എടപ്പെട്ടി ഇടവകകളിൽ നടന്നു. നരിവാലമുണ്ട ഇടവകയിലെ സെമിനാർ വികാരി റവ. ഫാ. സുനിൽ മഠത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ ടീം അംഗം ബിജു പാലത്തിങ്കൽ ക്ലാസ്സ് നയിച്ചു. പാരീഷ് കോഡിനേറ്റർ ആന്റോ ഉട്ടൻചേരി നേതൃത്വം നൽകി.

15-08-2024 ന് എടപ്പെട്ടി ഇടവകയിൽ നടന്ന സെമിനാർ വികാരി ഫാ. ജോയി പിണക്കാട്ട് ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ സെബാസ്റ്റ്യൻ പാലംപറമ്പിൽ ക്ലാസെടുത്തു. കോഡിനേറ്റർ സുധീഷ് എടത്തുംപറമ്പിൽ നേതൃത്വം നൽകി.

**പാരീഷ് ക്യാമ്പ്**

നിലമ്പൂർ ലിറ്റിൽ ഫ്ളവർ ഇടവകയിൽ വിവിധ ക്ഷേമനിധികളിലും മറ്റ് സുരക്ഷാ പദ്ധതികളിലും അംഗങ്ങളെ ചേർക്കുന്നതിനായി രണ്ടാമത്തെ ക്യാമ്പ് സംഘടിപ്പിച്ചു. 31-08-2024 ന് നടന്ന ക്യാമ്പ് ഫൊറോന വികാരി ഫാ. ജെയ്സൺ കുഴികണ്ടത്തിൽ ഉദ്ഘാടനം ചെയ്തു. രൂപതാ പ്രോഗ്രാം കോഡിനേറ്റർ മിനി ഉണ്ണികൃഷ്ണൻ, പാരീഷ് കോഡിനേറ്റർ ജോയി ചാച്ചിറ എന്നിവർ നേതൃത്വം നൽകി. തയ്യൽ തൊഴിലാളി ക്ഷേമനിധി, നിർമ്മാണ തൊഴിലാളി ക്ഷേമനിധി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധികളിലായി 31 പേർ അംഗങ്ങളായി. പാരീഷ് സെമിനാറുകൾ നടന്ന ഇടവകകളിൽ ക്യാമ്പ് നടത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്യണമെന്ന് കോഡിനേറ്റർമാരെ പ്രത്യേകം ഓർമ്മിപ്പിക്കുന്നു.

**ക്ഷേമനിധി ജില്ലാ യോഗങ്ങൾ**

നിർമ്മാണ തൊഴിലാളി ക്ഷേമനിധി വയനാട് ജില്ലാ ഓഫീസ് വിളിച്ച് ചേർത്ത ട്രേഡ് യൂണിയൻ മീറ്റിംഗിലും മുണ്ടക്കൈ ദുരന്ത ബാധിതർക്ക് ആനുകൂല്യ വിതരണത്തിനായി സംഘടിപ്പിച്ച യോഗത്തിലും കെ.എൽ.എം ട്രേഡ് യൂണിയനായ സ്വതന്ത്ര നിർമ്മാണ തൊഴിലാളി യൂണിയനെ പ്രതിനിധീകരിച്ച് സെബാ

സ്റ്റ്യൻ പാലംപറമ്പിൽ, സാലു അബ്രാഹം മേച്ചേരിൽ എന്നിവർ സംബന്ധിച്ചു.

**വിഫ് – എക്സിക്യൂട്ടീവ് മീറ്റിംഗ്**

ഓഗസ്റ്റ് 24,25 തീയതികളിലായി ഡൽഹി CBCI ഓഫീസിൽ നടന്ന വർക്കേഴ്സ് ഇന്ത്യ ഫെഡറേഷൻ (WIF) ദേശീയ എക്സിക്യൂട്ടീവ് യോഗത്തിൽ രൂപതാ ഡയറക്ടർ സംബന്ധിച്ചു.

**ന്യൂനപക്ഷ കമ്മീഷൻ മീറ്റിംഗ്**

30–08–2024 ന് വയനാട് കളക്ട്രേറ്റിൽ വെച്ച് സംസ്ഥാന ന്യൂനപക്ഷ വികസന കമ്മീഷൻ വിളിച്ച് ചേർത്ത യോഗത്തിൽ റവ.ഫാ. ബിജോ കറുകപ്പള്ളിയും ജീവസ് & കെ.എൽ.എം ഡയറക്ടറും പങ്കെടുത്തു. കമ്മീഷന്റെ നേതൃത്വത്തിൽ നടക്കുന്ന തൊഴിൽ മേളയിൽ ഉദ്യോഗാർത്ഥികളെ പങ്കെടുപ്പിക്കാമെന്ന് തീരുമാനമാകുകയും ചെയ്തു.

**ഫൊറോന കോഡിനേറ്റേഴ്സ് മീറ്റിംഗ്**

മാനന്തവാടി ഫൊറോനയിലെ പാരീഷ് കോഡിനേറ്റേഴ്സ് മീറ്റിംഗ് കത്തീഡ്രൽ പള്ളിയിൽ വെച്ച് ഫൊറോനാ വികാരി ഫാ. സോണി വാഴക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ നടന്നു. എല്ലാ ഇടവകകളിൽ നിന്നുമുള്ള കോഡിനേറ്റർമാർ പങ്കെടുത്തു. കെ.എൽ.എം രൂപതാ പ്രസിഡന്റ് ബിജു പോൾ, രൂപതാ ഡയറക്ടർ എന്നിവരും സംബന്ധിച്ച യോഗത്തിൽ വെച്ച് മനോജ് വെളിയത്തിനെ ഫൊറോന കോഡിനേറ്റർ ആയി തിരഞ്ഞെടുക്കുകയും റീജിയണൽ കൺവെൻഷൻ നടത്താൻ തീരുമാനിക്കുകയും ചെയ്തു. റോജസ് മാർട്ടിൻ സ്വാഗതവും മനോജ് വെളിയത്ത് നന്ദിയും പറഞ്ഞു.

**പുൽപ്പള്ളി ഇടവക നേതൃ പരിശീലനം**

പുൽപ്പള്ളി ടൗൺ ചർച്ച് ഇടവകയിലെ എ.കെ.സി.സി സംഘടിപ്പിച്ച വാർഡ് ലീഡേഴ്സ് പരിശീലനത്തിൽ ജീവസ് – കെ.എൽ.എം പ്രവർത്തനങ്ങളും വിവിധ സാമൂഹ്യ സുരക്ഷാ പദ്ധതികളും രൂപതാ ഡയറക്ടർ വിശദീകരിച്ചു. വികാരി റവ.ഫാ. ജോർജ്ജ് മൈലാടൂർ നേതൃത്വം നൽകിയ യോഗം AKCC രൂപതാ ഡയറക്ടർ റവ.ഫാ. ജോബി മുക്കാട്ട്കാവുങ്കൽ ഉദ്ഘാടനം ചെയ്തു. കത്തോലിക്ക കോൺഗ്രസ് പുൽപ്പള്ളി ഇടവകാ നേതൃത്വത്തോടും ജോർജ്ജ് മൈലാടൂർ അച്ചനോടുമുള്ള നന്ദി അറിയിക്കുന്നു.

**മാനന്തവാടി – പയ്യമ്പള്ളി ഫൊറോന കൺവെൻഷൻ**

മാനന്തവാടി, പയ്യംപള്ളി ഫൊറോനകളിലെ ഇടവകകളിൽ നിന്നുമുള്ള പ്രതിനിധികൾക്കായി സംഘടിപ്പിച്ച കൺവെൻഷൻ

04-09-2024ന് കത്തീഡ്രൽ ഇടവകയിൽ വെച്ച് നടന്നു. മാനന്തവാടി ഫൊറോന വികാരി ഫാ. സോണി വാഴക്കാട്ട് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു. പയ്യമ്പള്ളി ഫൊറോന വികാരി ഫാ. സെബാസ്റ്റ്യൻ ഏലംകുന്നേൽ അനുഗ്രഹ പ്രഭാഷണം നടത്തി. വനിതാ വികസന കോർപ്പറേഷൻ ചെയർപേഴ്സൺ കെ.സി. റോസക്കുട്ടി ടീച്ചർ, സംസ്ഥാന എംപ്ലോയ്മെന്റ് മിഷൻ റീജിയണൽ മാനേജർ ഡയാനാ തങ്കച്ചൻ, സംസ്ഥാന പിന്നോക്ക വികസന കോർപ്പറേഷൻ മാനന്തവാടി താലൂക്ക് ഓഫീസർ ബിന്ദു വർഗ്ഗീസ്, സെബാസ്റ്റ്യൻ പാലംപറമ്പിൽ, എന്നിവർ ക്ലാസ്സുകൾ നയിച്ചു. മനോജ് വെളിയത്ത് സ്വാഗതവും സജി ജോൺ നന്ദിയും പറഞ്ഞു. ഫാ. ബിജു പുന്നക്കാപടവിൽ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫാ. വിനോദ് പാക്കാനിക്കുഴി, ഫാ. സെബാസ്റ്റ്യൻ ഉണ്ണിപ്പള്ളി എന്നീ വൈദികരുടെ സാന്നിദ്ധ്യം ഏറെ സന്തോഷപ്രദമായി. രണ്ട് ഫൊറോനകളിലെ എല്ലാ ഇടവകകളിൽ നിന്നുമായി നൂറ്റി എഴുപത് പേർ പങ്കെടുത്തു. പ്രതിനിധികളെയും എല്ലാ ഇടവകാ വികാരിയച്ചന്മാരെയും നേതൃത്വം നൽകിയ പാരീഷ് കോഡിനേറ്റർമാരെയും നന്ദിയോടെ ഓർക്കുന്നു.

**ക്ഷേമനിധി അംഗത്വം**

കേരള ടൈലറിംഗ് വർക്കേഴ്സ് ഫോറത്തിന്റെ കീഴിൽ 20 തയ്യൽ തൊഴിലാളികൾക്ക് 30-08-2024 ന് കൽപ്പറ്റ ക്ഷേമനിധി ഓഫീസിൽ വച്ച് നടത്തിയ സിറ്റിംഗിൽ അംഗത്വം ലഭിച്ചു.

**സ്വാവലംബൻ**

കേന്ദ്ര ഗവൺമെന്റ് പദ്ധതിയായ സ്വാവലംബനിൽ ചേർന്ന 60 വയസ്സ് പൂർത്തിയായ 05 പേർക്ക് റിട്ടയർമെന്റ് ആനുകൂല്യം ലഭിച്ചു.

**സെബാസ്റ്റ്യൻ പാലംപറമ്പിൽ**
രൂപതാ ഡയറക്ടർ, KLM

# നീലഗിരി ഡെവലപ്മെന്റ് സൊസൈറ്റി

## 1. NABARD Programmes

### NABARD JLG's Programme:

നബാഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന ജോയിന്റ് ലൈബിലിറ്റി ഗ്രൂപ്പുകളുടെ രൂപീകരണവുമായി ബന്ധപ്പെട്ട് വിമലഗിരി യൂണിറ്റിന്റെ കീഴിൽ 4 ഗ്രൂപ്പുകൾ ഗൂഡല്ലൂർ കാനറാ ബാങ്കിൽ JLG അക്കൗണ്ടുകൾ തുടങ്ങുന്നതിനുള്ള കാര്യങ്ങൾ ചെയ്തു വരുന്നു.

## 2. BSW Field Placement Programme

ഗൂഡല്ലൂർ ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ മൂന്നാംവർഷം BSW കോഴ്സിന് പഠിക്കുന്ന 3 വിദ്യാർത്ഥിനികൾക്കുവേണ്ടി, അവർ NDS ൽ നടത്തുന്ന ട്രെയിനിംഗിന്റെ ഭാഗമായി 28-08-2024 ൽ വിമലഗിരിയിൽ പ്രവർത്തിക്കുന്ന ഗ്രിട്ടൻ ഓർഗാനിക് സന്ദർശിക്കുകയും ഓർഗാനിക് ചായയെക്കുറിച്ച് വിശദമായി ചോദിച്ചറിയുകയും ചെയ്തു. അന്നേ ദിവസം ഉച്ചകഴിഞ്ഞ് കയ്യൂന്നി യൂണിറ്റിൽ വെച്ച് നടന്ന ഇവാലുവേഷൻ മീറ്റിംഗിൽ പങ്കെടുത്തു. 04-09-2024 ന് മാവനള്ളയിൽ ട്രൈബൽ കോളനിയിൽ സന്ദർശനം നടത്തി. 14-09-2024 ശനിയാഴ്ച്ച ആൺ കുട്ടികൾക്കുവേണ്ടി സൈക്കോളജിസ്റ്റ് ശ്രുതി കെ. മാർട്ടിൻ Transactional Analysis ക്ലാസ് എടുത്തു. തുടർന്ന് കുട്ടികൾ തങ്ങളുടെ പ്രസന്റേഷൻ സമർപ്പിക്കുകയും NDS ഡയറക്ടർ അവർക്ക് ട്രയിനിംഗ് പൂർത്തിയാക്കിയതിന്റെ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുകയും ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി.

**3.MSW Field Placement Programme**

എരുമേലി MES കോളേജിൽ MSW കോഴ്സിന് പഠിക്കുന്ന 2 വിദ്യാർത്ഥിനികൾ 02-09-2024 മുതൽ NDS ൽ ട്രെയിനിംഗ് ആരംഭിച്ചു. ട്രയിനിംഗിന്റെ ഭാഗമായി 02-09-2024 ന് ശ്രീലങ്കൻ കമ്മ്യൂണിറ്റിയെ സന്ദർശിച്ച് അവരുടെ കാര്യങ്ങൾ ചോദിച്ചറിഞ്ഞു. 04-09-2024 ന് മാവനള്ളയിലെ ട്രൈബൽ കമ്മ്യൂണിറ്റിയിൽ സന്ദർശനം നടത്തി അവരുടെ പ്രശ്നങ്ങളെകുറിച്ച് പഠിച്ചു. 05-09-2024 ന് കൽപ്ര യൂണിറ്റ് സന്ദർശനം നടത്തി. ബയോവിൻ ഓർഗാനിക് കൃഷിയെക്കുറിച്ച് AEO ജിൻസി ജോയി വിശദീകരിച്ചു. 06.09.2024 ന് എരുമാട് വെട്ടുവാടിയിലെ LEDP യൂണിറ്റുകൾ സന്ദർശിച്ചു. 09-09-2024ന് വ്യത്യസ്തങ്ങളായ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനെക്കുറിച്ച് NDS പ്രോജക്ട് കോഡിനേറ്റർ ജോഷി ക്ലാസ് നയിച്ചു. 11-09-2024ന് അള്ളൂർ വില്ലേജിൽ സന്ദർശനം നടത്തി. 12.09.2024 ന് MSW കുട്ടികൾക്ക് പോളിസി നിർമ്മാണവുമായി ബന്ധപ്പെട്ട് ജൂഡ് മാർട്ടിൻ ക്ലാസ് നയിച്ചു. 13-09-2024 ന് MSW കുട്ടികൾ തൊറപ്പള്ളി അള്ളൂർ ഗ്രാമത്തിലെ ബാലവാടിയിൽവച്ച് കമ്മ്യൂണിറ്റി ആക്റ്റിവിറ്റി നടത്തി. 14-09-2024 ശനിയാഴ്ച്ച MSW കുട്ടികൾക്കുവേണ്ടി സൈക്കോളജിസ്റ്റ് ശ്രുതി കെ. മാർട്ടിൻ Transactional Analysis ക്ലാസ് എടുത്തു. 16-09-2024 ന് കൂടമൂല പ്രദേശത്ത് കമ്മ്യൂണിറ്റി ഈവന്റ് സംഘടിപ്പിച്ചു. ആരോഗ്യ പരിപാലനത്തെക്കുറിച്ചും, വ്യക്തി ശുചിത്വത്തെക്കുറിച്ചും ക്ലാസ് നയിച്ചു. അവർക്ക് തുണിയും, ഭക്ഷണസാധനങ്ങളും, സാനിറ്ററി പാഡുകളും വിതരണം ചെയ്യുകയും ചെയ്തു. 40 ഓളം ട്രൈബൽ അംഗങ്ങൾ പരിപാടിയിൽ പങ്കെടുത്തു. 17-09-2024 ന് ജീവൻ രക്ഷാഭവനിൽ സന്ദർശനം നടത്തി. 20 ഓളം അനാഥ പെൺകുട്ടികളെ കാണുകയും അവരുമായി സംസാരിക്കുകയും ചെയ്തു. NDS ഡയറക്ടർ ഫാ. ബിനോയി കാശാംകുറ്റിയിൽ, അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, മുഖ്യ പരിശീലകൻ ജൂഡ് മാർട്ടിൻ, പ്രോജക്ട് കോഡിനേറ്റർ ജോഷി എന്നിവർ ഈ പരിശീലന പരിപാടികൾക്ക് നേതൃത്വം നല്കി.

**4. കാരുണ്യസ്പർശം**

NDS ന്റെ നേതൃത്വത്തിൽ BSW & MSW ട്രയിനിംഗിന് വന്നിരിക്കുന്ന കുട്ടികൾ NDS സ്റ്റാഫ് ജൂഡ് മാർട്ടിന്റെ നേതൃത്വത്തിൽ തൊറപ്പള്ളി അള്ളൂർ, മേൽഗൂഡല്ലൂർ ജീവൻ രക്ഷാഭവൻ,

ആശാഭവൻ എന്നിവിടങ്ങളിൽ സന്ദർശനം നടത്തുകയും, അവിടങ്ങളിൽ താമസിക്കുന്ന ആദിവാസികൾ, അനാഥ കുട്ടികൾ, വൃദ്ധ മാതാപിതാക്കൾ എന്നിവരെ കാണുകയും അവരുമായി സംസാരിക്കുകയും, ആരോഗ്യ പരിപാലനത്തെക്കുറിച്ചും, വ്യക്തി ശുചിത്വത്തെക്കുറിച്ചും ബോധവത്ക്കരണ ക്ലാസുകൾ നടത്തുകയും ചെയ്തു. അവർക്ക് ആവശ്യമായ ബെഡ്ഷീറ്റുകൾ, കമ്പിളി പുതപ്പുകൾ, സാനിറ്ററി പാഡുകൾ, ഭക്ഷണ സാധനങ്ങൾ എന്നിവ നല്കുകയും ചെയ്തു.

**5. സമൃദ്ധകുടുംബം പദ്ധതി: Phase 2**

WSSS ഉം ബയോവിൻ അഗ്രോ റിസേർച്ചും സംയുക്തമായി നടപ്പിലാക്കുന്ന സമൃദ്ധകുടുംബം പദ്ധതിയുടെ രണ്ടാം ഘട്ടത്തിലേക്ക് ഗുണഭോക്താക്കളായി തിരഞ്ഞെടുക്കപ്പെട്ട 25 പേരുടെയും ഭവനങ്ങളിൽ NDS അസി. ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി ടി.പി എന്നിവർ നേരിട്ട് സന്ദർശനം പൂർത്തിയാക്കുകയും, അവർക്ക് ആദ്യ ഗഡുവായി ലഭിച്ച തുകകൊണ്ട് നടപ്പിലാക്കിയ വരുമാന ഉത്പാദന മാർഗ്ഗങ്ങളെകുറിച്ച് ചോദിച്ചറിയുകയും, ഫോട്ടോ എടുക്കുകയും, അതിന്റെ വിശദമായ റിപ്പോർട്ട് ബയോവിന് സമർപ്പിക്കുകയും ചെയ്തു.

**6. NDS മേഖലാതല ഓണാഘോഷം: ധർമ്മഗിരിയിൽ**

NDS മേഖലാതല ഓണാഘോഷം 18-09-2024 ന് ധർമ്മഗിരി യൂണിറ്റിൽവെച്ച് നടത്തപ്പെട്ടു. സ്വാശ്രയസംഘങ്ങൾക്കു വേണ്ടിയുള്ള വിവിധ കായികമത്സരങ്ങൾ നടത്തപ്പെട്ടു. NDS യൂണിറ്റ് ഡയറക്ടർ ഫാ. ബിജു തുരുത്തേൽ, NDS അസി. ഡയറക്ടർ ഫാ. കൊല്ലംകുന്നേൽ, പ്രോജക്ട് കോഡിനേറ്റർ ജോഷി ടി.പി, സ്റ്റാഫംഗം ജൂഡ് മാർട്ടിൻ യൂണിറ്റ് ഭാരവാഹികൾ, കമ്മറ്റിയംഗങ്ങൾ എന്നിവർ ഓണാഘോഷ പരിപാടികൾക്ക് നേതൃത്വം നല്കി. വിവിധ മത്സരങ്ങളിൽ വിജയികളായവർക്ക് സമ്മാനങ്ങൾ വിതരണം നടത്തി. വിഭവ സമൃദ്ധമായ ഓണസദ്യയോടെ ഓണാഘോഷ പരിപാടികൾ അവസാനിപ്പിച്ചു.

**7. യൂണിറ്റ് തല പ്രവർത്തനങ്ങൾ**

**ബോസ്പാറ യൂണിറ്റ്:** ഓഗസ്റ്റ് 15 ന് എല്ലാ ഗ്രൂപ്പുകളിലും പതാകവന്ദനം നടത്തി. യൂണിറ്റ് എക്സിക്യൂട്ടീവ് എല്ലാ

ഗ്രൂപ്പുകളിലും സന്ദർശനം നടത്തി. പുതിയ സ്വാശ്രയ സംഘ രൂപീകരണം നടത്തി.
**വിമലഗിരി യൂണിറ്റ് :** ഓഗസ്റ്റ് 15 ന് ക്വിസ് മത്സരം നടത്തി. 3 JLG ഗ്രൂപ്പുകൾ കാനറാ ബാങ്കിൽ ലോൺ അപേക്ഷ സമർപ്പിച്ചു. ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ പരിസരശുചീകരണം നടത്തി. രോഗീ സഹായം നൽകി. ഓണത്തോട് അനുബന്ധിച്ച് ദേവാലയത്തിൽ പൂക്കളം ഇട്ടു. 5 ഗ്രൂപ്പുകൾക്ക് ക്രെഡിറ്റ് യൂണിയൻ ലോൺ വിതരണം ചെയ്തു.
**ധർമ്മഗിരി യൂണിറ്റ് :** ഈ മാസം 4 CU -ലോൺ പാസാക്കി. പച്ച മരുന്ന് ക്ലാസ്സും, ഔഷധ കഞ്ഞിയും നൽകി. വിഷ്ണു തൈലവും, ചുമമരുന്നും ഉണ്ടാക്കി വിതരണം ചെയ്തു. ദുരിതാശ്വാസ നിധിയിലേക്ക് 13,000 രൂപ നൽകി. യൂണിറ്റിലെ ഒരു അംഗത്തിന്റെ വീട് പണിക്ക് യൂണിറ്റിൽ നിന്ന് 10,000 രൂപയും യൂണിറ്റ് പ്രസിഡന്റ് 2000 രൂപയും, യൂണിറ്റിലെ ഒരു അംഗം 2 ജനലും ഒരു കട്ടിളയും നൽകി. JLG ലോണിനെക്കുറിച്ച് അംഗങ്ങളെ അറിയിച്ചെങ്കിലും ആരും താൽപര്യം കാണിച്ചില്ല. ഓണാഘോഷ പരിപാടി നല്ല രീതിയിൽ നടത്തി. +2 പാസായ യൂണിറ്റിലെ 5 അംഗങ്ങളുടെ മക്കൾക്ക് 5000 രൂപയും, ഒരു അംഗത്തിന്റെ മകന് 2500 രൂപയും നൽകി. ഓണാഘോഷ പരിപാടിയിൽ മേഖലാ ഭാരവാഹികൾ വരുകയും കായിക പരിപാടികൾ നടത്തുകയും വിജയികൾക്ക് സമ്മാനങ്ങൾ നൽകുകയും ഓണസദ്യ ഒരുക്കുകയും ചെയ്തു.
**കയ്യൂന്നി യൂണിറ്റ് :** യൂണിറ്റ് കമ്മിറ്റി മീറ്റിംഗും, ഇവാലുവേഷനും നടത്തി. BSW & MSW കുട്ടികൾ പരിശീലനത്തിനായി വന്നു. PMEGP ലോണുമായി ബന്ധപ്പെട്ട് മീറ്റിംഗ് നടത്തി

**8. പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ & കരുണൈ ആംബുലൻസ് സർവ്വീസ്**

കരുണൈ പെയിൻ ആൻഡ് പാലിയേറ്റീവ് പ്രവർത്തനങ്ങളുടെ ഭാഗമായി നീലഗിരി റീജിയണിലെ പന്തല്ലൂർ താലൂക്കിലെ പാട്ടവയൽ, ബെക്കി, കുന്നലാടി, പന്തല്ലൂർ, ദേവാല, കയ്യൂന്നി പ്രദേശങ്ങളിൽ രോഗീസന്ദർശനം, പാലിയേറ്റീവ് കെയർ, കിടപ്പ് രോഗികൾക്കുള്ള സഹായങ്ങൾ എന്നിവ ചെയ്തുവരുന്നു. നിർദ്ദനരായ രോഗികൾക്ക് സൗജന്യ അംബുലൻസ് സഹായം നൽകി. ബത്തേരി, കൽപ്പറ്റ, കോഴിക്കോട്, ഊട്ടി എന്നീ സ്ഥലങ്ങളിലെ

ആശുപത്രികളിലെ വിദഗ്ധ ചികിത്സക്കായി പോയ രോഗികൾക്ക് മിതമായ നിരക്കിൽ ആംബുലൻസ് സഹായം നൽകി വരുന്നു.

**9.TAS - Psychological Wellness and Training Centre**

Counselling ക്ലാസുകൾ (Teen health matters) 25-08-24 ന് ധർമ്മഗിരി സെന്റ് സെബാസ്റ്റ്യൻസ് ചർച്ചിലെ കൗമാര കാലഘട്ട ത്തിലെ കുഞ്ഞുങ്ങൾക്കായി കൗമാര കാലഘട്ടത്തിന്റെ ആരോഗ്യ പരിപാലനത്തെകുറിച്ച് പ്രത്യേകിച്ച് മാനസിക ആരോഗ്യപരിപാ ലനത്തെക്കുറിച്ച് ശ്രുതി കെ. മാർട്ടിൻ ക്ലാസ് നയിച്ചു. കൗമാര കാലഘട്ടത്തിൽ കുഞ്ഞുങ്ങൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളും പിരിമുറുക്കങ്ങളും അവ നേരിടേണ്ട രീതികളുമെ ല്ലാം ക്ലാസിലെ വിഷയമായിരുന്നു. ആരോഗ്യസംരക്ഷണത്തിന്റെ വിവിധ മേഖലകൾ ശാരീരിക, സാമൂഹിക, മാനസിക, ആത്മീയ ആരോഗ്യത്തെക്കുറിച്ച് വിദ്യാർത്ഥികൾക്കിടയിൽ ചർച്ച നടത്തി.

**Know Yourself Better: Enneagram Workshop**

ഓഗസ്റ്റ് 27 നു ഓൺലൈൻ ക്ലാസുകൾ സംഘടിപ്പിച്ചു. സ്വന്തം വ്യക്തിത്വം ഏതാണെന്ന് മനസ്സിലാക്കാനും അതിനനു സരിച്ച് ജീവിതത്തിൽ മുന്നോട്ടുള്ള പാതകൾ ക്രമീകരിക്കാനും ജീവിതത്തിൽ പുനരുദ്ധരിക്കപ്പെടാൻ ഓരോ വ്യക്തിത്വവും സ്വീകരിക്കേണ്ട മാർഗങ്ങളും ക്ലാസിലെ പ്രധാന വിഷയമായിരുന്നു.

**Transactional Analysis**

നീലഗിരി ഡെവലപ്മെൻറ് സൊസൈറ്റിയിൽ ബ്ലോക്ക് പ്ലേസ് മെന്റിനു വരുന്ന BSW & MSW വിദ്യാർത്ഥികൾക്കായി സെപ്റ്റംബർ 14 ശനിയാഴ്ച ക്ലാസുകൾ നയിച്ചു. വിദ്യാർത്ഥികളുടെ മുൻപോ ട്ടുള്ള പഠനത്തിനും ജീവിതത്തിനും ഉപകാരപ്പെടുന്ന ട്രാൻസാ ക്ഷണൽ അനാലിസിസ് എന്ന വിഷയമാണ് അവതരിപ്പിച്ചത്.

**ഫാ. ബിനോയി കെ. സെബാസ്റ്റ്യൻ**

ഡയറക്ടർ, നീലഗിരി ഡെവലപ്പ്മെന്റ് സൊസൈറ്റി (NDS)




റിച്ചാർഡ് ബക്കിന്റെ പ്രശസ്തമായ ചെറു നോവലാണ് 'ജോനാഥൻ ലിവിങ്സ്റ്റൺ'. ഈ നോവലിലെ ജോനാഥൻ ഒരു കടൽക്കാക്കയാണ്. ജോനാഥൻ മറ്റു കടൽക്കാക്കകളിൽ നിന്നും വ്യത്യസ്തനാണ്. ആരും പറക്കാത്ത ആകാശത്തിന്റെ പരിധിയില്ലാത്ത ഉയരങ്ങൾകീഴടക്കുവാൻ അവൻ ആഗ്രഹിച്ചു. കൂടുതൽ ഉയരത്തിൽ പറക്കുന്നവനെ കൂടുതൽ ദൂരങ്ങൾ കാണാൻ സാധിക്കൂ എന്ന് അവൻ വിശ്വസിച്ചു. ഇരുളിനെ കീറിമുറിച്ച് തന്റെ കൂട്ടർ പറന്നുയരുന്നത് അവൻ സ്വപ്നം കണ്ടു. അവസാനം തന്റെ ഗണത്തിൽ നിന്ന് ജോനാഥന് ശിഷ്യർ ഉണ്ടായി. ആകാശ വിതാനത്തിൽ കടൽകാക്കകളുടെ പുതിയപറ്റം പറക്കാൻതുടങ്ങി.

കാലഘട്ടം ആവശ്യപ്പെടുന്ന സമുദായ മുന്നേറ്റം, ഏവരുടെയും മനസ്സിലും ശരീരത്തിലും സിരകളിലും ആവേശം നൽകുന്നതായിരുന്നു കല്പറ്റ ഡീ പോൾ സ്കൂളിലെ നീതു വരവുകാലായിൽ നഗറിൽ നടന്നത്. 500ൽ പരം ജോനാഥൻമാർ സാമുദായിക ബോധത്തിന്റെ പുതിയ ആകാശം തേടി വന്നതിന്റെ നേർചിത്രമായിരുന്നു കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത നേതൃത്വ സംഗമവും പഠന ശിബിരവും.

**കത്തോലിക്കാ കോൺഗ്രസ് മാനന്തവാടി രൂപത നേതൃ സംഗമം പഠനശിബിരം, ഗ്ലോബൽ ഭാരവാഹികൾ സ്വീകരണം സ്വാഗതസംഘം:**

ആഗസ്റ്റ് 25ന് ഞായറാഴ്ച കൽപ്പറ്റ ഡി പോൾ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് രൂപതാ നേതൃസംഗമം സ്വാഗത സംഘ രൂപീകരണം നടന്നു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. കൽപ്പറ്റ ഫൊറോന വികാരി റവ ഫാ. ജോഷി പെരിയപ്പുറം ഉദ്ഘാടനം ചെയ്തു. രൂപതാ ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ, കൽപ്പറ്റ ഫൊറോന ഡയറക്ടർ ഫാ. ടോമി പുത്തൻപുരയിൽ രൂപത ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരയ്ക്കൽ, സാജു പുലിക്കോട്ടിൽ, തോമസ് പട്ടമന,

സജി ഫിലിപ്പ്, ഡേവി മങ്കുഴ, മോളി മമ്മൂട്ടിൽ, അന്നകുട്ടി ഉണ്ണിക്കുന്നേൽ, ജിജോ മംഗലത്ത്, സജി ഇരട്ടമുണ്ടയ്ക്കൽ എന്നിവർ സംസാരിച്ചു.

ഫാ. ജോഷി പെരിയപ്പുറം ചെയർമാനും ഫാ ടോമി പുത്തൻപുര വർക്കിംഗ് ചെയർമാനും, സജി ഫിലിപ്പ് ജനറൽ കൺവീനറും, ജോൺസൺ കുറ്റിക്കാട്ടിൽ കൺവീനറുമായി 51 അംഗ സ്വാഗത സംഘം രൂപീകരിച്ചു.

**രൂപത വർക്കിംഗ് കമ്മിറ്റി**

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപത വർക്കിംഗ് കമ്മിറ്റി ഓഗസ്റ്റ് 25ന് ഞായറാഴ്ച 2.30ന് കൽപ്പറ്റ സെൻറ് പോൾ സ്കൂൾ ഓഡിറ്റോറിയത്തിൽ നടന്നു. രൂപത പ്രസിഡൻറ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരയ്ക്കൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ.ജോബി മുക്കാട്ടുകാവുങ്കൽ ആമുഖപ്രഭാഷണം നടത്തി.

**തീരുമാനങ്ങൾ**

1. രൂപത സമ്മേളനം, പഠനശിബിരം, ഗ്ലോബൽ നേതാക്കൾക്ക് സ്വീകരണം എന്നിവ സെപ്റ്റംബർ 13,14 തീയതികളിൽ കൽപ്പറ്റ സെന്റ് ഡീ പോൾ സ്കൂൾ ഓഡിറ്റോറിയത്തിൽ നടത്തുക.
2. സെപ്റ്റംബർ അഞ്ചിന് വി. മദർ തെരേസയുടെ തിരുനാൾ ചാരിറ്റി ഡേ ആയി ആചരിക്കുക
3. ബ്ലഡ് ഡോണേഴ്സ് ഫോറം പ്രവർത്തനം കാര്യക്ഷമമാക്കുക.
4. മേഖല പഠന ക്യാമ്പുകൾ നടത്തുക.
5. പ്രവർത്തന മാർഗരേഖ ചർച്ച ചെയ്തു.
6. എല്ലാ ഇടവകകളിലും യൂണിറ്റ് രൂപീകരിക്കുക.

**ഫെറോന ഡയറക്ടർമാരുടെയോഗം**

മാനന്തവാടി രൂപത കത്തോലിക്ക കോൺഗ്രസിന്റെ ഫൊറോന ഡയറക്ടർമാരുടെ ഓൺലൈൻ യോഗം നടത്തി. പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ മുഖ്യ പ്രഭാഷണം നടത്തി. കൽപ്പറ്റ ഫെറോനാ ഡയറക്ടർ ഫാ. ടോമി പുത്തൻപുര, പയ്യമ്പള്ളി ഡയറക്ടർ ഫാ. വിനോദ് പാക്കാനകുഴി, മാനന്തവാടി

ഡയറക്ടർ ഫാ. ജിതിൻ പീച്ചാട്ട്, കല്ലോടി ഡയറക്ടർ ഫാ. ജസ്റ്റിൻ മുത്താനിക്കാട്ട്, നടവയൽ ഡയറക്ടർ ഫാ.ജോസ് കപ്യാരുമല. ഗൂഡല്ലൂർ ഡയറക്ടർ ഫാ. സിജോ എടക്കുടി, മണിമൂളി ഡയറക്ടർ ഫാ. സണ്ണി കൊല്ലത്തോട്ടം, ദ്വാരക ഡയറക്ടർ ഫാദർ ജോസ് കളപ്പുര, എന്നിവർ പങ്കെടുത്തു.

**തീരുമാനങ്ങൾ**

1. രൂപതാസമ്മേളനം, പഠനശിബിരം, ഗ്ലോബൽ നേതാക്കൾക്ക് സ്വീകരണം എന്നിവ സെപ്റ്റംബർ 13,14 തീയതികളിൽ കൽപ്പറ്റ വെച്ച് നടത്തുക, 2. എല്ലാ ഇടവകകളിലും യൂണിറ്റുകൾ രൂപീ കരിക്കുക, 3. സെപ്റ്റംബർ 5 ചാരിറ്റിദിനമായി ആചരിക്കുക, 4. ബ്ലഡ് ഡോണേഴ്സ് ഫോറം രൂപീകരിക്കുക. രൂപതാ ട്രഷറർ സജി ഫിലിപ്പ് നന്ദി അറിയിച്ചു.

**മണിമൂളി മേഖല കൺവെൻഷൻ**

കത്തോലിക്ക കോൺഗ്രസ് മണിമൂളി മേഖല കൺവെൻഷൻ സെപ്റ്റംബർ 1 ഞായാറാഴ്ച മൂന്നുമണിക്ക് മണിമൂളി റീജണൽ പാസ്റ്ററൽ സെന്ററിൽ നടന്നു. മേഖലാ പ്രസിഡൻറ് ശ്രീ. സണ്ണി മാസ്റ്ററുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ സെക്രട്ടറി സ്വാഗതം ആശംസച്ചു. രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴു ത്തുങ്കൽ ഉദ്ഘാടനം ചെയ്തു. ഡയറക്ടർ ഫാ.സണ്ണി കൊല്ലാർത്തോട്ടം മുഖ്യപ്രഭാഷണം നടത്തി. ഒൻപത് ഇടവ കകളിൽ നിന്ന് പ്രതിനിധികൾ യോഗത്തിൽ പങ്കെടുത്തു. ഒക്ടോബർമാസത്തിനുമുൻപ്എല്ലാഇടവകകളിലുംയൂണിറ്റുകൾസ്ഥാ പിച്ച് ഭാരവാഹികളെ തിരഞ്ഞെടുത്തു പ്രവർത്തനം സജീവമാ ക്കുവാൻ തീരുമാനിച്ചു.

**എ.കെ.സി.സി**

വിശുദ്ധയായ മദർ തെരെസയുടെ തിരുനാൾ ദിനം ആയ സെപ്തംബർ 5-ാം തിയ്യതി ചാരിറ്റി ദിനമായി ആചരിക്കുന്ന തിന്റെ ഭാഗമായി AKCC നടവയൽ യൂണിറ്റ് സമിതി തെരെ ഞ്ഞെടുത്ത കൂടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്തു. ഹോളി ക്രോസ് മേജർ ആർക്കി എപ്പിസ്ക്കോപ്പൻ പിൽഗ്രിം ചർച്ച് ആർച്ച് പ്രീസ്റ്റ് റവ ഫാ. ഗർവ്വാസീസ് മറ്റം, രൂപത AKCC സെക്ര ട്ടറി ഇ.വി. സജി ഇരട്ടമുയ്ക്കൽ എന്നിവർ ചേർന്ന് വിതരണം ചെയ്യുതു. യൂണിറ്റ് ജനറൽ സെക്രടറി സ്മിത ലിജോ സ്വാഗതം

ആശംസിച്ചു. രൂപത വൈസ് പ്രസിഡന്റ് അന്നക്കുട്ടി ജോസ്, മേഖല പ്രസിഡന്റ് വിൻസെന്റ് ചേരവയലിൽ, യൂണിറ്റ് ട്രഷറർ സാബു നിരപ്പേൽ, ഇടവക ട്രസ്റ്റി ജോസ് കുന്നത്തുമറ്റത്തിൽ, യൂണിറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം സ്റ്റാൻലി തെലങ്കാന എന്നിവർ നേതൃത്വം നൽകി.

സെപ്തംബർ 5-ാം തിയ്യതി അദ്ധ്യാപകദിനത്തിൽ എ.കെ. സി.സി (അഖിലകേരള കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതി) നടവയൽ യൂണിറ്റ് AKCC വൈസ് പ്രസിഡും റിട്ട യേർഡ് ഹെഡ്മാസ്റ്റർ ഇ.കെ. പൗലോസ് മാസ്റ്ററെ പൊന്നാട അണിയിച്ച് ആദരിക്കുന്നു. AKCC യൂണിറ്റ് രക്ഷാധികാരി റൈറ്റ് റവ. ഫാദർ ഗർവ്വാസീസ് മറ്റം, AKCC രൂപത സെക്രട്ടറിയും യൂണിറ്റ് പ്രസിഡുമായ ഇ.വി. സജി ഇരട്ടമുയ്ക്കൽ, മാനന്തവാടി രൂപത വൈസ് പ്രസിഡൻറ്റ് അന്നക്കുട്ടി ഉണ്ണികുന്നേൽ,നടവയൽ മേഖല പ്രസിഡന്റ് E V വിൻസെന്റ് AKCC നടവയൽ യൂണിറ്റ് ഭാരവാഹികളായ ജനറൽ സെക്രട്ടറി സ്മിത ലിജോ, ട്രഷറർ സാബു നിരപ്പേൽ, സ്റ്റാൻലി തെലങ്കാനയിൽ എന്നിവർ നേതൃത്വം നൽകി.

**ജാഗ്രതാ ദിനം**

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ സമിതിയുടെ ആഹ്വാന പ്രകാരം സെപ്റ്റംബർ 8 ഞായറാഴ്ച ജാഗ്രതാ ദിനമായി മാനന്തവാടി രൂപതയും ആചരിച്ചു. ജാഗ്രതാ ദിനാചരണം മൂലങ്കാവ് സെന്റ് ജൂഡ് പള്ളിയിൽ നടത്തി. ബത്തേരി ഫൊറോന പ്രസിഡന്റ് ശ്രീ. ഡേവി മങ്കുഴ അധ്യക്ഷത വഹിച്ചു. മാനന്തവാടി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ ഉദ്ഘാടനം ചെയ്തു. ഫാദർ അനീഷ് കട്ടാൻകോട്ടിൽ മുഖ്യപ്രഭാഷണം നടത്തി. തോമസ് പട്ടമന, ശ്രീമതി മാമൂട്ടിൽ, മേഖല ഇടവക നേതാക്കൾ എന്നിവർ പ്രസംഗിച്ചു.

**പഠനശിബിരം**

കത്തോലിക്ക കോൺഗ്രസ് മാനന്തവാടി രൂപതാ നേതൃത്വ സംഗമത്തോടനുബന്ധിച്ചുള്ള പഠന ശിബിരം സെപ്റ്റംബർ 13 ന് വെള്ളിയാഴ്ച 5.30ന് ജപമാലയോട് കൂടി ആരംഭിച്ചു. ശ്രീമതി ലൗലി ഇല്ലിക്കൽ ജപമാലക്ക് നേതൃത്വം നൽകി. ആറുമണിക്ക് പഠന ശിബിരം ഉദ്ഘാടന സമ്മേളനം ആരംഭിച്ചു. പ്രാർത്ഥനയോടുകൂടി

ആരംഭിച്ച ഉദ്ഘാടന സമ്മേളനത്തിന് രൂപതാ സെക്രട്ടറി ജോൺ സൺ കുറ്റിക്കാട്ടിൽ സ്വാഗതം ആശംസിച്ചു. രൂപതാ വൈസ് പ്രസിഡന്റ് ശ്രീമതി അഡ്വ. ഗ്ലാസീസ് ഡി ചെറിയാൻ അധ്യക്ഷത വഹിച്ചു. മാനന്തവാടി രൂപത വികാരി ജനറാൾ മോൺ. പോൾ മുണ്ടോളിക്കൽ ഉദ്ഘാടനം ചെയ്തു. രൂപതാ സെക്രട്ടറി റെജിമോൻ പുത്തോലിൽ നന്ദി പറഞ്ഞു.

തുടർന്ന് ഗ്ലോബൽ ജനറൽ സെക്രട്ടറി ഡോ. ജോസുകുട്ടി ഒഴുകയിൽ വിഷയാവതരണം നടത്തി. കത്തോലിക്കാ കോൺഗ്രസ് നിയമാവലി ചരിത്രം എന്നീ വിഷയങ്ങൾ അവതരിപ്പിച്ചു. ജിജോ മംഗലത്ത്, ദ്വാരക മേഖലാ പ്രസിഡന്റ് നന്ദി അർപ്പിച്ചു സംസാരിച്ചു. അത്താഴത്തിന് ശേഷം നടന്ന സെഷനിൽ രൂപതാ സെക്രട്ടറി സജി ഇരട്ടമുണ്ടക്കൽ സ്വാഗതം പറഞ്ഞു. ഫാ. ഫിലിപ്പ് കവിയിൽ ഗ്ലോബൽ ഡയറക്ടർ വിഷയാവതരണം നടത്തി. കത്തോലിക്കാ കോൺഗ്രസ് സമുദായ ശബ്ദം എന്ന വിഷയം അവതരിപ്പിച്ചു. പൊതുചർച്ചയ്ക്ക് ശേഷം ബിനു ഏറനാട് നന്ദി അർപ്പിച്ചു. രൂപതാ വർക്കിംഗ് കമ്മറ്റി അംഗങ്ങൾ, ഫൊറോന എക്സിക്യൂട്ടീവ് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**രൂപത നേതൃസംഗമം**

സെപ്റ്റംബർ 14 ശനിയാഴ്ച രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടുകൂടി നേതൃസംഘമം ആരംഭിച്ചു. 9.15ന് രൂപത വൈസ് പ്രസിഡന്റ് ശ്രീ. സാജു പുലിക്കോട്ടിൽ കത്തോലിക്കാ കോൺഗ്രസ് പതാക ഉയർത്തി. രൂപതാ സെക്രട്ടറി തോമസ് പട്ടമന സ്വാഗതം ആശംസിച്ചു. പുഞ്ചിരിമട്ടം ദുരന്തത്തിൽ മൃതിയാടഞ്ഞവർക്ക് സ്മരണാഞ്ജലി അർപ്പിച്ചുകൊണ്ട് ബിനു ഏറനാട്ട് അനുസ്മരണ പ്രഭാഷണം നടത്തി. മൃതിയടഞ്ഞവരുടെ ഛായചിത്രത്തിന്റെ മേൽ നേതാക്കൾ പുഷ്പാർച്ചന നടത്തി. നടവയൽ ഫൊറോന സെക്രട്ടറി വിൻസന്റ് ചേരവേലിൽ നന്ദി അർപ്പിച്ചു

9.30ന് പ്രവർത്തനരേഖ അവതരണം നടന്നു. സെക്രട്ടറി ശ്രീമതി മോളി മാമൂട്ടിൽ സ്വാഗതം ആശംസിച്ചു. രൂപത വൈസ് പ്രസിഡന്റ് ശ്രീമതി അന്നക്കുട്ടി ഉണ്ണികുന്നേൽ അധ്യക്ഷത വഹിച്ചു. രൂപതാ വൈസ് പ്രസിഡന്റ് റെനിൽ കഴുതാടിയിൽ പ്രവർത്തന രേഖ അവതരിപ്പിച്ചു. ബത്തേരി മേഖല പ്രസിഡന്റ് ഡേവി മങ്കുഴ നന്ദി പറഞ്ഞു.

**ഉദ്ഘാടന സമ്മേളനം**

കത്തോലിക്കാ കോൺഗ്രസ് നേതൃസംഗമത്തിന്റെ ഉദ്ഘാടന സമ്മേളനം ശ്രീമതി റാണി മറ്റത്തിൽ നയിച്ച പ്രാർത്ഥനയോടെ ആരംഭിച്ചു. ശ്രീമതി ജിൻസി കാഞ്ഞിരത്തിങ്കൽ വിഗ്രന്ഥ പാരായണം നടത്തി. മാനന്തവാടി രൂപത ബിഷപ്പ് മാർ. ജോസ് പൊരുന്നേടം ഉദ്ഘാടനം നിർവഹിച്ചു. കത്തോലിക്കാ കോൺഗ്രസ് സഭയുടെയും സമൂഹത്തിന്റയും സാമൂഹ്യനീതിയുടെ വക്താക്കളാകണമെന്ന് ബിഷപ്പ് ആഹ്വാനം ചെയ്തു. മാനന്തവാടി രൂപതാ പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷനായിരുന്നു. രൂപത ജനറൽ സെക്രട്ടറി ശ്രീ. സെബാസ്റ്റ്യൻ പുരക്കൽ സ്വാഗതം ആശംസിച്ചു. രൂപത ഡയറക്ടർ ഫാ. ജോബി മുക്കാട്ടുകാവുങ്കൽ ആമുഖപ്രഭാഷണം നടത്തി. കൽപ്പറ്റ ഫൊറോന വികാരി റവ . ഫാ. ജോഷി പെരിയപ്പുറം, ഗ്ലോബൽ വൈസ് പ്രസിഡൻറ് ഡോ. സാജു കൊല്ലപ്പള്ളി, കൽപ്പറ്റ യൂണിറ്റ് വൈസ് പ്രസിഡൻറ് രാജൻ ബാബു എന്നിവർ ആശംസകൾ അർപ്പിച്ചു. ജനറൽ കൺവീനർ സജി ഫിലിപ്പ് നന്ദി അർപ്പിച്ചു.

ഉദ്ഘാടന സമ്മേളനത്തിന് ശേഷം കത്തോലിക്ക കോൺഗ്രസ് 'ഇന്നലെകളിലൂടെ' എന്ന വിഷയത്തിൽ ഗ്ലോബൽ പ്രസിഡന്റ് പ്രൊഫ. രാജീവ് കൊച്ചുപറമ്പിൽ വിഷയാവതരണം നടത്തി. കത്തോലിക്കാ കോൺഗ്രസ് സമുദായത്തിന്റെ കാവലാൾ എന്ന വിഷയത്തിൽ ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ വിഷയം അവതരിപ്പിച്ചു. ബെന്നി അരിഞ്ചേർമല മോഡറേറ്റർ ആയിരുന്നു.

പൊതു ചർച്ചയ്ക്ക് ശേഷം ഗ്ലോബൽ നേതാക്കൾക്ക് സ്വീകരണം നൽകി. ജനറൽ സെക്രട്ടറി സെബാസ്റ്റ്യൻ പുരക്കൽ സ്വാഗതം ആശംസിച്ചു. രൂപത പ്രസിഡന്റ് ജോൺസൺ തൊഴുത്തുങ്കൽ അധ്യക്ഷത വഹിച്ചു. കൽപ്പറ്റ ഫെറോന ഡയറക്ടർ ടോമി പുത്തൻപുര, ഗ്ലോബൽ ഭാരവാഹികൾക്ക് ആശംസകൾ അർപ്പിച്ച് സംസാരിച്ചു. ഫാദർ ഫിലിപ്പ് കവിയിൽ (ഗ്ലോബൽ ഡയറക്ടർ) പ്രഫ. രാജീവ് കൊച്ചുപറമ്പിൽ (ഗ്ലോബൽ പ്രസിഡൻറ്) ഡോ.ജോസുകുട്ടി ഒഴുകയിൽ (ഗ്ലോബൽ ജനറൽ സെക്രട്ടറി) അഡ്വ. ടോണി പുഞ്ചക്കുന്നേൽ (ഗ്ലോബൽ ട്രഷറർ) അഡ്വ. ഷീജ സെബാസ്റ്റ്യൻ (ഗ്ലോബൽ സെക്രട്ടറി) എന്നിവർ പ്രസംഗിച്ചു. ശ്രീ. സുനിൽ

പാലമറ്റം മുള്ളൻകൊല്ലി ഫെറോന പ്രസിഡന്റ് നന്ദി അർപ്പിച്ചു. ഫാ ഫിലിപ്പ് കവിയിൽ നൽകിയ ആശീർവാദത്തോടുകൂടി നേതൃത്വ സമ്മേളനം അവസാനിച്ചു. ഭക്ഷണത്തിനുശേഷം സമുദായത്തിന്റെ കരുതലും കരുത്തുമായി നേതാക്കൾ ഇടവകയിലേക്ക് യാത്രയായി.

**AKCC Report**

1) AKCC നടവയൽ യൂണിറ്റിന്റെയും ജീവസ് & കേരള ലേബർ മൂവ്മെന്റിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ 2024 ജൂൺ 23ന് ജൂബിലി ഹാളിൽ വെച്ച് ന്യൂനപക്ഷ വിഭാഗങ്ങൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന ക്ഷേമ ആനുകൂല്യങ്ങൾ, സ്കോളർഷിപ്പുകൾ, ഇൻഷുറൻസ് പദ്ധതികൾ, സബ്സിഡികൾ, എന്നിവയെ സംബന്ധിച്ചും പോസ്റ്റൽ ഡിപ്പാർട്ട്മെന്റ് നടപ്പിലാക്കുന്ന വിവിധ സ്കീമുകളെ സംബന്ധിച്ചും ഒരു ബോധവൽക്കരണ സെമിനാർ നടത്തി. WSS ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിൽ സെമിനാറിന് ക്ലാസുകൾ എടുത്തു. പോസ്റ്റൽ സ്കീമുകളെകുറിച്ചുള്ള ക്ലാസുകൾക്ക് ബത്തേരി പോസ്റ്റ് ഓഫീസർ മിസ്റ്റർ ബിനോയ് സൈമൺ കമ്പളക്കുഴി നേതൃത്വം നൽകി.

2) AKCC യുടെ നേതൃത്വത്തിൽ ജൂലൈ മാസത്തിൽ സൺഡേ മാർക്കറ്റ് ആരംഭിച്ചു.

3) മുണ്ടക്കൈ ഉരുൾപൊട്ടലിനെ തുടർന്ന് മേപ്പാടിയിൽ ആരംഭിച്ച ദുരിതാശ്വാസ ക്യാമ്പുകളിൽ AKCC അംഗങ്ങൾ വളരെ ത്യാഗപൂർണമായ സേവനം ആണ് കാഴ്ച വെച്ചത്. വിവിധ ക്യാമ്പുകളിലായി വിവിധ സേവന പ്രവർത്തങ്ങളിൽ പങ്കാളികളായി. പ്രധാനമായും മേപ്പാടി എൽ.പി സ്കൂളിൽ ശുചീകരണ പ്രവർത്തികളും ഭക്ഷണം പാചകം ചെയ്യലും കൂടാതെ സാമ്പത്തിക സഹായവും AKCC രൂപത സമിതിയോട് ചേർന്ന് ചെയ്യുവാൻ സാധിച്ചു.

4) വന്യമൃഗ ശല്യത്തിനെതിരെ AKCC മാനന്തവാടി രൂപത കൽപ്പറ്റ കലക്ട്രേറ്റിന് മുൻപിൽ സംഘടിപ്പിച്ച ഉപവാസ സമരത്തിനും തുടർന്ന് നടത്തിയ 'പ്രധിഷേധ ജ്വാല ' റാലിയിലും ഇടവക യൂണിറ്റിൽ നിന്നും ഭാരവാഹികൾക്കൊപ്പം നൂറുകണക്കിന് ആളുകൾ പങ്കെടുത്തു.

5) കർഷകർക്ക്  എതിരെ ഉള്ള ജപ്തി നടപടികൾ നിർത്തി വെക്കുക, കർഷകർക്ക് പലിശ ഇളവ് നൽകുക, പലിശരഹിത വായ്പ അനുവദിക്കുക, കർഷക സൗഹൃദ വായ്പ നയം പ്രഖ്യാപിക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചു കൊണ്ട് കൽപ്പറ്റ ലീഡ് ബാങ്കിന് മുന്നിൽ നടത്തിയ പ്രതിഷേധ ധർണയിൽ യൂണിറ്റ് അംഗങ്ങൾ പങ്കെടുത്തു.

**ബത്തേരി മേഖല**

**സെപ്തംബർ 1**

കത്തോലിക്കാ കോൺഗ്രസ് ബത്തേരി ഫൊറോന സമിതി യോഗം മൂലങ്കാവ് സെൻറ് ജൂഡ്സ് ഇടവകയിൽ വച്ച് ചേർന്നു. വിവിധ യൂണിറ്റുകളെ പ്രതിനിധീകരിച്ചുകൊണ്ട് കത്തോലിക്ക കോൺഗ്രസ് നേതാക്കന്മാർ പങ്കെടുത്തു.

പരിസ്ഥിതി ലോല വിജ്ഞാപനത്തിനെതിരെയും ഭക്ഷണ പദാർത്ഥങ്ങളിൽ മായം ചേർക്കുന്നതിനെകുറിച്ചും യോഗം വിശദമായ ചർച്ച നടത്തുകയും ആശങ്ക രേഖപ്പെടുത്തുകയും ചെയ്തു.

**സെപ്റ്റംബർ 5– ചാരിറ്റി ദിനം**

വി. മദർ തെരേസയുടെ തിരുനാൾ ദിനമായ സെപ്റ്റംബർ 5 കത്തോലിക്ക കോൺഗ്രസ് മൂലങ്കാവ് യൂണിറ്റ് ചാരിറ്റി ദിനമായി ആചരിക്കുകയും അർഹനായ ഒരു വ്യക്തിക്ക് സഹായം നൽകുകയും ചെയ്തു.

**സെബാസ്റ്റ്യൻ പുരയ്ക്കൽ**
ജനറൽ സെക്രട്ടറി

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാപദ്ധതി**

ജൈവകൃഷി വ്യാപനം, പാരിസ്ഥിതിക സന്തുലനം, ചെറുകിട കർഷകരുടെ ഉന്നമനം അവരുടെ ഉൽപ്പന്നങ്ങളുടെ വിപണനത്തിലൂടെ ലഭ്യമാകുക എന്നിവ ലക്ഷ്യമാക്കി നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി മികവുറ്റ രീതിയിൽ മുന്നേറിക്കൊണ്ടിരിക്കുകയാണ്. പദ്ധതിയിൽ നിലവിൽ 19099 കർഷകരാണ് 1115 ഗ്രൂപ്പുകളിലായി (48 ICS- Internal control system) അംഗങ്ങളായുള്ളത്. ഒരു ഗ്രൂപ്പിൽ 5 മുതൽ 25 വരെ കർഷകരും, ഒരു ICSൽ 25 മുതൽ 500 വരെ കർഷകരുമാണ് ഉണ്ടാവുക.

**പദ്ധതിയിൽ അംഗത്വം**

ബയോവിൻ നടപ്പിലാക്കുന്ന ജൈവസുസ്ഥിര മാനദണ്ഡ പ്രകാരം കൃഷിരീതികൾ അനുവർത്തിക്കുന്നതിനും, ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിനും ഒരേക്കർ എങ്കിലും കൃഷിയിടമുള്ള ആർക്കും സാധ്യമാണ്. പ്രസ്തുത രീതിയിൽ പ്രവർത്തിക്കുന്ന മറ്റ് സംഘടനകളിൽ അംഗത്വം ഇല്ലാത്ത, ബയോവിനിൽ ചേർന്ന് പ്രവർത്തിക്കുവാൻ താൽപര്യപ്പെടുന്ന കർഷകർക്ക് നിങ്ങളുടെ പഞ്ചായത്തിലെ ഫീൽഡ് കോർഡിനേറ്ററുമായി (F-C-H-) ബന്ധപ്പെടാവുന്നതാണ്.

**കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ**

ജൈവ ഉൽപ്പന്നങ്ങളുടെ വിളവെടുപ്പ്, സംഭരണം, കൃഷിയിലെ നൂതന മാറ്റങ്ങളും കീടരോഗ നിയന്ത്രണ രീതികളും, ഫെയർ ട്രേഡ് സംവിധാനം, റയിൻഫോറെസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ എന്നിവ ആസ്പദമാക്കി നടത്തുന്ന കർഷക ഗ്രൂപ്പ് മീറ്റിങ്ങുകൾ വിവിധ കർഷക ഗ്രൂപ്പുകളിലായി നടക്കുകയും അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ ഓഫീസർ പങ്കെടുക്കുകയും കർഷരുടെ പ്രശ്നങ്ങൾ ചോദിച്ചറിയുകയും പരിഹാരങ്ങൾ നിർദ്ദേശിക്കുകയും, കർഷകരിൽ നിന്നും ആവശ്യമായ വിവരങ്ങൾ ശേഖരിക്കുകയും ചെയ്തു.

**ഇന്റേർണൽ ഇൻസ്പെക്ഷൻ നടന്നുവരുന്നു**

കൃഷിയിടങ്ങൾ സന്ദർശിക്കുകയും ബയോവിൻ നടപ്പിലാ

ക്കുന്ന സുസ്ഥിര ജൈവമാനദണ്ഡ പ്രകാരമാണോ കൃഷിയിടങ്ങളിൽ കർഷകർ കൃഷിരീതി അനുവർത്തിക്കുന്നത് എന്നറിയുന്നതിനുമായി നടത്തുന്ന ഇന്റേർണൽ ഇൻസ്പെക്ഷൻ മുഴുവൻ പഞ്ചായത്തുകളിലും നടന്നുവരുന്നു. ഫീൽഡ് കോർഡിനേറ്റർമാരുടെ നിയന്ത്രണത്തിൽ, തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഇന്റേർണൽ ഇൻസ്പെക്ടർമാരാണ് പരിശോധന നടത്തിവരുന്നത്.

**NPOP ഓഡിറ്റ് പൂർത്തീകരിച്ചു**

വിവിധ പഞ്ചായത്തുകളിലായി 14 ICS കളുടെ NPOP സർട്ടിഫിക്കേഷൻ പുതുക്കൽ ഓഡിറ്റ് പൂർത്തീകരിച്ചു. ICS കോർഡിനേറ്റർ ജോബി വർഗീസ് കൃഷിയിട പരിശോധനയ്ക്ക് ആവശ്യമായ ക്രമീകരണങ്ങൾ നടത്തുവാൻ നേതൃത്വം നൽകുകയും ചെയ്തു. മുട്ടിൽ, നെന്മേനി, പനമരം, പൂതാടി, പൊഴുതന, പുൽപള്ളി, തവിഞ്ഞാൽ, തിരുനെല്ലി, തൊണ്ടർനാട്, വെള്ളമുണ്ട, വെങ്ങപ്പള്ളി എന്നിവിടങ്ങളിലായി 300 ഓളം കൃഷിയിടങ്ങൾ ഓഡിറ്റിന്റെ ഭാഗമായി പരിശോധന നടത്തി. സർട്ടിഫിക്കേഷൻ ഏജൻസിയായ സിക്കിം സ്റ്റേറ്റ് ഓർഗാനിക് സർട്ടിഫിക്കേഷൻ ഏജൻസി (സോക്ക) യിൽ നിന്നും ശ്രീ. അനൂപ് ശർമ, ശ്രീ. വിക്രാൻ എന്നിവർ ഓഡിറ്റിന് നേതൃത്വം നൽകി.

**ഫെയർട്രേഡ് ഓഡിറ്റ് പൂർത്തീകരിച്ചു**

ജൈവ ഫെയർട്രേഡ് സംഘടനയായ WSSS ഓർഗാനിക് ഫാർമേഴ്സ് ഫെയർട്രേഡ് അസോസിയേഷൻ വൊഫയുടെ ഫെയർട്രേഡ് ഓഡിറ്റ്, ഓഗസ്റ്റ് മാസം 27 മുതൽ 30 വരെയുള്ള തീയതികളിൽ ഫ്ളോസെർട്ടിൽ നിന്നുള്ള ഓഡിറ്റർ ശ്രീ.സൂരജ് പദ്മനാഭൻ പൂർത്തീകരിക്കുകയും സംഘടനയുടെ പ്രവർത്തനങ്ങൾ വിലയിരുത്തുകയും ആവശ്യമായ നിർദേശങ്ങൾ നൽകുകയും ചെയ്തു. ശ്രീ.വിനായക് ജയൻ, ശ്രീ.ജോബി വർഗീസ്, ശ്രീ.ഷാജി ജോസ് എന്നിവർ ഓഡിറ്റ് ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി.

**ഓണാഘോഷം സംഘടിപ്പിച്ചു**

ബയോവിൻ കുടുംബത്തെ മുഴുവൻ ഉൾപ്പെടുത്തി ഓണാഘോഷം സംഘടിപ്പിച്ചു. ബയോവിൻ ചെയർമാൻ അഡ്വ.ഫാ. ജോൺ ചൂരപ്പുഴയിൽ ഉദ്ഘാടനം ചെയ്യുകയും അസോസിയേറ്റ് ഡയറക്ടർ ഫാ. ബിനു പൈനുങ്കൽ സ്വാഗതമാശംസിക്കുകയും ചെയ്തു. നീലഗിരി ഡവലപ്മെന്റ് സൊസൈറ്റി അസിസ്റ്റന്റ്

ഡയറക്ടർ ഫാ. അനൂപ് കൊല്ലംകുന്നേൽ തിരുവോണ സന്ദേശം നൽകുകയും, വിവിധ മത്സരങ്ങളുടെ സമ്മാനദാനം ഫാ. ജോണി പെരുമാട്ടിക്കുന്നേൽ നിർവഹിക്കുകയും ചെയ്തു.

**സംഭരണം**

ജൂലൈ മാസം കർഷകരിൽ നിന്നും 228981 കിലോ ഉണക്ക കാപ്പി കിലോയ്ക്ക് 226 രൂപ നിരക്കിലും ഉണക്ക കുരുമുളക് 12085 കിലോ 700 രൂപ നിരക്കിലും തെരുവപ്പുല്ല് 1285 കിലോ 22 രൂപ നിരക്കിലും സംഭരിച്ചു. ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ (സംസ്കരണം) കർഷകരിൽ നിന്നും സംഭരിക്കുന്ന ഉത്പ്പന്നങ്ങൾ മൂല്യ വർദ്ധനവ് വരുത്തി വിപണിയിലെത്തിക്കുക വഴി കർഷകർക്ക് ഉയർന്ന വില ലഭ്യമാക്കുന്നതിനായി പ്രവർത്തിക്കുന്ന ബയോലാന്റ് അഗ്രോ പ്രോസസ്സിംഗ് സെന്റർ കാപ്പി, മഞ്ഞൾ, കുരുമുളക്, മാങ്ങ തുടങ്ങിയവ സംസ്കരിക്കുകയും, മൂല്യവർദ്ധിത ഉത്പന്നങ്ങൾ ബയോവിൻ വഴി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**അഡ്വ. ഫാ. ജോൺ ജോസഫ് ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസേർച്ച്

**'കരുതൽ' - ഉദ്ഘാടനം**

റേഡിയോ മാറ്റൊലി കരുതൽ എന്ന പേരിൽ പ്രക്ഷേപണം ചെയ്യുന്ന പുതിയ പരിപാടിയുടെ ഉദ്ഘാടനം സെപ്റ്റംബർ 14 ന് നടത്തി. വയനാട് സോഷ്യൽ സർവീസ് സൊസൈറ്റിയുടെ ഡയറക്ടർ ഫാ. ജിനോജ് പാലത്തടത്തിലാണ് ഉദ്ഘാടനം നിർവഹിച്ചത്. അമേരിക്കയിലെ മസാച്യുസെറ്റ്സ് ആസ്ഥാനമായ കൾച്ചറൽ സർവവൈൽ എന്ന സംഘടനയുമായി സഹകരിച്ച് റേഡിയോ മാറ്റൊലി തയ്യാറാക്കി അവതരിപ്പിക്കുന്ന സാംസ്കാരിക, ആരോഗ്യ-പുനരുദ്ധാരണ, ബോധവത്കരണ പരിപാടിയാണ് കരുതൽ. ഓണാഘോഷത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ചടങ്ങിലാണ് ഉദ്ഘാടനം നിർവഹിച്ചത്. മാനന്തവാടി രൂപതാ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ, പ്രൊക്കുറേറ്റർ ഫാ. ജോസ് കൊച്ചറയ്ക്കൽ, മാനന്തവാടി തഹസീൽദാർ അഗസ്റ്റിൻ എം.ജെ. റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ. ബിജോ കറുകപ്പള്ളി തുടങ്ങിയവർ സംബന്ധിച്ചു.

**മാനേജ്മെന്റ് കമ്മിറ്റി**

സെപ്റ്റംബർ 14 ന് രാവിലെ 11 മണിക്ക് റേഡിയോ മാറ്റൊലി മാനേജ്മെന്റ് കമ്മിറ്റി ചേർന്നു. മാനന്തവാടി രൂപതാ വികാരി ജനറാൾ ഫാ. പോൾ മുണ്ടോളിക്കൽ അധ്യക്ഷത വഹിച്ചു. യോഗത്തിൽ മാറ്റൊലിയുടെ പ്രോഗ്രാമുകളും തുടർപദ്ധതികളും ചർച്ച ചെയ്തു.

**ദുരന്തബാധിതർക്ക് കിറ്റുകൾ വിതരണം ചെയ്തു**

ചൂരൽമല മുണ്ടക്കൈ ഉരുൾപൊട്ടൽ ദുരന്തബാധിതർക്ക് കിറ്റുകൾ വിതരണം ചെയ്തു. ബാംഗ്ലൂർ കേന്ദ്രമാക്കി പ്രവർത്തിക്കുന്ന സമർത്ഥനം ട്രസ്റ്റ് ഫോർ ഡിസേബിൾഡ് എന്ന സംഘടനയും റേഡിയോ മാറ്റൊലിയും സഹകരിച്ചാണ് കിറ്റുകൾ വിതരണം ചെയ്തത്. വീട്ടുസാധനങ്ങളും ഭക്ഷ്യവസ്തുക്കളും അടങ്ങുന്ന ഏകദേശം 5000 രൂപാ വിലമതിക്കുന്ന ഇരുന്നൂറിലധികം കിററുകളാണ് വിതരണം ചെയ്തത്. ചൂരൽമല സെന്റ് സെബാസ്റ്റ്യൻസ് ചർച്ച് പാരീഷ് ഹാളിൽ വെച്ച് നടത്തിയ പരിപാ

ടിക്ക് ഇടവക വികാരി ഫാ. ജിബിൻ വട്ടുകുളത്തിൽ, സമർത്ഥനം ട്രസ്റ്റ് ഭാരവാഹികൾ, റേഡിയോ മാറ്റൊലി സ്റ്റേഷൻ ഡയറക്ടർ ഫാ.ബിജോ കറുകപ്പള്ളി എന്നിവർ നേതൃത്വം നൽകി.

ഉരുൾപൊട്ടലിൽ മരണമടഞ്ഞ ചൂരൽമല സ്വദേശി വരവു കാലായിൽ നീതുവിന്റെ മകന്റെ പേരിൽ ഓസ്ട്രേലിയൻ മലയാളി അസോസിയേഷനുമായി സഹകരിച്ച് ഒരു ലക്ഷം രൂപ സ്ഥിര നിക്ഷേപം നൽകി.

**ഓണാഘോഷം**

സെപ്റ്റംബർ 14 ന് മാറ്റൊലി ടീം ഓണാഘോഷം സംഘടിപ്പിച്ചു.

**സന്ദർശനം**

നബാർഡ് ചീഫ് ജനറൽ മാനേജർ ബൈജുകുറുപ്പ് ഓഗസ്റ്റ് 27 ന് റേഡിയോ മാറ്റൊലി സന്ദർശിച്ചു. ജില്ലാ ജനറൽ മാനേജർ ആർ ആനന്ദും നബാർഡ് കോഴിക്കോട് ജില്ലാ മാനേജർ വി. രാകേഷും ഒപ്പം ഉണ്ടായിരുന്നു.

**തത്സമയ ഫോൺ ഇൻ പരിപാടി**

ഓഗസ്റ്റ് 30 ന് ഡോക്ടറോടു ചോദിക്കാം തത്സമയ ഫോൺ ഇൻ പരിപാടി സംഘടിപ്പിച്ചു. മാനന്തവാടി സെന്റ് ജോസഫ്സ് ഹോസ്പിറ്റലിലെ ഒഫ്താൽമോളജിസ്റ്റ് ഡോ. പൂജാ സുകുമാർ ശ്രോതാക്കളുടെ സംശയങ്ങൾക്ക് മറുപടി നൽകി.

**ന്യൂനപക്ഷ കമ്മീഷൻ അവലോകന യോഗം**

കേരള സംസ്ഥാന ന്യൂനപക്ഷ കമ്മീഷൻ, ന്യൂനപക്ഷ വിഭാഗത്തിലെ ഗുണഭോക്താക്കൾക്ക് വിജ്ഞാന തൊഴിൽ ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയുടെ ജില്ലാതല രൂപ രേഖ അവലോകന യോഗത്തിൽ ഓഗസ്റ്റ് 30 ന് കളക്ട്രേറ്റിൽ ഫാ.ബിജോ കറുകപ്പള്ളി പങ്കെടുത്തു.

**ധന്യം അധ്യാപനം**

അധ്യാപക ദിനാചരണത്തിന്റെ ഭാഗമായി വിവിധ മേഖലയിലുള്ള അധ്യാപകരുടെ അനുഭവങ്ങൾ പരിചയപ്പെടുത്തുന്ന ധന്യം അധ്യാപനം എന്ന പരിപാടി പ്രക്ഷേപണം ചെയ്തു.

**ചോക്കുപൊടി**

ചോക്കുപൊടി എന്ന പേരിൽ അധ്യാപകർക്ക് ആശംസകൾ പങ്കുവെയ്ക്കുന്ന പ്രോഗ്രാം പ്രക്ഷേപണം ചെയ്തു.

**ഓണം - പ്രത്യേക പരിപാടികൾ**

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് മന്ത്രി ഓ.ആർ

കേളുവുമായുള്ള ഇന്റർവ്യൂ ഓർമ്മയിലെ ഓണനിലാവ്, വിവിധ തരം പായസങ്ങൾ ഉണ്ടാക്കുന്ന വിധം പരിചയപ്പെടുത്തുന്ന ഓണമധുരം, പാട്ടുകാരെ പരിചയപ്പെടുത്തുന്ന പൊന്നാവണി പാട്ടുകാർ എന്നിവ പ്രക്ഷേപണം ചെയ്തു.

**ഓർമ്മയ്ക്ക് പേരാണിതോണം**

റേഡിയോ മാറ്റൊലി ശ്രോതാക്കൾക്കായി ഓർമ്മയ്ക്ക് പേരാണിതോണം എന്ന പേരിൽ ഓണം ഓർമ്മകൾ പങ്കുവെയ്ക്കൽ മത്സരം നടത്തി. തിരഞ്ഞെടുക്കപ്പെട്ട മികച്ച ഓർമക്കുറിപ്പിന് 1000 രൂപ സമ്മാനമായി നൽകി. ബിന്ദു ഹരിദാസ് വടകര ആണ് ക്യാഷ് പ്രൈസിന് അർഹയായത്.

**തുടിച്ചെത്തം- ഫീൽഡ് റെക്കോർഡിംഗ്**

കേണിച്ചിറയിൽ തുടിച്ചെത്തം റെക്കോർഡിംഗിനു പോയി. പൂർണിമ കെ, റെനീഷ് ജോർജ്, ജനനി എന്നിവർ റെക്കോർഡിംഗ് നടത്തി.

**ഫാ. ജോസ് കാവുങ്കൽ**
അസ്സി. ഡയറക്ടർ, റേഡിയോ മാറ്റൊലി

**College Union Election-2024**

The College union election was conducted on September 11, 2024 as per the direction from Kannur University.

**Day Celebrations**

- World Humanitarian Day: The Department of Mathematics marked World Humanitarian Day with an Art and Literary Exhibition on August 19, 2024.
- World Photography Day: On August 19, 2024, the NCC observed World Photography Day by conducting a mobile photography competition.
- National Space Day: The Department of Physics observed National Space Day on August 19, conducting classes and a quiz competition for students of Govt. HSS, Kattikulam.
- Teachers' Day Celebration: Students from all departments celebrated Teachers' Day with various programs. The Department of Social Science-Economics organized Selfie with Teachers, a mobile photography competition, on September 5, 2024.
- Onam Celebrations: IQAC coordinated Onam celebrations on September 11, 2024. Events such as *Pookkalam, Onappattu Malsaram, Thiruvathira, Malayali Nadatham, and Onapayasam* were organized as part of the festivities.

**Seminars & Workshops**

- PG and Research Department of Computer Science in association with IQAC organized a seminar on the topic Relavance of Academic Projects in IT Industry in collaboration with Bluegen Solutions. On August 21, 2024
- Department of Commerce organized a workshop on Introduction to Financial Planning on August 21, 2024.
- PG and Research Department of Computer Science in association with IQAC organized an orientation programme on

Data Science and AI on August 23, 2024.
- Department of Social Science Economics organized a seminar on Stock Market: Possibilities for Allevation without falling into Pitfalls on September 1, 2024.
- Commerce Club in association with IQAC organized an orientation programme for RBI90Quiz on September 5, 2024

**Paper Publications**
- Sr.Elizebath M J, Department of Computer Science published an article titled Sentiment analysis for Code-Mixed data Using Cellular Automata with deep Learning Models in the Lecture notes in Computer Science published by Springer.
- Dr.Sanu V F, Department of Zoology published a paper titled Copepods and diatoms: Classic examples of epibiosis along the southeastern Arabian Sea in the journal regional Studies in Marine Science published by Elsevier

**Volleyball Championship & MMC Premier League Football Match**
- Department of Physical education and College Union jointly organized Volleyball championship from August 19-23 for college students.
- MMC Premier League Football final match is conducted on August 30, 2024.

**Snehaveedu**
- The National Service Scheme, in association with the Kannur University Cell and the K. Chittilappally Foundation, initiated a home-building project, laying the foundation stone on August 21, 2024.

**Student Achievements**
- Arshin A, II B Sc Computer Science( NSS Volunteer) was selected for the National Adventure camp to be held at Manali from November 25 to December 4, 2024.
- UO. Nandana Chalil was selected for representing Kerala & Lakshadweep Directorate at the All India Thal sainik Camp to be held at New Delhi.

**Dr. Geetha Antony Pullen**
Principal in Charge

## കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി

മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിലുള്ള കണിയാരം എ.എൽ.പി സ്കൂളിനായി നിർമിക്കുന്ന നവീന വിദ്യാലയ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമ്മം അഭിവന്ദ്യ മാർ. ജോസ് പൊരുന്നേടം പിതാവ് നിർവഹിച്ചു.

**വിദ്യാലയ വാർത്തകൾ**

**എൽ.പി. വിഭാഗം**

**I ദേവമാതാ എ. എൽ. പി. സ്കൂൾ ആടിക്കൊല്ലി**

അധ്യാപകദിനം പി.ടി.എ. യുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ സമുചിതമായി ആചരിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. ദീപിക കളർ ഇന്ത്യ മത്സരം നടത്തി. കോർപ്പറേറ്റ് ഏജൻസി സംഘടിപ്പിച്ച മദ്യവിരുദ്ധവാരാചരണ മത്സരങ്ങളിൽ എൽ.പി. തലത്തിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കി.

**II സെന്റ് തോമസ് എൽ. പി. സ്കൂൾ അരിഞ്ചേർമല**

ദീപിക കളർ ഇന്ത്യ മത്സരത്തിൽ മുഴുവൻ വിദ്യാർത്ഥികളും പങ്കാളികളായി. പി.ടി.എ. യുടെ നേതൃത്വത്തിൽ അധ്യാപകദിനം സമുചിതമായി ആചരിച്ചു. വിത്തറിഞ്ഞു വിളയറിയാൻ വിദ്യാർത്ഥികൾ നെൽകൃഷിയിൽ പങ്കാളികളായി. മുഴുവൻ വിദ്യാർത്ഥികളുടെയും ഒന്നാംഘട്ട ഗൃഹസന്ദർശനം പൂർത്തിയായി. LSS പരിശീലനം ആരംഭിച്ചു.

**III എ. എൽ. പി. സ്കൂൾ കണിയാരം**

വിദ്യാലയത്തിനായി നിർമിക്കുന്ന പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനകർമം നിർവഹിച്ചു.

**IV സെന്റ് ജോർജ് എൽ. പി. സ്കൂൾ കൊളവയൽ**

ലഹരിവിരുദ്ധ വാരാചരണ പ്രവർത്തനങ്ങളുടെ ഭാഗമായി നടത്തിയ മത്സരങ്ങളിൽ എൽ.പി. വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി. അധ്യാപകദിനം സമുചിതമായി പി.ടി.എ. യുടെ നേതൃത്വത്തിൽ ആഘോഷിച്ചു.

**V സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ വാഴവറ്റ**

പച്ചക്കറി വിളവെടുപ്പ് നടത്തി. പൂന്തോട്ടനിർമാണം ആരംഭിച്ചു.

**VI സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ ഏലപ്പീടിക**

സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു. മത്സരവിജയികളായ വിദ്യാർത്ഥികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്തു. മാനേജുമെന്റിന്റെ നേതൃത്വത്തിൽ അധ്യാപകദിനം ആദരവോടെ ആചരിച്ചു.

**VII സെന്റ് പോൾസ് എൽ. പി. സ്കൂൾ പുതിയിടംകുന്ന്**

സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

**VIII സെന്റ് മാർട്ടിൻസ് എൽ. പി. സ്കൂൾ ഒണ്ടയങ്ങാടി**

അതിവിപുലമായ പരിപാടികളോടെ സ്വാതന്ത്ര്യദിനം ആഘോഷിച്ചു. പി.ടി.എ യുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ അധ്യാപകദിനം ആചരിച്ചു. പിന്നാക്കക്കാരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം ആരംഭിച്ചു. വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി. ലളിതമായ രീതിയിൽ ഓണാഘോഷ പരിപാടികൾ നടത്തി.

**IX സെന്റ് സെബാസ്ററ്യൻസ് എൽ. പി. സ്കൂൾ പോരൂർ**

സ്വാതന്ത്ര്യദിനം ആഘോഷപൂർവം കൊണ്ടാടി. കബ്ബ് ബുൾബുൾ വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ സർവമത പ്രാർത്ഥന നടത്തി. വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. അധ്യാപകദിനം ആദരവോടെ ആചരിച്ചു. പഠനപിന്നോക്കക്കാരായ വിദ്യാർത്ഥികളുടെ ഗൃഹസന്ദർശനം നടത്തി.

**X നിർമല എൽ. പി. എസ്. ആലാറ്റിൽ**

സ്കൂൾതല പ്രവർത്തിപരിചയമേള നടത്തി. വിദ്യാർത്ഥികൾക്കായി ഡാൻസ് ക്ലാസ്,യോഗ ക്ലാസ്, പ്രസംഗ പരിശീലനം, ജി.കെ. പരിശീലനം എന്നിവ നടത്തിവരുന്നു. വിദ്യാർത്ഥികളുടെ വീടുകൾ സന്ദർശിച്ചു. അധ്യാപകദിനം ആചരിച്ചു.

**XI. കെ. എൽ. പി. എസ്. മണിമൂളി**

സ്കൂൾതല കലാമേള സംഘടിപ്പിച്ചു.

**XII പ്രൊവിഡൻസ് എൽ. പി. സ്കൂൾ വെള്ളമുണ്ട**

വിദ്യാലയതല കായികമേള, കലാമേള എന്നിവ സംഘടി

പ്പിച്ചു. പി.ടി.എ. യും മാനേജുമെന്റും ചേർന്ന് അധ്യാപകരെ ആദരിച്ചു. പി.ടി.എ. യുടെ നേതൃത്വത്തിൽ ഓണസദ്യ തയ്യാറാക്കുകയും ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുകയും ചെയ്തു.

**XIII സെന്റ് ജോർജ് എൽ. പി. സ്കൂൾ അമ്പായത്തോട്**

സ്വാതന്ത്ര്യദിനം വിപുലമായി ആചരിച്ചു. സ്കൂൾതലമേളകൾ സംഘടിപ്പിച്ചു. വിരമിച്ച അധ്യാപകരെയും ഉൾപ്പെടുത്തിക്കൊണ്ട് അധ്യാപകദിനം ആചരിച്ചു.

**XIV സെന്റ് തോമസ് എൽ. പി. സ്കൂൾ നടവയൽ**

സ്കൂൾതല കലാമേള, ദീപിക കളറിംഗ് മത്സരം എന്നിവ സംഘടിപ്പിച്ചു. പി.ടി.എ. യുടെ നേതൃത്വത്തിൽ അധ്യാപകദിനാഘോഷം നടത്തി. നെൽകൃഷിയെ അറിയുകയെന്ന ലക്ഷ്യത്തോടെ വിദ്യാർത്ഥികൾ നെൽകൃഷി ആരംഭിച്ചു. നല്ലപാഠം പ്രവർത്തകരുടെ നേതൃത്വത്തിൽ സോപ്പ് പൊടി, ഹാൻഡ് വാഷ് എന്നിവ നിർമിച്ചു. ഓണാഘോഷം സംഘടിപ്പിച്ചു.

**യു പി വിഭാഗം**

**I സെന്റ് ആന്റണീസ് യു. പി. സ്കൂൾ കോട്ടത്തറ**

ഓഗസ്റ്റ് മാസം ദേശസ്നേഹം പ്രോജ്വലിപ്പിക്കുന്ന പ്രവർത്തനങ്ങളാൽ സമ്പൂർണമായി. വിവിധ മത്സരങ്ങൾ നടത്തി. SAT പരിശീലനം നൽകി. ദീപിക കളറിങ് മത്സരം നടത്തി.

**II സെന്റ് തോമസ് എ. യു. പി. സ്കൂൾ ഇടിവണ്ണ**

സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു. ഫുട്ബോൾ മാച്ച് സംഘടിപ്പിച്ചു. സ്കൂൾതല കായികമേള നടത്തി. അധ്യാപകദിനം സമുചിതമായി ആഘോഷിച്ചു. ലളിതമായ രീതിയിൽ ഓണാഘോഷം സംഘടിപ്പിച്ചു.

**III അസംപ്ഷൻ എ. യു. പി. സ്കൂൾ ബത്തേരി**

സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി വിവിധ മത്സരങ്ങൾ നടത്തി. സീഡ് ക്ലബ്ബിന്റെ നേതൃത്വത്തിൽ നെൽകൃഷിക്ക് ആരംഭമായി. അധ്യാപകദിനം പി.ടി.എ.യുടെ നേതൃത്വത്തിൽ ആചരിച്ചു.

**IV സെന്റ് തോമസ് എ. യു. പി. സ്കൂൾ മുള്ളൻകൊല്ലി**

സ്വാതന്ത്ര്യദിനം വിപുലമായി ആഘോഷിച്ചു. സ്കൂൾതല കായികമേള നടത്തപ്പെട്ടു. അധ്യാപകദിനം പി.ടി.എ. യുടെ

നേതൃത്വത്തിൽ മനോഹരമായി സംഘടിപ്പിച്ചു. മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയും കെ.സി.ബി.സി മദ്യ വിരുദ്ധ സമിതിയും സംയുക്തമായി നടത്തിയ ലഹരിവിരുദ്ധ വാരാചരണ മത്സരങ്ങളിൽ യു.പി വിഭാഗത്തിൽ മികച്ച വിദ്യാ ലയമായി തെരഞ്ഞെടുക്കപ്പെട്ടു. ഓണാഘോഷം സംഘടിപ്പിച്ചു.

**V അമ്പായത്തോട് യു. പി. സ്കൂൾ**

വിദ്യാലയതല മേളകൾ സംഘടിപ്പിച്ചു. സംസ്കൃത ദിനാ ചരണം നടത്തി. മാനേജുമെന്റും പി.ടി.എ യും ചേർന്ന് അധ്യാപ കദിനം സമുചിതമായി ആചരിച്ചു. ഓണാഘോഷം ലളിതമായി സംഘടിപ്പിച്ചു. നിർധന വിദ്യാർത്ഥികളുടെ കുടുംബങ്ങൾക്ക് ഓണക്കിറ്റ് നൽകി.

**VI സെന്റ് ആന്റണീസ് യു. പി. സ്കൂൾ പഴൂർ**

സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ചു. വൈൽഡ് ലൈഫ് സെമിനാർ സംഘടിപ്പിച്ചു. അധ്യാപകദിനത്തിൽ പി.ടി.എ അംഗങ്ങളുടെ നേതൃത്വത്തിൽ അധ്യാപകരെ ആദരിച്ചു. ഓണാ ഘോഷം വിപുലമായി നടത്തി. നല്ല പാഠം പ്രവർത്തനങ്ങളുടെ ഭാഗമായി ഓണക്കിറ്റ് വിതരണം ചെയ്തു.

**VII സെന്റ് ജോസഫ്സ് യു. പി. സ്കൂൾ കല്ലോടി**

പ്രീ പ്രൈമറി വിഭാഗം രക്ഷാകർത്തൃസംഗമം സംഘടിപ്പിച്ചു. ഹിരോഷിമ നാഗസാക്കി ദിനാചരണം നടത്തി. സ്കൂൾതല ശാസ്ത്രമേള നടത്തി. സ്വാതന്ത്ര്യദിനം വിപുലമായ പരിപാടി കളോടെ ആചരിച്ചു. സംസ്കൃത വാരാചരണം നടത്തി.

**VIII സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ പാടിച്ചിറ**

അധ്യാപകദിനം സമുചിതമായി ആചരിച്ചു. പി.ടി.എ യുടെ നേതൃത്വത്തിൽ അധ്യാപകരെ ആദരിച്ചു. ലഹരിവിരുദ്ധ പ്രവർ ത്തനങ്ങളുടെ ഭാഗമായി കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി നടത്തിയ കൊളാഷ് മത്സരത്തിൽ ഒന്നാം സ്ഥാനം കരസ്ഥ മാക്കി.

**IX എ. യു. പി. സ്കൂൾ ദ്വാരക**

സംസ്കൃതദിനം ആചരിച്ചു. ഉപജില്ലാതല ചെസ്സ് മത്സരം, കബഡിമത്സരം, ഷട്ടിൽ മത്സരം എന്നിവയിൽ വിജയം കരസ്ഥ മാക്കി. മാനന്തവാടി രൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻ

സിയും കെ.സി.ബി.സി മദ്യവിരുദ്ധസമിതിയും സംയുക്തമായി നടത്തിയ വിവിധ മത്സരങ്ങളിൽ വിജയം നേടി.

**X സെന്റ് സെബാസ്റ്റ്യൻസ് യു. പി. സ്കൂൾ കൊമ്മയാട്**

ഹിരോഷിമ നാഗസാക്കി ദിനാചരണത്തോടനുബന്ധിച്ചു യുദ്ധവിരുദ്ധറാലി സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനം വിപുലമായ പരിപാടികളോടെ ആചരിച്ചു. സ്വാതന്ത്ര്യസമരം എന്ന വിഷയത്തെ ആസ്പദമാക്കി ഫാമിലി മെഗാ ക്വിസ് നടത്തി. വിദ്യാലയതല ശാസ്ത്രമേള സംഘടിപ്പിച്ചു. പ്ലാറ്റിനം ജൂബിലിയുടെ ഭാഗമായി പൂർവ വിദ്യാർത്ഥിയെയും അധ്യാപികയെയും ആദരിച്ചു.

**XI സെന്റ് മേരീസ് യു. പി. സ്കൂൾ കബനിഗിരി**

സ്കൂൾതല കലാമേളയും കായികമേളയും സംഘടിപ്പിച്ചു. അധ്യാപകദിനം പി.ടി.എ യുടെ നേതൃത്വത്തിൽ ആചരിച്ചു. ഓണാഘോഷം ലളിതമായി നടത്തപ്പെട്ടു.

**XII സെന്റ് തോമസ് യു. പി. സ്കൂൾ തവിഞ്ഞാൽ**

ലഹരിവിരുദ്ധ സെമിനാർ സംഘടിപ്പിച്ചു. ഹിരോഷിമ നാഗസാക്കി ദിനവും സ്വാതന്ത്ര്യദിനവും ആചരിച്ചു. വിദ്യാലയതല മേളകൾ നടത്തി.

**XIII സെന്റ് ജോസഫ്സ് ടി.ടി.ഐ. മാനന്തവാടി**

സ്കൂൾതല മേളകൾ നടത്തപ്പെട്ടു. ജില്ലാതല ടി.ടി.ഐ കലാമേളയിൽ ഓവറോൾ കരസ്ഥമാക്കി. അധ്യാപകർക്കായി നടത്തിയ സംഘഗാനമത്സരത്തിൽ ഒന്നാം സ്ഥാനം നേടി.

**XIV സെന്റ് മേരീസ് യു. പി. സ്കൂൾ തരിയോട്**

ന്യൂട്രീഷൻ വാരാചരണത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി ഫുഡ് എക്സിബിഷൻ മത്സരം നടത്തി. പി.ടി.എ. യുടെയും വിദ്യാർത്ഥികളുടെയും നേതൃത്വത്തിൽ അധ്യാപകദിനം സമുചിതമായി ആചരിച്ചു. നല്ലപാഠം പ്രവർത്തനങ്ങളുടെ ഭാഗമായി പേപ്പർ ബാഗ് നിർമിച്ചു നൽകി. വിവിധ പരിപാടികളോടെ സംസ്കൃതദിനം ആചരിച്ചു.

**ഹൈസ്കൂൾ വിഭാഗം**

**I സെന്റ് തോമസ് ഹൈസ്കൂൾ നടവയൽ**

സ്വാതന്ത്ര്യദിനാഘോഷം വിപുലമായി നടത്തി. സ്കൂൾതല കലാമേള നടത്തി. വിവിധയിനങ്ങളിൽ നടന്ന ഉപജില്ലാ മത്സരങ്ങളിൽ വിദ്യാർത്ഥികൾ നേട്ടങ്ങൾ കൈവരിച്ചു. കോർപ്പ

റേറ്റ് ഏജൻസിയും കെ.സി.ബി.സിയും ചേർന്ന് നടത്തിയ ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ മികവാർന്ന വിജയം കരസ്ഥമാക്കി.

**II സെന്റ് കാതറൈൻസ് ഹൈസ്കൂൾ പയ്യമ്പള്ളി**

സ്വാതന്ത്ര്യദിനം ആഘോഷപൂർവം കൊാടി. SPC, NCC, JRC എന്നിവയുടെ സ്വാതന്ത്ര്യദിന പരേഡ് നടത്തി. വിദ്യാലയതല മേളകൾ നടത്തപ്പെട്ടു. അധ്യാപകദിനം സമുചിതമായി ആചരിച്ചു. ഓണാഘോഷപരിപാടികൾ സംഘടിപ്പിച്ചു.

**III ഐ. ജെ. എം. ഹൈസ്കൂൾ കൊട്ടിയൂർ**

സ്കൂൾതല ശാസ്ത്രോത്സവം നടത്തി. ഇരിട്ടി ഉപജില്ലാതല കരാട്ടെ മത്സരത്തിൽ വിജയം നേടി. ഗ്രാമപഞ്ചായത്ത് നൽകുന്ന കുട്ടിക്കർഷക അവാർഡ് എട്ടാം ക്ലാസ് വിദ്യാർത്ഥി കരസ്ഥമാക്കി. സഞ്ചയികപദ്ധതി ആരംഭിച്ചു. സ്വാതന്ത്ര്യദിനം ആഘോഷപൂർവം നടത്തപ്പെട്ടു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ്, സ്കൂൾതല കലോത്സവം എന്നിവ സംഘടിപ്പിച്ചു.

**IV സെന്റ് ജോസഫ്സ് ഹൈസ്കൂൾ അടയ്ക്കാത്തോട്**

സ്വാതന്ത്ര്യദിനാഘോഷം നടത്തി. കൈത്താങ്ങ് പഠന പദ്ധതി ആരംഭിച്ചു. വിദ്യാർത്ഥികൾക്കായി തലശ്ശേരി ജില്ലാ കോടതി, മലയാള മനോരമ പ്രസ്സ് എന്നിവിടങ്ങളിലേക്ക് പഠനയാത്രകൾ നടത്തി. 'സഹപാഠിക്ക് ഒരു സ്നേഹവീട്' താക്കോൽദാനം നിർവഹിച്ചു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ഹൈസ്കൂൾ വിഭാഗത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു. അധ്യാപകദിനം ആഘോഷിച്ചു.

**V ജി.കെ.എം ഹൈസ്കൂൾ കണിയാരം**

സ്കൂൾതല മേളകൾ സംഘടിപ്പിച്ചു. സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു. ഉപജില്ലാ ജില്ലാ തലങ്ങളിൽ ജൂഡോ ചാമ്പ്യൻഷിപ്പിൽ വിദ്യാർത്ഥികൾ മികവ് തെളിയിച്ചു.

**VI അസംപ്ഷൻ ഹൈസ്കൂൾ ബത്തേരി**

ഹിരോഷിമ നാഗസാക്കി ദിനത്തോടനുബന്ധിച്ചു വിവിധ പ്രവർത്തനങ്ങൾ നടത്തി. അഗതിമന്ദിരത്തിൽ പൊതിച്ചോറ് വിതരണം ചെയ്യുന്ന പാഥേയം പദ്ധതിക്ക് തുടക്കമായി. കലാകായിക മേളകൾ നടത്തപ്പെട്ടു. സ്വാതന്ത്ര്യദിനം വളരെ പ്രാധാന്യത്തോടെ ആചരിച്ചു. സ്കൗട്ട് ഗൈഡ് വിദ്യാർത്ഥികൾ സർവ്വമത പ്രാർത്ഥന നടത്തി. ലിറ്റിൽ കൈറ്റ്സ് പ്രീലിമിനറി ക്യാമ്പ് നടത്തി. കർഷകദിനം ആചരിച്ചു.

**VII സി. കെ. എച്ച്. എസ്. മണിമൂളി**

അധ്യാപകദിനത്തിൽ മാനേജുമെന്റും പി.ടി.എ യും ചേർന്ന് അധ്യാപകരെ ആദരിച്ചു. Long term scout leader winner പദവി ലഭിച്ച അധ്യാപകനെ ആദരിച്ചു.

**VIII സെന്റ് ജോസഫ്സ് ഹൈസ്കൂൾ കല്ലോടി**

വിദ്യാർത്ഥികൾക്കായി ഉച്ചഭക്ഷണം തയ്യാറാക്കി നൽകിയിരുന്ന പാചകത്തൊഴിലാളിക്ക് യാത്രയയപ്പ് നൽകി. ശാസ്ത്ര സെമിനാർ നടത്തി. സ്കൂൾതല മേളകൾ നടത്തപ്പെട്ടു. ദീപിക കളർ ഇന്ത്യ മത്സരം നടത്തി.

**ഹയർസെക്കണ്ടറി വിഭാഗം**

**I സെന്റ് ജോസഫ്സ് ഹയർസെക്കണ്ടറി സ്കൂൾ കല്ലോടി**

സ്കൂൾതല കലാമേള നടത്തി. സ്കൂളിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. ലഹരിവിരുദ്ധ ക്ലാസ് സംഘടിപ്പിച്ചു. ഉപജില്ലാ വോളിബോൾ ടീമിലേക്ക് മൂന്ന് വിദ്യാർത്ഥികൾ തെരഞ്ഞെടുക്കപ്പെട്ടു.

**II സെന്റ് കാതറൈൻസ് ഹയർസെക്കണ്ടറി സ്കൂൾ പയ്യമ്പള്ളി**

സ്വാതന്ത്ര്യദിനം വിപുലമായി ആചരിച്ചു. NSS, NCC, സ്കൗട്ട്, ഗൈഡ് വിദ്യാർത്ഥികൾ നേതൃത്വം നൽകി.

**III ഐ. ഒ.ജ എം. ഹയർസെക്കണ്ടറി സ്കൂൾ  കൊട്ടിയൂർ**

സ്വാതന്ത്ര്യദിനം സമുചിതമായി ആചരിച്ചു. സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് നടത്തി. ഉപജില്ലാ ഫുട്ബോൾ ചാമ്പ്യൻഷിപ്പിൽ മൂന്നാം സ്ഥാനം നേടി. വിദ്യാലയത്തിന്റെ സിൽവർ ജൂബിലി ആഘോഷങ്ങൾക്ക് തുടക്കമായി. സ്കൂൾതല കലോത്സവം നടത്തി. NSS പ്രവർത്തകർ ബ്ലഡ് ഡൊണേഷൻ ക്യാമ്പ് സംഘടിപ്പിച്ചു. അധ്യാപകദിനം സമുചിതമായി ആചരിച്ചു.

ഓരോ വിദ്യാലയത്തിന്റെയും അക്കാദമികേതര പ്രവർത്തനങ്ങളിൽ മികവ് തെളിയിക്കാനുള്ള ദിനങ്ങളാണിനി. ഉപജില്ലാ ജില്ലാതല മേളകളിലേക്കായി ആവശ്യമായ പരിശീലനങ്ങൾ നേടി മികച്ച വിജയം കൈവരിക്കാൻ വിദ്യാർത്ഥികൾക്ക് സാധിക്കട്ടെ.

**ഫാ. സിജോ ഇളംകുന്നപ്പുഴ**
കോർപ്പറേറ്റ് മാനേജർ

## ഫെഡാർ ഫൗണ്ടേഷൻ

**ജർമൻ പ്രോഗ്രാം**

ഫെഡാർ ലാംഗ്വേജ് സ്കൂളുകളിൽ പഠിച്ച 7 കുട്ടികൾ കഴിഞ്ഞ മാസം B2 പരീക്ഷ പാസായി. വിവിധ വിസകളിലായി ആറോളം കുട്ടികൾ ജർമനിയിൽ എത്തിച്ചേർന്നു. നഴ്സുമാർക്കായുള്ള പ്രത്യേക ബാച്ച് നവംബർ മാസത്തിൽ ആരംഭിക്കും.

പുതിയ ബാച്ചുകൾക്കുള്ള ഓറിയന്റേഷൻ പ്രോഗ്രാം നടത്തപ്പെട്ടു. കുട്ടികളുടെ ആത്മവിശ്വാസം വർധിപ്പിക്കാൻ മന: ശാസ്ത്ര അധിഷ്ഠിത പരിശീലനം MSMI സിസ്റ്റേഴ്സിന്റെ നേതൃത്വത്തിൽ ക്യാമ്പസുകളിൽ നടത്തപ്പെട്ടു.

**ഫെഡാർ കണക്ട്**

ഓഗസ്റ്റ് 18 മുതൽ 31 വരെ ബാംഗ്ലൂരിൽ നഴ്സിംഗ് പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കായുള്ള MedPro മൂന്നാമത്തെ ബാച്ചിന്റെ പരിശീലനം കാട്ടിക്കുളം ജയമാത ആശ്രമത്തിൽ വച്ച് നടന്നു. 23 കുട്ടികൾ പങ്കെടുത്തു.

**ഫാ. അരുൺ മാത്തിപറമ്പിൽ**
ജി.എം, ഫെഡാർ ഫൗണ്ടേഷൻ

# *Bishop's Programme*



***October 2024***

*01 Tue – 06 Sun: ……. Engaged*

*07 Monday: ……….... Neikuppa: Blessing of Convent*

*09 Wednesday: ……... Kottiyoor: Ordination: Deacon Binix Mathew Kadappur I C (Rosminian)*

*10 Thursday:………… Louise Mount Hospital, Chennalode: Nexus 2024: Mental Health Day*

*12 Saturday:…….…… Dwaraka: Pastoral Council*

*14 Monday:……......... Bishop's House: Consultors and Finance Council*

*17 Thursday:……....... Kallody : FCC Vestition*

*20 Sunday …….......... Mahe Basilica: Holy Mass*

*21 Monday……....…… Becki: Blessing of FCC convent*

*30 Wednesday……...... Chithragiri: Ordination of Deacon Ebin Thaddeus Mankuzhiyil OFM Cap.*

*31 Thursday ............. Kallumukku: Ordination: Deacon Justin Vattakunnel OFM Cap.*

***November 2024***

*03 Sunday: ……......... Minor Seminary: Benefactors' Day*

*05 Tue – 07 Thu:......... Pathanapuram*

*10 Sunday: ……....…… Kannur: Episcopal Ordination of Rt. Rev. Dennis Kuruppassery*

*13 Wednesday.........…. Bishop's House: Deacons' Parents Meet*

*15 Fri- 30 Sat:............ Abroad*

# *Auxiliary Bishop's Programme*



***October 2024***

*02 Wednesday: Morning:.. Panamaram: Padre Pio Ashram: Festal Mass*

*Afternoon:.. Vellarikundu: Mission Rally*

*03 Thursday:...................... Engaged*

*06 Sunday:......................... Meenangadi: Holy Mass*

*09 Wednesday: Morning:. Engaged*

*Evening:... Reception to Jubilarians*

*12 Saturday:..................... Pastoral Council*

*13 Sunday:......................... Thenery: Pastoral Visit*

*14: Monday:...................... Consultor's and Finance Council Meeting*

*20 Sunday: ....................... Venniyoor: Festal Mass*

*21 Monday:....................... Silver Jubilee: I J M H S Kottiyoor*

*21 Mon- 30 Wed:.............. Engaged*

*31 Thursday: .................... Changanassery: Installation of Archbishop elect Mar Tomas Tharayil*

***November 2024***

*01 Friday:.......................... Engaged*

*02 Saturday:...................... Pathenpara*

*03 Sunday:........................ Kothamangalam: Holy Mass*

*06 Wed- 07 Thur:.............. Kakkanad: KST*

*10 Sunday: ....................... Kannur: Episcopal Ordination*

*14 Thursday:..................... Kayyunni: School Anniversary*

*14 Thur-18 Mon:............. FCC: Retreat*

*21 Thursday:..................... Kalpetta: Pio Bhavan*

*24 Sunday:........................ Dharmagiri: Pastoral Visit*

*27 Wednesday:.................. MMC: Home Day*